KOTTAYAM PUBLIC LIBRARY

Call No. 300 Acc. No. 33523

Author ആമൻ. സി. ബി

Title സാമൂഹ്യചിന്തകൾ

1046

# സാമൂഹ്യചിന്തകൾ

(Malayalam)

Saamuhiyachinthakal

Social Science

By DR. C. B. KUMAR

5 Av. Ernest Hentsch, Geneva

First Published January 1968

Copies 1000

Printed at

INDIA PRESS, KOTTAYAM

Price Rs. 2.00

Copyright

C. B. Kumar

Published by the Author

Distributors:

NATIONAL BOOK STALL

Kottayam Kerala State India

# സാമൂഹ്യചിന്തകൾ

(സാമൂഹ്യശാസ്ത്രം)

33523

ഡോക്ടർ സി. ബി. കുമാർ

KOTTAYAM PUBLIC LIBRARY
KOTTAYAM

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

## സി. ബി. കുമാറിൻെറ കൃതികൾ

സാമൂഹ്യചിന്തകൾ N300.

ആന്ദോളനങ്ങൾ

മെക്സിക്കൻനാടുകളിൽ

മൂന്നു നാടകങ്ങൾ

ചിതറിയ ചിത്രങ്ങൾ

മങ്ങിയ ചിത്രങ്ങൾ

സായാഹ്നങ്ങൾ

ലണ്ടൻകത്തുകൾ

S858 D51/67-68 1-1000 OT 122

# മുഖവുര

സാമൂഹ്യവിഷയങ്ങളെക്കുറിച്ച് കഴിഞ്ഞ കുറേ കാലങ്ങളിൽ ഇടയ്ക്കിടയ്ക്ക് എഴുതിയ ഏതാനും ചില ഉപന്യാസങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. ഇന്നത്തെ സാമൂഹ്യജീവിതത്തിൽ ഓരോ വ്യക്തിയേയും സ്പർശിക്കുന്ന ചില സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ചുള്ള ലഘുപ്രബന്ധങ്ങളായിട്ടാണ് ഇവയെ ഉദ്ദേശിച്ചിട്ടുള്ളത്; അതുകൊണ്ട് ഓരോ പ്രശ്നങ്ങളുടെ എല്ലാവശങ്ങളും വിസ്തരിച്ചു പരിശോധിക്കുന്നതിനു തുനിഞ്ഞിട്ടില്ല. അനുവാചകൎക്കു പ്രയാസംകൂടാതെ മനസ്സിലാക്കാൻതക്കവണ്ണം, കഴിയുന്നതും ലളിതമായ രീതിയിൽ, ഇന്നു സാമൂഹ്യകാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നവരുടെ, അതായത് എല്ലാ പൗരന്മാരുടേയും ശ്രദ്ധ അർഹിക്കേണ്ട ചില ചിന്താഗതികളെ ചുരുക്കത്തിൽ പരാമർശിക്കുവാനാണ് ഈ ഉപന്യാസങ്ങളിൽ യത്നിച്ചിട്ടുള്ളത്.

ഒരു പുരോഗമനസാമുദായികനയത്തിൻെറ പ്രധാനവശം ആദ്യത്തെ ഉപന്യാസത്തിലും, സംസ്കാരം, സാഹിത്യവും സമുദായവും, പ്രജാധിപത്യസമ്പ്രദായത്തിൻെറ പ്രശ്നങ്ങൾ, സാമ്പത്തികവ്യവസ്ഥിതി, സാമൂഹ്യജീവിതത്തെ ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ എത്രകണ്ടു മാററുന്നു, സമത്വം സ്വാതന്ത്ര്യം എന്നിവയുടെ അർത്ഥവും വ്യാപ്തിയും ഇങ്ങനെയുള്ള വിഷയങ്ങളെസംബന്ധിച്ചുള്ള ചില മൗലികതത്വങ്ങൾ അടുത്ത അഞ്ചു് ഉപന്യാസങ്ങളിലും പരിശോധിച്ചിട്ടുണ്ട്. പിന്നീടു കൊടുത്തിട്ടുള്ള ആറേഴ് ഉപന്യാസങ്ങളിൽ ഇവയിൽ ചില വിഷയങ്ങളെക്കുറിച്ചും മററും കുറേക്കൂടി വിചിന്തനംചെയ്തിരിക്കുകയാണ്.

ഈ ഉപന്യാസങ്ങൾ പല കാലഘട്ടങ്ങളിൽ എഴുതിയവയായതുകൊണ്ട് സമീപനരീതിയിലും,

ആവിഷ്കരണശൈലിയിലും, ഇവയിൽ അല്പസ്വല്പ വ്യത്യാസങ്ങൾ കണ്ടേക്കാം. പക്ഷേ, ഇവയിലാകെ പ്രദർശിപ്പിച്ചിരിക്കുന്ന മനോഭാവത്തിനും, അഭിപ്രായത്തിനും ഏതാണ്ട് ഒരു ഐക്യതയുണ്ട്. ഇതു്, ചുരുക്കത്തിൽ, സാമൂഹ്യപരമായ പ്രശ്നങ്ങളെയും സാമുദായികഘടനയേയും, പരിതസ്ഥിതികളേയും ആശ്രയിച്ചിരിക്കുന്നെന്നും, ഈ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള അറിവും, വിവേചനാശക്തിയും വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും, അതിൻെറ ഫലമായി മനുഷ്യസ്വഭാവവും, സാമുദായികസ്ഥാപനങ്ങളും ഉത്തരോത്തരം നന്നാക്കാനും, ആ വഴിക്കു വ്യക്തികൾക്കും, സമുദായത്തിനു പൊതുവെയും, പുരോഗമിക്കാനും കഴിയുമെന്നാണു്. ഇതോടുകൂടി സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചു് ശാസ്ത്രീയവിചിന്തനം ചെയ്യേണ്ട ആവശ്യകതയും ഞാൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. സാമുദായികശാസ്ത്രങ്ങളുടെ പഠിപ്പിലും പുരോഗമനത്തിലും, മററു ശാസ്ത്രങ്ങളെ സംബന്ധിച്ചുള്ളത്ര പ്രതിപത്തി ഇന്നു കാണുന്നില്ല. 'ഇൻജിനീയറിംഗ്', 'മെഡിസിൻ', രസതന്ത്രം മുതലായ ശാസ്ത്രവിഷയങ്ങൾക്കാണ് ഇന്നു സർവ്വകലാശാലകളും മററും പ്രാധാന്യം കൊടുത്തു കാണുന്നതു്. ഈ വിഷയങ്ങൾക്കു പ്രാധാന്യം വേണമെന്നുള്ളതു ശരിതന്നെ. പക്ഷേ, ഇതു് രാഷ്ട്രീയമീമാംസ, മനഃശാസ്ത്രം, ധനശാസ്ത്രം മുതലായ സാമുദായികശാസ്ത്രങ്ങളെ പിന്നിലേക്കാക്കിക്കൊണ്ടുവേണമെന്നില്ലല്ലോ. ഭൗതികശാസ്ത്രങ്ങളോടൊപ്പംതന്നെ സാമുദായികശാസ്ത്രങ്ങളുടെ പഠനത്തിലും പൂർവ്വാധികം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

വേണ്ടപ്പെട്ട മാററങ്ങൾ, മററു മേഖലകളിലെന്നപോലെ സാമൂഹ്യമേഖലയിലും, സ്വാഗതം അർഹിക്കേണ്ടതാണ്. ഈ കാര്യത്തിൽ ലാൽ ബഹദൂർ ശാസ്ത്രി 1964 നവംബർ 14-ാംതീയതി ചെയ്ത പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു: ''പരീക്ഷണങ്ങൾ ചെയ്യാനും, അഥവാ കാര്യങ്ങൾ പരീക്ഷിച്ചുനോ

ക്കാനും, സത്യവും വാസ്തവസ്ഥിതികളും നമുക്കു തന്നെ ത്താൻ കണ്ടുപിടിക്കാനും ഉള്ള നമ്മുടെ കെല്പ് നമുക്കു നശിച്ചുപോകാതിരിക്കട്ടെ. സത്യം നമുക്കു പാരമ്പ ര്യാവകാശമായി കിട്ടുന്ന ഒന്നല്ല. അതു ഭരണാധി കാരികൾ ആജ്ഞാപിച്ചുതരുന്ന ഒന്നല്ലതാനും. അതേ സമയത്തു് ശാസ്ത്രത്തിനും, യുക്തിക്കും, ഒരുതരം നിർദ്ദ യമായ കാര്യക്ഷമതയെ സൃഷ്ടിക്കാൻ കഴിയുമെന്നും നമ്മൾ ഓർമ്മിക്കുക. അതുകൊണ്ടു് ഒരു ശാസ്ത്രജ്ഞന്റെ മനസ്സു മാത്രം പോരാ, ഒരു പരോപകാരിയുടെ ഹൃദ യവും നമുക്കു് ആവശ്യമാണു്.'' സമുദായത്തിൽ വേണ്ടുന്ന മാററങ്ങൾ വരുത്താനുള്ള ഉത്തരവാദിത്വം അതിലെ ഓരോ വ്യക്തികൾക്കും ഉണ്ടു്. സാമൂഹ്യ യന്ത്രത്തിലെ നിസ്സഹായമായ ഒരു ഭാഗമാണെന്നു വിചാരിക്കുന്നതിനു പകരം, അവനവൻെറ വ്യക്തി ത്വം വികസിപ്പിക്കുകയും, മററുള്ളവരുമായി സഹക രിക്കുകയും, തന്നിലുള്ള കഴിവുകളെ ഉപയോഗിക്കു കയും ആണു് ഈ കാര്യത്തിൽ വേണ്ടതു്. സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ചു ഗാഢമായി ചിന്തിക്കുകയും, ഭിന്നാഭിപ്രായങ്ങൾ സ്വതന്ത്രമായ വാദപ്രതിവാദ ങ്ങൾക്കു വിധേയമാക്കുകയും ചെയ്യുകയാണെങ്കിലേ സാമുദായികപുരോഗമനത്തിന്റെ വഴികൾ തെളിഞ്ഞു കാണൂ. ഈ വിശ്വാസമാണു് ഈ പുസ്തകത്തിലെ ഉപന്യാസങ്ങളിൽ പ്രതിഫലിപ്പിച്ചുകാണിക്കാൻ ശ്രമിച്ചിട്ടുള്ളതു്.

—സി. ബി. കുമാർ

സാമൂഹ്യസേവനത്തിൽ ഒരു മാർഗ്ഗദർശിയായ

പ്രിയസ്നേഹിതൻ

കൊക്കാട്ടു പുത്തൻവീട്ടിൽ

ശ്രീ ജി. കുമാരപിള്ളയ്ക്കു്

# ഉള്ളടക്കം


മുഖവുര

1 സാമുദായികനയത്തിന്റെ ചില വശങ്ങൾ 13

2 ബഹുജനപരിഷ്കാരവും
ന്യൂനപക്ഷസംസ്കാരവും 24

3 ജനാധിപത്യത്തിൻെറ പ്രശ്നങ്ങൾ 37

4 മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക
വ്യവസ്ഥിതി 44

5 ശാസ്ത്രപുരോഗതിയും സമുദായവും 63

6 മൂന്നാംവഴി 69

7 പ്രജായത്തസമ്പ്രദായത്തിന്റെ ഭാവി 80

8 സാമ്പത്തികനയത്തിന്റെ ചില വശങ്ങൾ 86

9 വ്യാവസായികബന്ധങ്ങൾ 94

10 ഇന്നത്തെ സ്വാതന്ത്ര്യം 105

11 ഐക്യരാജ്യസംഘടന 121

12 'ആയുരാരോഗ്യസൗഖ്യം' 132

# സാമുദായികനയത്തിൻെറ ചില വശങ്ങൾ

സാമുദായികനയം രൂപീകരിക്കുന്നതിലും, അതു പ്രായോഗികമായി പ്രവർത്തിച്ചുകൊണ്ടുവരുന്നതിലും, ഭരണാധികാരികൾക്കുള്ള പങ്കു കൂടിക്കൂടി കാണുന്നതു് ഇപ്പോൾ സർവ്വസാധാരണമാണു്. ഒരുവിധം നോക്കുകയാണെങ്കിൽ ഇതു വ്യക്തിക്കും സമുദായത്തിനും തമ്മിലുള്ള ബന്ധത്തിൻെറ മാറിവരുന്ന മാററത്തിൻെറ ഒരു പ്രതിബിംബം മാത്രമാണു്. മൗലികമായി സാമുദായികപുരോഗമനത്തിൻെറ ഓരോ ദശയ്ക്കും ഉതകുന്ന ഓരോതരം സാമ്പത്തികസമ്പ്രദായവും സാമുദായികഘടനയുമുണ്ടു്. ആ ദശ കടന്നുകഴിയുമ്പോൾ, ആ പ്രത്യേകസമ്പ്രദായത്തിൻേറയും, ഘടനയുടേയും ഉപയോഗവും തീർന്നുപോലെ തോന്നുന്നു; അതിനപ്പുറം അവയെ നിലനിർത്താൻ ശ്രമിക്കുന്നതുതന്നെ പുരോഗമനത്തിനു വിഘാതമായി വന്നേക്കും. ഇങ്ങനെ സാമുദായികപരിവർത്തനത്തെ പരിശോധിക്കുമ്പോൾ, സാമുദായികസ്ഥാപനങ്ങളും ബന്ധങ്ങളും അടിക്കടി മാറിക്കൊണ്ടിരിക്കുന്നതിൽ അത്ഭുതം തോന്നുകയില്ല. പക്ഷേ, ഈ മാററങ്ങൾ ഏതുവിധം ആവിർഭവിക്കുന്നുവെന്നും പ്രത്യേകിച്ചു്, സാമുദായികചിന്തകന്മാരുടെ ആശയങ്ങൾ ഏതെല്ലാം പ്രേരണകളുടെ ഫലമായി ഉത്ഭവിക്കുന്നു, എപ്രകാരമെല്ലാം സാമുദായികനയ

ത്തേയും സാമുദായികഘടനയേയും മാററുന്നുവെന്നുംമററു മുള്ള ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വങ്ങളെ ആരായു ന്നതു് രസാവഹമായ പല വാസ്തവങ്ങളിലേക്കും വഴി കാണിക്കുന്നു.

സാമുദായികനയത്തെപ്പററി പ്രധാനമായി രണ്ടു വിപരീത അഭിപ്രായങ്ങൾ കാണുന്നു. അവ രണ്ടും സമു ദായത്തെക്കുറിച്ചുള്ള രണ്ടു വിഭിന്നമായ അഭിപ്രായത്തെ ആശ്രയിച്ചിരിക്കുന്നു. സമുദായസംബന്ധമായ കോട്ട ങ്ങൾ, മനുഷ്യസഹജമായ സ്വഭാവത്തിൽനിന്നു് ഉത്ഭ വിക്കുന്നു എന്നു് ഒരു കൂട്ടരും, അതല്ല, സമുദായഘടനയു ടെ വൈകല്യങ്ങൾകൊണ്ടാണെന്നു വേറൊരു കൂട്ടരും വാദിക്കുന്നു. മനുഷ്യസഹജമായ സ്വഭാവമാണു് സാമുദാ യികദൂഷ്യങ്ങൾക്കു കാരണമെങ്കിൽ, സാമുദായികനയം കൊണ്ടു ചെയ്യാവുന്ന പരിഹാരങ്ങൾ പരിമിതങ്ങളാ ണു്. നേരെ മറിച്ചു്, സാമുദായികഘടനയുടെ ദൂഷ്യങ്ങ ളും, സാമുദായികപരിതഃസ്ഥിതികൾമൂലം ഉണ്ടാവുന്നതാ ണെങ്കിൽ, അവയുടെ അനാശാസ്യമായ ഭവിഷ്യത്തുക ളും, സാമുദായികനയംകൊണ്ടു മാറ്റാവുന്നതാണു്. അങ്ങ നെ 'മനുഷ്യസ്വഭാവ'ത്തെ ആസ്പദമാക്കി സമുദായസംഭ വങ്ങളെ വീക്ഷിക്കുന്നവർ, സാമുദായികനയത്തെ സംബ ന്ധിച്ചേടത്തോളം യാഥാസ്ഥിതികന്മാരും, പരിതഃസ്ഥി തികൾക്കു പ്രാധാന്യം നല്കുന്നവർ ഉല്പതിഷ്ണുക്കളുമായി ത്തീരുന്നു. പൊതുവിൽ പറയുകയാണെങ്കിൽ, പരിതഃ സ്ഥിതികൾക്കു പ്രാധാന്യം നല്കുന്നവർ—ഉല്പതിഷ്ണു ക്കൾ—കാലക്രമത്തിൽ രാജ്യത്തിലുള്ള ഈ അഭിപ്രായ വ്യത്യാസത്തിൽ വിജയികളായിത്തീൎന്നു. കഴിഞ്ഞ ഒരു ശതാബ്ദമായി, സാമുദായികനയത്തിൽ കണ്ടുവരുന്ന പു രോഗമനലക്ഷണത്തിൻെറ ഒരു കാരണം ഈ ഉല്പതിഷ്ണു

മനോഭാവമാണെന്നുള്ളതിന്നു സംശയമില്ല. വേറൊരു കാരണം, കുറേക്കൂടി ഭൗതികമായ ഒരു മേഖലയിലാണു്. ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ധനാഗമമാൎഗ്ഗങ്ങളെ പുഷ്ടിപ്പെടുത്തുകയും, ഈ സാമ്പത്തികാഭിവൃദ്ധി, പരക്കെ പറയുകയാണെങ്കിൽ, സാമുദായികമഹാമനസ്കതയ്ക്കു കാരണമായിത്തീരുകയും ചെയ്തിട്ടുണ്ടു്.

പക്ഷേ, സാമുദായികതത്വങ്ങൾ, പ്രത്യക്ഷമായും പരോക്ഷമായും, ഒരു വിപുലമായ സാമുദായികനയത്തിനു് ഏതാണ്ടു തുടർച്ചയായിത്തന്നെ പ്രേരകമായിവന്നിട്ടുണ്ടു്. സാമുദായികശാസ്ത്രത്തിൻെറ ഉത്ഭവംതന്നെ സമുദായത്തിനെ നന്നാക്കാനുള്ള ആഗ്രഹത്തിൽനിന്നായിരുന്നു; സമുദായഘടനയുടെ പ്രവൎത്തനത്തെപ്പറ്റി അറിയാനുള്ള വെറും ജിജ്ഞാസകൊണ്ടു മാത്രമല്ലായിരുന്നു. ഈ ഉത്ഭവവുമായി ബന്ധപ്പെട്ടിരിക്കുന്ന 'ഉല്പതിഷ്ണുദൃഷ്ടി' പില്ക്കാലത്തു കണ്ടുപിടിച്ച സാമുദായികശാസ്ത്രതത്വങ്ങൾ ഏറെക്കുറെ വികസിപ്പിച്ചുകൊണ്ടുതന്നെവന്നു. മനുഷ്യനെ മൃഗസമൂഹത്തിലെ ഒരു വ്യക്തിയെന്നു കണക്കാക്കുന്ന സിദ്ധാന്തം മാത്രമേ ഒരുപക്ഷേ, യാഥാസ്ഥിതികമനോഭാവത്തിന്നു സഹായമായിത്തീൎന്നിട്ടുള്ളു.

പുരോഗമനസാമുദായികനയത്തിന്നു സഹായമായിതീൎന്നിട്ടുള്ള സാമുദായികശാസ്ത്രതത്വങ്ങളിൽ പ്രധാനമായി പറയേണ്ടതു് മനുഷ്യർ തമ്മിൽ മൗലികമായി സമന്മാരാണെന്നുള്ള കണ്ടുപിടുത്തമാണു്. നാല്പതമ്പതുകൊല്ലങ്ങൾക്കു മുമ്പു സാമുദായികസംഘങ്ങൾ തമ്മിൽ ബുദ്ധിസംബന്ധമായി സാരമായ വ്യത്യാസങ്ങൾ ഉണ്ടെന്നു മനഃശാസ്ത്രജ്ഞന്മാർ വിചാരിച്ചിരുന്നു. പക്ഷേ, അതിൽപ്പിന്നീടു്, ബുദ്ധിസാമൎത്ഥ്യത്തെ അളക്കാനുള്ള മാൎഗ്ഗങ്ങൾ ക്രമേണ വൎദ്ധിച്ചുവന്നതോടുകൂടി ആന്തരമായി

യാതൊരു വ്യത്യാസവും, വിഭിന്നസംഘങ്ങൾ—സ്ത്രീകൾ, പുരുഷന്മാർ, പാവങ്ങൾ, പണക്കാർ, വെള്ളക്കാർ, നീഗ്രോജാതിക്കാർ—തമ്മിൽ കാണാൻ കഴിഞ്ഞിട്ടില്ല. സമത്വം ശാസ്ത്രീയമായി ഇങ്ങനെ തെളിഞ്ഞുവന്നപ്പോൾ, തത്വചിന്തകന്മാർ അനേകകാലമായി വാദിച്ചുവന്ന സമത്വസിദ്ധാന്തങ്ങൾക്കു്, അല്പം ഒരു കവിഞ്ഞ പ്രാബല്യം കിട്ടി. ഇന്നു്, പ്രജായത്തപരമായ ഭരണസമ്പ്രദായത്തിൻെറ വിജയത്തിലും, സാമ്പത്തികവിഭജനനയത്തിലും, കരങ്ങൾ ചുമത്തുന്ന രീതിയിലും, പാവപ്പെട്ട രാജ്യങ്ങളെ വലിയ ശക്തികൾ സാമ്പത്തികമായി സഹായിക്കേണ്ടതാണെന്നുള്ള ധാർമ്മികമായ അംഗീകരണത്തിലും മററും മററും ഈ പ്രബലതയുടെ ലക്ഷണങ്ങൾ ധാരാളമായി കാണാം.

കുറേക്കൂടി സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ ചില പ്രത്യേക സിദ്ധാന്തങ്ങളും, ആശയങ്ങളും, സാമുദായികനയങ്ങളെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. മാർക്സിൻെറ സിദ്ധാന്തങ്ങളും, അതു പുറപ്പെട്ടുവിച്ചുകഴിഞ്ഞു് ഏതാണ്ടു് ഒരു ശതാബ്ദമായി നടക്കുന്ന വാദകോലാഹലവും സാമുദായികനയത്തിന്റെ വിഭിന്നവശങ്ങളെ എത്ര അഗാധമായി മാററിയിട്ടുണ്ടെന്നു പരക്കെ ബോദ്ധ്യമാണു്. സാമുദായികവർഗ്ഗവിധാനത്തെ സംബന്ധിച്ചു നമ്മുടെ മനോഭാവം, സാമ്പത്തികവികാസത്തിന്റെ രൂപം, തൊഴിലാളി-മുതലാളിബന്ധം, വ്യവസായസംഘടന, വ്യാവസായികപുരോഗമനം എന്നു തുടങ്ങി സാമുദായികഗാർഹസ്ഥ്യബന്ധങ്ങളും, സാഹിത്യസല്ലാപശൈലികളും വരെ ഈ കോലാഹലത്തിൻെറ അലകൾ എന്തെങ്കിലുമൊരു തരത്തിൽ തട്ടിത്തകർത്തിട്ടുണ്ടു്. അത്രതന്നെ ബഹളം കൂടാതെ, കുറേക്കൂടി മന്ദവും സമാ

ധാനവും ആയ നിലയിൽ 'ഗാന്ധിസം' ഇന്ത്യൻ സാമുദായികചിന്തയെ മാററിമറിച്ചതും ഇന്നു വ്യക്തമായിക്കാണാം. കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദങ്ങളായി പ്രചാരത്തിൽ വന്ന ചില ധനശാസ്ത്രതത്വങ്ങൾ—പ്രത്യേകിച്ച് പ്രസിദ്ധ ധനശാസ്ത്രജ്ഞനായ കെയിൻസിൻെറ ആശയങ്ങൾ—സാമുദായികനയത്തെയും, ധനശാസ്ത്രസിദ്ധാന്തങ്ങളെയും, ഒരുപോലെ മാററിയിട്ടുള്ളത് അത്രതന്നെ പരക്കെ ബോദ്ധ്യപ്പെട്ടിട്ടില്ല. സാമ്പത്തികാധഃപതനകാലത്തു വ്യാവസായികമന്ദതയെ പരിഹരിക്കാൻ പൊതുമരാമത്തുകൾവഴി സാമ്പത്തികപ്രവൃത്തികൾക്ക് ഉത്തേജനം കൊടുക്കുന്നതും, സമുദായത്തിൽ സകലക്കും തൊഴിൽ നല്കി ജീവിതരീതി ഉയർത്തുന്നതുമൊക്കെ ഭരണാധികാരികളുടെ ഉത്തരവാദിത്വത്തിൽ പെട്ടതാണെന്നു് ഇന്നു സർവ്വസമ്മതമായിത്തീർന്നതു് കെയിൻസിൻെറ ധനശാസ്ത്രതത്വങ്ങൾമൂലമാണെന്നു പറയാം. വേറൊരു കൂട്ടത്തിലാണു് ജനസംഖ്യ പെരുകുന്നതിൻെറ ഭവിഷ്യത്തുകളെക്കുറിച്ചുള്ള മാൽത്തുസിൻെറ പ്രവചനങ്ങൾ. ഇവ ധനശാസ്ത്രത്തെ ചില സങ്കുചിതമാർഗ്ഗങ്ങളിലേക്കു നയിക്കുകയും, ഉയർന്നു വന്ന സാമുദായികനയത്തിൻെറ സാധ്യതകളെ അല്പം അമർത്തുകയും ചെയ്തു.

ഈമാതിരിയുള്ള ആശയങ്ങൾ സാമുദായികനയത്തെ എങ്ങനെ രൂപീകരിക്കുന്നു? പ്രധാനമായി പൊതുജനങ്ങളുടെ അഭിപ്രായങ്ങളെ ഒരു വഴിക്കല്ലെങ്കിൽ മറെറാരു വഴിക്കു തിരിക്കാനുള്ള പ്രേരണകൾ അവയ്ക്കുണ്ടു്. മനുഷ്യരുടെ നിഷ്പക്ഷമായ യുക്തിമനോഭാവത്തിലേക്കാണു് എല്ലാ ആശയങ്ങളുടേയും ഉന്നം. അവ സാമുദായികസംബന്ധമായ അന്ധവിശ്വാസങ്ങളേയും, സങ്കുചിതമനഃസ്ഥിതിയേയും തകർക്കാൻ യത്നിക്കുന്നു. പക്ഷേ,

സാമുദായികശാസ്ത്രജ്ഞന്മാക്കു തങ്ങളിൽ തമ്മിൽത്തന്നെ ഈ ആശയമേഖലയിൽ യോജിപ്പില്ലാത്ത സ്ഥിതിക്കു്, തുടർച്ചയായ ഒരു വാദകോലാഹലമാണു് പൊതുജനങ്ങൾക്കു് അഭിമുഖീകരിക്കേണ്ടിവരുന്നതു്. അതിന്റെ ഫലം, ഈ വാദങ്ങൾ എത്രത്തോളം ശുദ്ധമായും, സത്യമായും നടക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചിരിക്കുകയും ചെയ്യും.

ജനങ്ങളുടെ പൊതുവേയുള്ള പെരുമാററം യുക്തിയുക്തമായിരിക്കാനുള്ള ശ്രമങ്ങൾ എപ്പോഴും നിഷ്പക്ഷമല്ല എന്നുള്ളതു നമ്മുടെ സമുദായഘടനയുടേയും സാമുദായികജീവിതത്തിൻേറയും ഒരു ലക്ഷണമാണു്. ഒരു പ്രത്യേക പൊതുജനാഭിപ്രായം സൃഷ്ടിക്കുന്നതിൽ രാഷ്ട്രീയപ്രവത്തകന്മാക്കും, പത്രലേഖകന്മാക്കും, പലപ്പോഴും ജാഗ്രതയുണ്ടായിരിക്കും. അതിൽ മിക്കവാറും സന്ദഭ്ങ്ങളിൽ പൊതുജനങ്ങളുടെ അസംസ്കൃതവികാരങ്ങൾക്കു വഴികൊടുക്കുന്നതിൽ അവരുടെ പ്രാഭവവും ശക്തിയും നിലനില്ക്കുന്നതായി അവർ കാണുകയും ചെയ്യുന്നു. പ്രജായത്തസമ്പ്രദായത്തിൽ രാഷ്ട്രീയനേതാക്കന്മാരുടെ ഒരു ഉന്നം തന്നെ ഭരണാധികാരപ്രാപ്തിയാണു്. ഇതിനു് 'വോട്ടു' പിടിത്തം ഒരു മുഖ്യവഴിയുമാണു്. 'വോട്ടു'പിടിക്കുന്നതിൽ, ജനങ്ങളുടെ സാധാരണവും, ചിലപ്പോഴെല്ലാം സങ്കുചിതവുമായ വീക്ഷണഗതി ഒഴിച്ചുമാറാൻ സാധിക്കുന്നില്ല. അതുപോലെയാണു് പൊതുജനങ്ങളുടെ ഇഷ്ടത്തിനു പാത്രീഭവിക്കാൻ മാത്രം ശ്രമിക്കുന്ന രാഷ്ട്രീയപ്രവത്തകൻേറ നിലയും. ഉദാഹരണമായി മഹായുദ്ധകാലത്തു ബ്രിട്ടീഷ്വിദ്വേഷവും, അതു കഴിഞ്ഞു് ഇപ്പോൾ ബ്രിട്ടീഷുമായുള്ള ആനുകൂല്യമനോഭാവവും ഓമ്മിക്കുക. കുറേക്കൂടി അടുത്തു് ആന്ധ്രസംസ്ഥാനസൃഷ്ടി എത്രത്തോളം

യുക്തിയുക്തമായ കാരണങ്ങളിൽനിന്നും ഉത്ഭവിച്ചു വെന്നും, എത്രകണ്ടു 'പ്രക്ഷോഭണ'ത്തിൻെറ ഫലമാണെന്നും വിചാരിക്കുക. അവരവരുടെ അഭിപ്രായങ്ങൾ പ്രതിബിംബിച്ചുകാണുന്ന പത്രങ്ങൾ വായിക്കാൻ ഇഷ്ടപ്പെടുന്ന പൊതുജനങ്ങളുടെ മനോഭാവത്തിനു് അനുകൂലിച്ചു പത്രാഭിപ്രായങ്ങൾ മാറുന്നതും ആലോചിച്ചുനോക്കുക. ഇതെല്ലാം ഓർമ്മിക്കുമ്പോൾ, രാഷ്ട്രീയനേതാക്കന്മാർ നേതൃത്വം വിടാതെ പൊതുജനാഭിപ്രായത്തിനു വിരുദ്ധമായിത്തന്നെ ചിലപ്പോൾ പൊതുജനങ്ങളെ ഒരുയന്ന നേർവഴിക്കു തിരിക്കുന്നുവെന്നതാണത്ഭുതം. അതുപോലെ പക്ഷേ, അതിലും ചുരുക്കമായി, പത്രങ്ങൾ, നിലവിലിരിക്കുന്ന അഭിപ്രായത്തിനെതിരായി പൊരുതി നല്ല കാര്യങ്ങൾ നേടാറുണ്ടു്. മൗലികമായി ഈ വസ്തുത പൊതുജനങ്ങൾക്കു ചില പ്രത്യേക ആശയോടുള്ള പ്രതിപത്തിയേയും യുക്തിയുക്തമായി പെരുമാറുന്നതിലുള്ള പ്രസക്തിയേയുമാശ്രയിച്ചിരിക്കുന്നു. ഒരു ശരിയായ സാമുദായികനയവും ഭരണനയവും ഈ അടിസ്ഥാനതത്വത്തെ എത്രത്തോളം പുഷ്ടിപ്പെടുത്താമെന്നുള്ളതിൽ സ്ഥിതി ചെയ്യുന്നു.

ഈവിധം ആലോചിച്ചുനോക്കുമ്പോൾ സാമുദായികോൽക്കർഷത്തിനുതകുന്ന നയങ്ങൾ രൂപീകരിക്കാൻ അത്യന്തമാവശ്യമുള്ളതു നിഷ്പക്ഷമായ, നിഷ്കൃഷ്ടമായ, ശാസ്ത്രീയമായ, സാമുദായികവിചിന്തനമാണെന്നു വന്നുകൂടുന്നു. ചില പ്രത്യേക ഉദ്ദേശത്തിനുള്ള പ്രചാരവേലയും സത്യത്തെ പതറിക്കുന്ന ശ്രമങ്ങളും അതിനു വിഘാതമായിത്തീരുന്നു. വേറൊരുവഴിക്കു നോക്കുകയാണെങ്കിൽ, വിശേഷിച്ചു നമ്മെ സംബന്ധിച്ചു്—അന്ധമായ അതിരററ, വ്യക്തിബഹുമാനവും ചിലപ്പോൾ നമ്മെ

ആക്രമിക്കുന്ന ആശയപരിഷ്കാരങ്ങളും ഒരു നിശ്ചിത സാമുദായികനയത്തിനെ ശാസ്ത്രീയമായി പരിശോധിക്കുന്നതിനു തടസ്ഥങ്ങളായിവരുന്നു.

അപ്പോൾ എങ്ങനെയാണു് ശാസ്ത്രീയമായ സാമുദായികവിചിന്തനവും അതിൽനിന്നു പുറപ്പെടുന്ന പുരോഗമനസാമുദായികനയവും നിയന്ത്രിക്കേണ്ടതു്? രാഷ്ട്രീയ പ്രവത്തകന്മാക്കും പാർലിമെന്റ് അംഗങ്ങൾക്കും ഈ കാര്യത്തിൽ പരിമിതമായ സ്വാതന്ത്ര്യമേയുള്ളു. അവരുടെ സ്ഥാനം അനിശ്ചിതവും താല്ക്കാലികവുമാണു്; അതു പൊതുജനസമ്മതത്തെ— പലപ്പോഴുമിളകിക്കൊണ്ടിരിക്കുന്ന അഗാധമല്ലാത്ത പൊതുജനസമ്മതത്തെ—ആശ്രയിച്ചിരിക്കുന്നു. തന്മൂലം അവരുടെ അഭിപ്രായങ്ങൾ പൊതുജനാഭിപ്രായത്തിന്നു് അല്പസ്വല്പം വഴങ്ങിക്കൊടുത്തിട്ടേ മുന്നോട്ടു പോകൂ. മുകളിൽ സൂചിപ്പിച്ചപ്രകാരം പത്രപ്രവത്തകന്മാരുടെ കഥയും തഥൈവ. പൊതുജനാഭിപ്രായത്തെ കൂസാത്ത നിഷ്പക്ഷരായ സാമുദായികശാസ്ത്രജ്ഞന്മാരുടേയും സാമുദായികപ്രവത്തകന്മാരുടേയും ആവശ്യകതയാണു് ഈ സ്ഥിതികൾ സൂചിപ്പിക്കുന്നതു്. സ്വതന്ത്രമായ സ്ഥിതിയും ബഹുമാനവുമുള്ള സാമുദായികശാസ്ത്രജ്ഞന്മാർ പൊതുജനങ്ങളുടെ ഏതൽപരമായ ആശയങ്ങളെ നേർവഴിക്കു തിരിക്കാൻ ശ്രമിക്കുകയാണെങ്കിൽ, രാഷ്ട്രീയപ്രവത്തകന്മാരുടെ കുറവുകളേയും പത്രപ്രവത്തകന്മാരുടെ അഭിപ്രായസ്വാതന്ത്ര്യത്തിൻെറ പരിമിതികളേയും ഭേദിച്ചു് സാമുദായികനയത്തെ വേണ്ടനിലയ്ക്കു പുഷ്ടിപ്പെടുത്താൻ അവക്കു സാധിക്കും. ചുരുക്കത്തിൽ അഗാധമായ ആശയപോഷണത്തിന്നു് ഉതകുന്ന അന്തരീക്ഷം പഴയ ആശ്രമങ്ങളും അവിടെ വിദ്യപ്രദാനംചെയ്യാനുദ്യമിച്ച ആചാര്യന്മാരും സൃഷ്ടിച്ചതാ

ണെന്നു പറയേണ്ടിയിരിക്കുന്നു. ഇന്നു് അതിനെ അനുകരിക്കാൻ ശ്രമിക്കുന്ന സവ്വകലാശാലകളും, അതുപോലെയുള്ള സ്ഥാപനങ്ങളുമാണു് ഈ കാര്യത്തിൽ മുന്നിട്ടു പ്രവൎത്തിക്കേണ്ടതു്.

പക്ഷേ, സാമുദായികനയത്തെക്കുറിച്ചുള്ള എല്ലാ ഗവേഷണശ്രമങ്ങൾക്കും പ്രധാനമായി രണ്ടു ബുദ്ധിമുട്ടുകളുണ്ടു്. ഒന്നാമതു് ഇതിൽ ഏൎപ്പെട്ടിരിക്കുന്നവർ ഒന്നല്ലെങ്കിൽ വേറൊരുതരത്തിലുള്ള പ്രലോഭനങ്ങൾക്കു വഴിപ്പെട്ടേക്കും. തന്മൂലം അവരുടെ ആശയങ്ങൾക്കു കോട്ടം വരികയും ചെയ്യും. 'വലിയ' പണവും വ്യവസായവും ഉള്ള ഈ ലോകത്തിൽ പണസംബന്ധമായ പ്രലോഭനങ്ങളുടെ സാധ്യതകൾ വ്യക്തമാണു്. അത്രതന്നെ വ്യക്തമല്ലാത്തതു് വ്യക്തിപരമായ പുരോഗമനേച്ഛയും നല്ലവഴിക്കെത്തിക്കാത്ത പ്രലോഭനമാവാമെന്നതാണു്. ഇതിനു പരിഹാരം മാനസികധൈര്യം വികസിപ്പിക്കുകയും പൊതുവിൽ സാമുദായികനയവിദഗ്ധന്മാരെന്നു് അവകാശപ്പെടുന്നവൎക്കു് ഒരു പ്രത്യേക നടപടിനിബന്ധനകൾ, ഡോക്ടർമാരെയും വക്കീലന്മാരെയും മററും നിയന്ത്രിക്കുന്ന നിബന്ധനകളെപ്പോലെ, ഏൎപ്പെടുത്തുകയുമാണെന്നു തോന്നുന്നു.

കുറേക്കൂടി ദുർഗ്രഹമായ ഒരു ബുദ്ധിമുട്ടു് സാമുദായികശാസ്ത്രരൂപത്തെ സംബന്ധിച്ചാണു്. സാമുദായികശാസ്ത്രജ്ഞന്മാർ സാധാരണയായി സാമുദായികകാര്യങ്ങളുടെ യഥാൎത്ഥവിവരണങ്ങൾ എന്തെല്ലാമാണെന്നുള്ള അന്വേഷണങ്ങൾക്കും സാമുദായികകാര്യങ്ങൾ ഏതു വഴിക്കാണു പോകേണ്ടതു്, അതായതു് സാമുദായികനയം എന്തായിരിക്കണം എന്നുള്ളതിനും തമ്മിൽ ഒരു വ്യത്യാസം സ്ഥാപിച്ചിരിക്കുന്നു. ആദ്യത്തേതിനെസംബന്ധിച്ചു

ഖണ്ഡിതമായ പരമാത്ഥങ്ങൾ സ്ഥാപിക്കാൻ ശാസ്ത്രത്തിന്നു സാധിക്കും. രണ്ടാമത്തേതിനെക്കുറിച്ചുള്ള വാഗ്വാദങ്ങൾ ശാസ്ത്രത്തിനു പുറമേ അഭിപ്രായത്തിൻെറ പരിധിക്കുള്ളിലുള്ളതാണെന്നു് അവർ വാദിക്കുന്നു. ചുരുക്കത്തിൽ സാമുദായികനയത്തിൻെറ ഉദ്ദേശം എന്താണെന്നു മററുള്ളവർ വിധിക്കണം; സാമുദായികശാസ്ത്രജ്ഞന്മാർ അതിൽ ചേരാനുള്ള സുഗമമായ വഴി കാണിച്ചുതരും—എന്നാണു് അവരുടെ വാദം. ഇയ്യിടെയായി ഈ വ്യത്യാസം എത്രമാത്രം സാധൂകരിക്കാമെന്നു് ആളുകൾ ചോദ്യംചെയ്തുതുടങ്ങിയിരിക്കുന്നു. ഉദ്ദേശസിദ്ധിക്കുള്ള എല്ലാ വഴികളും കേവലം ശാസ്ത്രീയമാണെന്നും എല്ലാ ഉദ്ദേശങ്ങളും ആത്മീയപ്രാധാന്യമുള്ള അഭിപ്രായങ്ങളാണെന്നും എങ്ങനെ പറയാം? മനുഷ്യസങ്കല്പിതമായ വില ഉദ്ദേശത്തിനേയും മാർഗ്ഗങ്ങളേയും ഒരുപോലെ ബാധിക്കുന്നു. കൂടാതെ, ഏതെങ്കിലും ഒരു ഉദ്ദേശസിദ്ധിക്കു് ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ അനുസരിച്ചു് ആ ഉദ്ദേശസിദ്ധിയുടെ സ്വഭാവം തന്നെ മാറുന്നു. അങ്ങനെ നോക്കുമ്പോൾ ഒരു സാമുദായികശാസ്ത്രജ്ഞനു സാമുദായികമൂല്യങ്ങളെക്കുറിച്ചുള്ള വില സങ്കല്പിക്കുന്നതിൽനിന്നു വിമുക്തനാകാൻ സാധിക്കുന്നില്ല. ഏതു പര്യേഷണത്തിലും ഏർപ്പെട്ടുന്നവർ ചില സങ്കല്പങ്ങളും വിലകളും വെച്ചുകൊണ്ടാണു് തുടങ്ങുന്നതു്. ഏതെല്ലാം ചോദ്യങ്ങളാണ ചോദിക്കുന്നതെന്നുള്ളതുതന്നെ ഒരു പ്രത്യേകമനോഭാവത്തേയും വിലയേയും ആശ്രയിച്ചിരിക്കുന്നു. അതുപോലെതന്നെ വാസ്തവങ്ങളെ വിശകലനം ചെയ്യുന്നതിലും. സാമുദായികപര്യാന്വേഷണത്തിൽ അതുകൊണ്ടു് ഒരു വിഷമമുള്ളതുപോലെ തോന്നുന്നു. വാസ്തവസ്ഥിതികളുടെ വിശകലനംകൊണ്ടേ ഏതെങ്കിലും

സ്ഥായിയായ ഒരു വില കല്പിക്കാൻ സാധിക്കു. പക്ഷേ, ആ വിശകലനത്തിനുതന്നെ ഏതാണ്ടൊരു വില കല്പിച്ചേ കഴിയൂതാനും. ഈ കുഴപ്പത്തിൽ സാമുദായികശാസ്ത്ര പര്യാന്വേഷണങ്ങൾ എപ്രകാരം നടത്താം? നിശ്ചയമായും ഒരു വഴി, ഇതുവരെ പരോക്ഷമായി പ്രതിപാദിച്ചിരുന്ന വിലകൾ ഇപ്പോൾ പ്രത്യക്ഷമായി പറയുക എന്നതാണ്. നമ്മൾ ഓരോരുത്തരുടേയും മനോഭാവം നമ്മുടെ സാമുദായികവും സാംസ്കാരികവും സാമ്പത്തികവും ആയ പരിതഃസ്ഥിതികളെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ഈ മനോഭാവവും, അതിൽനിന്നു് ഉത്ഭവിക്കുന്ന വിലയും സാമുദായികപ്രശ്നവാഗ്വാദങ്ങളിൽ പ്രത്യക്ഷമായി സമ്മതിക്കുക. അപ്പോളതിൻെറ സ്വഭാവം കുറേക്കൂടി വ്യക്തമാവുകയും അപ്രകാരമുള്ള വാദം പരമാവധി സ്വീകരിക്കേണ്ട സാമുദായികനയത്തിൻെറ രൂപത്തെ നിശ്ചയിക്കാൻ സഹായിക്കുകയും ചെയ്യും. എന്തെന്നാൽ, സാമുദായികോൽക്കർഷത്തിനുള്ള ഏതു നയവും നിഷ്പക്ഷവും നിഷ്കൃഷ്ടവുമായ വാഗ്വാദത്തിൽനിന്നേ പുറപ്പെടൂ.

## ബഹുജനപരിഷ്കാരവും ന്യൂനപക്ഷ സംസ്കാരവും

സാംസ്കാരികവികാസത്തിൻെറ ഒരു ഫലം വ്യക്തിയും സമുദായവും തമ്മിലുള്ള ബന്ധത്തിൽ വരുന്ന അനുരഞ്ജനമാണെന്നു പറയാം. വ്യക്തിസ്വാതന്ത്ര്യം സമുദായത്തിൻെറ സ്ഥിരമായ യോജിപ്പിനും ക്ഷേമത്തിനും അനുപേക്ഷണീയമാണെങ്കിൽ, ആ സ്വാതന്ത്ര്യം അർത്ഥവത്താകുന്നതു് വ്യക്തികൾ സംഘടിതമായ സമുദായത്തിൽ താമസിക്കുമ്പോഴാണു്; അല്ലാതെ സമുദായത്തിൽ നിന്നു ഭിന്നമായി ഒരു മണലരണ്യത്തിൽ താമസിക്കുമ്പോഴല്ല. ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ സംസ്കാരത്തിൻെറ പശ്ചാത്തലത്തിൽ, വ്യക്തിയും സമുദായവും ആയുള്ള ബന്ധത്തിനു് വെറും വ്യക്തിപരമായ വികാരങ്ങളുടേയും വിചാരങ്ങളുടേയും അത്രതന്നെ പ്രാധാന്യം കൈവരുന്നു. സംസ്കാരവും സമുദായവും തമ്മിലുള്ള ബന്ധം, സംസ്കാരത്തിന്റെ ഘടകങ്ങളായ സാഹിത്യാദി കലകളുടെ ആസ്വാദനം, രാഷ്ട്രീയചിന്താഗതി, സാമ്പത്തികവ്യവസ്ഥ—ഇങ്ങനെ ചില വിഷയങ്ങളെക്കുറിച്ചു പരാമർശിക്കുകയും, ഇന്നു പൊതുവിൽ പ്രചരിച്ചുവരുന്ന ചിന്താഗതികളെ ചൂണ്ടിക്കാണിക്കുകയും ആണു് ഈ ലേഖനത്തിൻെറ ഉദ്ദേശം.

ആദ്യമായി സംസ്കാരം എന്നാലെന്തു് എന്നു് ആലോചിക്കാം. ഭൗതികവും മാനസികവും ആത്മീയവുമായ പല വശങ്ങളടങ്ങിയ ജീവിതത്തെയാകെ സംസ്കാരം സ്പർശിക്കുന്നു. മാനസികമായ ഒരു സ്ഥിതി, ബുദ്ധിപരവും സന്മാർഗ്ഗസംബന്ധവുമായ പ്രവൃത്തികൾ എന്നിവയെ

33523

കവിഞ്ഞു് ഇപ്പോൾ സംസ്കാരശബ്ദം ഒരു ജീവിതരീതിയെത്തന്നെ കുറിക്കുന്നു. ആനുകാലികസമുദായത്തിലെ ധർമ്മസങ്കടങ്ങളെയും പോർവിളികളെയും നേരിടാൻ കഴിവുററ ഒരു ജീവിതരീതിയുടെ പിന്നിലുള്ള മനഃസ്ഥിതിയെന്നു സംസ്കാരത്തെ വിവരിക്കാം.

സാമ്യവാദികൾ (കമ്മ്യൂണിസ്റ്റുകൾ) ഇന്നു നമ്മുടെ ഇടയ്ക്കുള്ള സംസ്കാരത്തെ ഇടത്തരക്കാരുടെ (ബൂഷ്വാ) സംസ്കാരമെന്നു വിളിക്കുകയും ഒരു പുതിയ തൊഴിലാളി (പ്രൊലെററേറിയൻ) സംസ്കാരം സൃഷ്ടിക്കണം എന്നു വാദിക്കുകയും ചെയ്യുന്നു. ഈ വാദത്തിൽ ഒരു പ്രത്യേകതരത്തിലുള്ള സാമുദായികബന്ധത്തിനാണു് പ്രാധാന്യം കൊടുത്തിട്ടുള്ളതു്. 'ബൂഷ്വാ'സംസ്കാരം വ്യക്തിനിഷ്ഠമാണു്. ഏതാണ്ടു് ഒരു നിഷ്പക്ഷസമുദായഘടനയ്ക്കുള്ളിൽ സാംസ്കാരികമായി വികസിക്കാനുള്ള അവകാശം വ്യക്തികൾക്കുണ്ടു്. നേരേമറിച്ചു സാമ്യവാദം, സമാജവാദം മുതലായ വാദങ്ങൾ വിഭാവനംചെയ്യുന്ന സാമുദായികഘടനയിൽ വ്യക്തികളുടെ വികാസം സമുദായവികാസത്തിൽക്കൂടിയാണു്. സാധനനിർമ്മാണം, വിതരണം എന്നിവപോലെ മററു ജീവിതാവശ്യങ്ങൾ നിറവേററുന്നതും ഏറെക്കുറെ ഒരു പൊതുസമ്പ്രദായമനുസരിച്ചായിരിക്കും. കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി മിക്ക സമുദായങ്ങളിലുമുള്ള സാമ്പത്തികവ്യവസ്ഥയിൽ പൊതുവുടമയുടെ പങ്കു കൂടിവരികയും, പല ജീവിതാവശ്യങ്ങളും (വിദ്യാഭ്യാസം, വൈദ്യസഹായം മുതലായവ ഉദാഹരണം) ഭരണാധികാരികൾ മുഖാന്തിരം നിറവേററപ്പെട്ടുവരികയും ചെയ്യുന്നതിനാൽ, ഈ രണ്ടു വിഭിന്ന സംസ്കാരങ്ങൾക്കു തമ്മിലുള്ള വ്യത്യാസത്തിനു തെല്ലൊരു കുറവു വന്നിട്ടുണ്ടു്.

PUBLIC LIBRARY KOTTAYAM KOTTAYAM

കൂടാതെ ഒന്നുരണ്ടു സംഗതികൾകൂടി ഈ കാര്യത്തിൽ പ്രസക്തമാണു്. ഒന്നാമത്തു് 'തൊഴിലാളിസംസ്കാരത്തെ' ഒരു പ്രത്യേകവർഗ്ഗത്തിൻെറ സംസ്കാരമെന്നു കരുതുന്നതിനു പകരം, ഒരു പ്രത്യേക മനഃസ്ഥിതിയുടെ പ്രതിബിംബം എന്നു കരുതുന്നതായിരിക്കും കൂടുതൽ ശരി. ഇന്നു 'തൊഴിലാളിസംസ്കാരം' എന്നു പറയപ്പെടുന്ന സംസ്കാരാദർശത്തിൻെറ പ്രണേതാക്കൾ തൊഴിലാളികളുടെ മാത്രം ഇടയിലുള്ളവരല്ല, നേരെ മറിച്ചു് എല്ലാ വർഗ്ഗങ്ങളിലും ഉള്ളവർ ആണെന്നു് പ്രത്യേകം പറയണമെന്നില്ല. രണ്ടാമതായി ഓർക്കേണ്ടതു്, നമുക്കു പരമ്പരാഗതമായി സിദ്ധിച്ച സാഹിത്യാദികൾ ഒരൊററ വർഗ്ഗത്തിൻെറ വീക്ഷണഗതിയെ പ്രതിഫലിപ്പിക്കുന്നവയല്ല എന്ന വസ്തുതയാണു്. പഴയ സംസ്കാരം, അതു പണവും വിശ്രമവും ധാരാളമുണ്ടായിരുന്ന ഒരു വർഗ്ഗത്തിൻെറ സൃഷ്ടിയാണെങ്കിലും, ഇന്നു് എല്ലാ വർഗ്ഗങ്ങളിലുമുള്ള പുതിയ തലമുറക്കാർക്കെല്ലാം ഒരുപോലെ അവകാശമായി കിട്ടിയിരിക്കുന്നു. നാളത്തെ തലമുറയ്ക്കുവേണ്ടി ഈ സംസ്കാരത്തെ വേണ്ടവിധം പുലർത്തി മാററിക്കൊണ്ടുപോകേണ്ട കടമയും അവർക്കുണ്ടു്.

പ്രായോഗികമായി നോക്കുകയാണെങ്കിൽ, ഓരോ പ്രത്യേക സംസ്കാരവും ഓരോ ഭാഷയെ അടിസ്ഥാനമാക്കിയാണു് കണ്ടുവരുന്നതു്. ഒരു ഭാഷ സംസാരിക്കുന്നവർ ഒരേ സാഹിത്യാദിപാരമ്പര്യം അവകാശപ്പെടുകയും ആ പാരമ്പര്യത്തെ അനുഭവത്തിൻെറ വെളിച്ചത്തിൽ മാററി പുതുക്കാൻ വെമ്പുകയും ചെയ്യുന്നു. നമ്മുടെ സാമ്യവാദനേതാവായ ആഢ്യബ്രാഹ്മണൻ മോസ്കോവിലേക്കു പറക്കുംവഴിക്കു് കാളിദാസകൃതികളെ അനുസ്മ

രിക്കുന്നതിൽ നമുക്ക് അത്ഭുതം തോന്നാത്തതു് ഇതുകൊണ്ടാണു്.

സംസ്ക്കാരവും സാമ്പത്തികവ്യവസ്ഥയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് സാമ്യവാദികൾ എപ്പോഴും ഊന്നിപ്പറയുന്നു. അതുകൊണ്ടു് എംഗൽസിന്റെ ഈ അഭിപ്രായം ശ്രദ്ധേയമാണു്: "ചരിത്രത്തിനെ ഭൗതികമായി വ്യാഖ്യാനിക്കുന്ന സിദ്ധാന്തപ്രകാരം അതിൻെറ നിർണ്ണായകമായ അംശം മൗലികമായി ജീവിതത്തിനു് ആവശ്യമുള്ള സാധനങ്ങളുടെ നിർമ്മാണമാണു്. ഇതിൽ കൂടുതലായി മാർക്സോ ഞാനോ പ്രസ്താവിച്ചിട്ടില്ല. ഞങ്ങളുടെ ഈ പ്രസ്താവനയെ, സാമ്പത്തികഘടകം മാത്രമേ നിർണ്ണായകമായിട്ടുള്ളു എന്നു വ്യാഖ്യാനിക്കുകയാണെങ്കിൽ, അതു് അർത്ഥമില്ലാത്ത ഒരു ശൂന്യപദപ്രയോഗമായിരിക്കും. സാമ്പത്തികവ്യവസ്ഥയാണു് അടിസ്ഥാനം. പക്ഷേ, അതിൻെറ ഉപരികൂടത്തിൻെറ പല ഘടകങ്ങൾ, വർഗ്ഗമത്സരത്തിൻെറ രാഷ്ട്രീയരൂപങ്ങൾ, അവയിൽനിന്നുളവാകുന്ന ഭവിഷ്യത്തുകൾ, വിജയികളായ വർഗ്ഗങ്ങൾ (കക്ഷികൾ) സ്ഥാപിച്ച ഭരണഘടനകൾ, വർഗ്ഗമത്സരത്തിൽ ഏർപ്പെട്ടുന്നവരിൽ ഉദ്ദീപിക്കുന്ന രാഷ്ട്രീയവും നിയമസംബന്ധിയും തത്വപരവുമായ സിദ്ധാന്തങ്ങൾ, മതപരമായ ആശയങ്ങൾ, നിയമങ്ങൾ എല്ലാം ചരിത്രത്തിൽ സംഭവിക്കുന്ന വർഗ്ഗമത്സരത്തിന്റെ ഗതിയെ ബാധിക്കുന്നു. പലപ്പോഴും വർഗ്ഗമത്സരത്തിന്റെ രൂപം നിശ്ചയിക്കുന്നതിൽ ഈ ഘടകങ്ങൾക്കു സർവ്വപ്രധാനമായ പങ്കുണ്ടുതാനും. പക്ഷേ, ഈ ഘടകങ്ങളുടെ സമ്മർദ്ദത്തിൻെറ അവസാനം....സാമ്പത്തികഘടകങ്ങളാണു് ഏററവും മുകളിൽ കാണുന്നതു്." ഇതിൽനിന്നു സാമ്പത്തികഘടകത്തിന്റെ സർവ്വപ്രാധാന്യത്തെ ചൂണ്ടി

ക്കാണിച്ചതോടൊപ്പം സംസ്കാരത്തിൽ മറ്റു ഘടകങ്ങളു ടെ സ്വാധീനത്തെ ഏംഗൽസ് ചോദ്യംചെയ്തിട്ടില്ലെ ന്നതു സ്പഷ്ടമാണ്.

സംസ്കാരത്തിൻെറ വേറൊരു പ്രധാനഘടകമാണ് സാഹിത്യാദികലകൾ. സാഹിത്യത്തിന്റെ ഒരു പ്രത്യേക സവിശേഷത അതു് സൗന്ദര്യാനുഭൂതി പ്രദാനംചെയ്യു ന്നതോടൊപ്പം മാനസികമായ സന്ദേശങ്ങൾ പ്രചരി പ്പിക്കുകയും ചെയ്യുന്നു എന്നുള്ളതത്രേ. കവിതയുടെ വ ശ്യതയിലടങ്ങിയ പരമരഹസ്യം, അതു് നാദജ്ഞാനങ്ങ ളും സംഗീതവും തത്വവും ഒത്തൊരുമിച്ചു വരുത്തുന്നു എ ന്നതാണ്. ഈ കാര്യത്തിൽ സാഹിത്യം എല്ലാംതന്നെ ഏറെക്കുറെ കാവ്യമയമാണ്. സാഹിത്യത്തിൻെറ ഏതാ ദൃശങ്ങളായ ഗുണങ്ങൾ ആലോചിക്കുമ്പോൾ സംസ്കാരോ ന്നമനത്തിനും സാമുദായികപരിവർത്തനത്തിനും ഉള്ള അതിൻെറ വമ്പിച്ച സാദ്ധ്യത മനസ്സിലാക്കാൻ സാധി ക്കും. എല്ലാ കലകളേക്കാളും ബുദ്ധിവിഷയമായതു് സാ ഹിത്യമാണെങ്കിലും സാമുദായികപരിവർത്തനത്തിൽ മറ്റു കലകൾക്കും സാഹിത്യത്തിനെപ്പോലെതന്നെ പങ്കുണ്ടെ ന്നു പറയാം.

സാഹിത്യാദികലകളെ അവയുടെ പിന്നിലുള്ള സാമുദായികവും രാഷ്ട്രീയവുമായ ചുററുപാടുകളിൽനിന്നു് അടർത്തിയെടുത്തു വിലയിരുത്തിക്കൂട എന്ന മാർക്സിന്റെ അഭിപ്രായത്തിനു് ഇന്നു് ഏറെക്കുറെ അംഗീകരണം കിട്ടിയിട്ടുണ്ടെങ്കിലും, സാഹിത്യത്തിൻെറ പരമോദ്ദേശ്യ ത്തെക്കുറിച്ചുള്ള മാർക്സിയൻസിദ്ധാന്തങ്ങൾ ഇന്നു സോ വിയററുറഷ്യയിൽപ്പോലും കോളിളക്കങ്ങൾ ഉണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്.

എന്താണ് സാഹിത്യത്തിൻെറ പരമോദ്ദേശ്യത്തെ ക്കുറിച്ചുള്ള ഈ അഭിപ്രായങ്ങൾ? ഇക്കാൎയ്യത്തിൽ അത്യന്തവിഭിന്നങ്ങളായ രണ്ട് അങ്ങേയററത്തെ നിലകളെ ഇങ്ങനെ ചുരുക്കിപ്പറയാം: ഒരു കൂട്ടർ സാഹിത്യം ധൎമ്മപ്രചാരകമാണെന്നും, മറെറാരു കൂട്ടർ അതു് കലാപരം അഥവാ സൗന്ദൎയ്യപ്രധാനം ആണെന്നും വാദിക്കുന്നു. ജീവിതത്തിൽനിന്നു് അകന്നു ബാഹ്യലോകവുമായി ബന്ധമില്ലാതെ വൎത്തിക്കുന്നതുകൊണ്ടു സാഹിത്യത്തിൻെറ പ്രാധാന്യം കുറയുന്നു എന്നു് ആദ്യത്തെ കൂട്ടർ ചൂണ്ടിക്കാണിക്കുന്നു. നേരെ മറിച്ചു്, സാഹിത്യാദികലകളെ ബാഹ്യമായ ഒരു മാനദണ്ഡംകൊണ്ടു് അളക്കുന്നതിൻെറ ഫലം, അവക്കു സ്വയംസിദ്ധമായ മൂല്യത്തെ നിഷേധിക്കുകയും അവയെ ഉപദേശപ്രസംഗങ്ങളായി മാററുകയും ആയിരിക്കും എന്നു രണ്ടാമത്തെ കൂട്ടർ പറയുന്നു. ഈ രണ്ടഭിപ്രായങ്ങളും പണ്ടുമുതല്ക്കേ നിലനിന്നുപോന്നിരുന്നുവെങ്കിലും, കലാകാരൻെറ സൗന്ദൎയ്യാനുഭൂതിയും, അതിൽ അന്തർലീനമായ വ്യക്തിപരമായ വികാരവും സാമുദായികപുരോഗമനപ്രചാരണത്തിനു വിരുദ്ധമാണെന്ന അഭിപ്രായത്തിനു് അത്രയേറെ പ്രാബല്യം വന്നതു് ഇരുപതാംനൂററാണ്ടിൽ മാത്രമാണു്. വ്യക്തിപരമായ വികാരങ്ങളിൽനിന്നു് ഉൽഭൂതമാവുന്ന നിഗമനങ്ങൾ സാമുദായികപ്രശ്നങ്ങളിൽ വേരൂന്നിയവയാണെന്നും, പ്രകൃതിസൗന്ദൎയ്യാനുഭൂതി ആകെയുള്ള മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണെന്നും അത്രേ കഴിഞ്ഞ ശതാബ്ദത്തിലെ കലാകാരന്മാർ പൊതുവേ വിശ്വസിച്ചുപോന്നതു്. ഈ വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണു് പ്രകൃതിയുടെ വാസ്തവതത്വങ്ങളെ അറിയുന്നതിനു കല്പനാസമ്പന്നനായ കലാകാരനു

സാധിക്കും എന്ന വിശ്വാസത്തിന്നു പ്രാബല്യം സിദ്ധിച്ചതു്. കലാകാരൻെറ സൃഷ്ടികളെ ജ്ഞാനത്തിൻെറ സമ്പൂർണ്ണതയും മനുഷ്യഹൃദയത്തോളംതന്നെ ദിവ്യവുമായി അന്നൊക്കെ കരുതിവന്നു. കല പൊതുവേയും കവിത പ്രത്യേകിച്ചും മനുഷ്യപൂർണ്ണതയിലേക്കു് എത്തിച്ചേരാനുള്ള മാർഗ്ഗവും ശിഥിലീകരണപ്രവണതകളോടു പൊരുതുന്നതിന്നുള്ള കേന്ദ്രവുമാണെന്നു് അന്നുള്ളവർ വിചാരിച്ചു. കലയുടെ ഈ മഹനീയതയെ മുൻനിർത്തിയാണു് കലാകാരന്മാർ എവിടെയും സ്നേഹവും ബന്ധവും പ്രസരിപ്പിക്കുകയും ജീവിതമൂല്യങ്ങളെ ഉറപ്പോടെ കാത്തുരക്ഷിക്കുകയും ചെയ്യുമെന്നു വേർഡ്സ്‌വർത്ത് മഹാകവി പ്രഖ്യാപനംചെയ്തതു്. അദ്ദേഹം കവിതയെക്കുറിച്ചു് ഇപ്രകാരം എഴുതി: "കവിതയുടെ ഉദ്ദേശം സത്യമാണു്. വ്യക്തിപരവും പ്രാദേശികവുമല്ലാതെ സാർവ്വജനീനവും പ്രായോഗികവുമായ സത്യം; ബാഹ്യമായ തെളിവുകളെ ആശ്രയിക്കാതെ സജീവമായ വികാരങ്ങളാൽ ഉച്ചലിപ്പിച്ചുകൊണ്ടു ഹൃദയാന്തർഭാഗത്തേക്കു ചെന്നെത്തുന്ന സത്യം. സ്ഥലത്തിന്റേയോ കാലാവസ്ഥയുടേയോ ആചാരസമ്പ്രദായങ്ങളുടേയോ ഭാഷയുടേയോ വ്യത്യാസങ്ങളും മനസ്സിലെ ഉൽക്കടമോ ശാന്തമോ വിപര്യസ്തമോ ആയ കാര്യങ്ങളും അവഗണിച്ചു്, കവി സാർവ്വകാലികവും സാർവ്വലൗകികവുമായ മാനവസമുദായത്തെ മുഴുവൻ കല്പനാശക്തികൊണ്ടു് ഒന്നിച്ചു ചേർക്കുന്നു." ഈ അഭിപ്രായം കവിതയെക്കുറിച്ചു മാത്രമല്ല, മററു സാഹിത്യസൃഷ്ടികളെക്കുറിച്ചും വാസ്തവമാണെന്നു് അവകാശപ്പെടാം.

സാഹിത്യത്തിൻെറ ഉദ്ദേശത്തെ സംബന്ധിച്ചു് ഒരു മദ്ധ്യമാർഗ്ഗം ഇന്നു സ്വീകാര്യമായിത്തീർന്നിട്ടുണ്ടെന്നു തോന്നുന്നു. സാഹിത്യത്തിന്നും മറ്റു കലകൾക്കുമുള്ള ശക്തി

പ്രേരണാപരമാണ്, അല്ലാതെ ശാസനാപരമല്ല. വേറൊരു തരത്തിൽ പറയുകയാണെങ്കിൽ, ഒരു പ്രത്യേക പരിതഃസ്ഥിതിയെ എത്രയോ ശക്തിയോടെ തെളിയിച്ചു കാണിക്കുന്നതിൻെറ ഫലമായിട്ടാണ്, അല്ലാതെ വാദങ്ങൾകൊണ്ടല്ല, കല സമുദായത്തിൽ സ്വാധീനം ചെലുത്തുന്നതു്. ഒരു ആഖ്യായികയെ ഉദാഹരണമായി എടുക്കുക. അതിൻെറ ആന്തരഘടന, ഇതിവൃത്തം മുതലായവ ഒരുവശത്തും, ജീവിതാനുഭവങ്ങളോടുള്ള സമീപനം മറെറാരു വശത്തും—ഇങ്ങനെ അതിൻെറ കലാമൂല്യത്തിനു രണ്ടു ഭാഗങ്ങളുണ്ടു്. ആദ്യത്തേതു വെറും കലയുടെ അല്ലെങ്കിൽ സൗന്ദര്യനിഷ്ഠയുടെ ഭാഗവും, രണ്ടാമത്തേതു് ഒരു പ്രത്യേകസന്ദേശപ്രചാരണത്തിൻെറ ഭാഗവും ആണെന്നു കണക്കാക്കാം. ഈ രണ്ടു വശങ്ങളും അവഗണിക്കാൻ സാധിക്കുന്നതല്ല. ഇവയുടെ സമഞ്ജസമായ സമ്മേളനമാണ് കലാസൃഷ്ടിയുടെ സ്വാധീനത്തിൻെറ രഹസ്യം.

റഷ്യൻസാഹിത്യത്തിൽ ഇയ്യിടെ വന്ന കോളിളക്കങ്ങൾ ഇവയിൽ ഒരു ഭാഗത്തെ അവഗണിച്ചതിൻെറ ഫലമാണെന്നു പറയാം. 1946 മുതൽ 1953 വരെ വ്യക്തിപരമായ വികാരങ്ങൾക്കോ, മനുഷ്യതയുടെ ദൗർബ്ബല്യവും പ്രാബല്യവുമുൾച്ചേർന്ന പൂർണ്ണതയുടെ പ്രകാശത്തിനോ അവിടത്തെ സാഹിത്യത്തിൽ സ്ഥലം, പൊതുവെ പറയുകയാണെങ്കിൽ, അനുവദിച്ചിരുന്നില്ല. പഞ്ചവത്സരപദ്ധതികളുടേയും സോവിയറ്റ് സമുദായഘടനയുടേയും പ്രചാരണത്തിന് അന്നു് അതിർകടന്ന പ്രാധാന്യം കൊടുത്തിരുന്നു. മനുഷ്യഹൃദയത്തിൻെറ സങ്കീർണ്ണവികാരങ്ങൾ കൈകാര്യം ചെയ്യേണ്ടതിൻെറ പ്രാധാന്യത്തെ ഓൾഗാ ബെർഗോൾട്സ് പ്രഖ്യാപിച്ചതുമുതൽ,

KOTTAYAM PUBLIC LIBRARY KOTTAYAM

രാഷ്ട്രീയമായ 'മഞ്ഞുരുക്ക'ത്തോടൊപ്പം സാഹിത്യത്തിൽ മാനുഷികസംഘർഷങ്ങളുടെ നിഴലാട്ടം കണ്ടുതുടങ്ങി. പാസ്റ്റർനാക്കിൻെറ 'ഡോക്ടർ ഷിവാഗോ'വിൽ അതു മൂർദ്ധന്യാവസ്ഥയിൽ എത്തുകയുംചെയ്തു.

കലാകാരന്മാർക്കു സാമുദായികപരിവർത്തനത്തിലുള്ള പങ്കിനെക്കുറിച്ച് ആലോചിക്കുമ്പോൾ കലയുടെ ഉറവിടത്തിൻെറ സ്വഭാവം, കലാകാരനും സാധാരണമനുഷ്യനും തമ്മിലുള്ള ബന്ധം എന്നീ വിഷയങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. "കവി വിചാരിക്കുന്നതും അനുഭൂതി ഉൾക്കൊള്ളുന്നതും മനുഷ്യവികാരങ്ങളെ സംബന്ധിച്ചാണ്." വേർഡ്സ്വർത്ത് മഹാകവി പ്രഖ്യാപിച്ചു: "അതുകൊണ്ടു സജീവമായി അനുഭൂതികൾ ഉൾക്കൊള്ളുകയും വ്യക്തമായി കാണുകയുംചെയ്യുന്ന മററാരുടേതിൽ നിന്നും ഏറെ ഭിന്നമായിവരാൻ കവിയുടെ ഭാഷയ്ക്കു എങ്ങനെ സാധിക്കും? കവിയുടെ ഗുണങ്ങൾ മറ്റുള്ളവരുടേതിൽനിന്നു തരത്തിലല്ല തീക്ഷ്ണതയിലാണ് വ്യത്യാസപ്പെട്ടുനില്ക്കുന്നതു്. കവിക്കുള്ള വ്യത്യാസമിതാണ്: മറ്റുള്ളവരേക്കാൾ അതിവേഗം, അടുത്തു ബാഹ്യമായ ഉദ്ദീപനങ്ങൾ ഒന്നും ഇല്ലാതെതന്നെ ചിന്തിക്കാനും അനുഭൂതികൾ ഉൾക്കൊള്ളാനും കവിക്കു സാധിക്കുന്നു. അപ്രകാരം തന്നിൽ ഉളവായ വിചാരങ്ങളേയും വികാരങ്ങളേയും പ്രകാശിപ്പിക്കാനുള്ള ശക്തിയും അയാൾക്കു കൂടും. സാധാരണമനുഷ്യനും കവിയും തമ്മിലുള്ള സാമ്യവും വ്യത്യാസവും വേർഡ്സ്വർത്തിൻെറ ഈ അഭിപ്രായം പ്രകടമാക്കുന്നു. കവിയുടെ വികാരവും ഭാഷയും സാധാരണ ആളുകളുടേതുതന്നെയാണ്. അഥവാ ആയിരിക്കണം. എങ്കിലും തൻെറ വികാരങ്ങൾ പ്രകാശിപ്പിക്കുന്നതിൽ കവിയുടെ ശക്തി മികച്ചുനില്ക്കുന്നു. ഈ ശക്തി

നിമിത്തമാണു കവിക്കും മററു കലാകാരന്മാക്കും സാമുദായികമേഖലിയിൽ സ്വാധീനം ചെലുത്താൻ സാധിക്കുന്നതു്.

വേറൊരു തരത്തിൽ നോക്കുകയാണെങ്കിൽ, കവികളും മററു കലാകാരന്മാരും ജീവിതമൂല്യങ്ങൾ നിദ്ധാരണംചെയ്യുന്നതുവഴി സമുദായപരിവത്തനത്തിനു നായകത്വം നല്കുന്നു. ഈ മൂല്യനിദ്ധാരണം സാധാരണയുള്ള അനുഭവങ്ങളെ ആസ്പദമാക്കിയാണെങ്കിലും, സാധാരണലോകത്തിലുള്ള പരിമിതികളിൽനിന്നു സ്വതന്ത്രമായിട്ടാണു്. പ്രസിദ്ധ സാഹിത്യനിരൂപകനായ റിച്ചാർഡ്സ് ഈ പ്രക്രിയയെ ഇപ്രകാരം വിവരിക്കുന്നു: "സാധാരണജീവിതത്തിൽ, ഒരായിരം സംഗതികൾ നമ്മുടെ പ്രതികരണങ്ങളെ പരിപൂണ്ണമായി പ്രവൃത്തിരൂപത്തിൽ കൊണ്ടുവരുന്നതിന്നു തടസ്ഥമായി നില്ക്കുന്നു. ആ പ്രതികരണങ്ങളുടെ പിന്നിലുള്ള പ്രേരണാശക്തിയുടെ വിപുലതയും സങ്കീണ്ണതയും കുറവായിരിക്കാം. കൂടാതെ, ഏതെങ്കിലും പ്രവൃത്തി ചെയ്യേണ്ട ആവശ്യകത—മുമ്പിൽ നേരിട്ട പരിതസ്ഥിതി—താരതമ്യേന അവ്യക്തവും അനിശ്ചിതവും ആയിരിക്കുക, യാദൃച്ഛികമായ പല അനാവശ്യകാര്യങ്ങളും ഇടപെടുക, ഒ[illegible]കിൽ പതുക്കെയോ അല്ലെങ്കിൽ അതിവേഗമോ പ്രവത്തിക്കേണ്ടവിധം സമയത്തിൻെറ കിടപ്പ് അസൗകര്യമായിരിക്കുക—ഇവയെല്ലാം അനുഭവത്തിൻെറ പൂണ്ണവികാസത്തിനു തടസ്ഥമായി നില്ക്കുന്നു. അപ്പോൾ പററിയ ഏതെങ്കിലും പോംവഴിയിലേക്കു നാം ചാടുന്നു. പക്ഷേ, ഭാവനാപരമായ അനുഭവത്തിൽ ഈ തടസ്ഥങ്ങൾ ഒന്നുമില്ല. അതുകൊണ്ടു് അതിൽ അനുഭവപ്പെടുന്ന വ്യക്തമായ സംഘഷ്ണങ്ങളും പ്രബലശക്തികളും മത്സരങ്ങളും നിശ്ചയങ്ങളും

നിർജ്ജീവനിമിഷങ്ങളും പല രീതിയിലുള്ള പ്രേരണാശക്തികൾ തമ്മിലുള്ള വിദൂരമായ ബന്ധങ്ങളും മുമ്പു മനസ്സിലാക്കാനും പ്രവൃത്തിരൂപത്തിൽ വരുത്താനുമാകാതിരുന്ന യോജിപ്പുകളും നമ്മുടെ ജീവിതത്തെ ആകെത്തന്നെ മാററിയേക്കും എന്നു സ്പഷ്ടമായി കാണാൻ നമുക്കു കഴിയും.'' അങ്ങനെ സാഹിത്യത്തിലെ അനുഭവം, ഒരു തരത്തിൽ ജീവിതത്തിനാകെയുള്ള ഒരു പരിശീലനമാണ്. ആ പരിശീലനം മൗലികമായി പരിതസ്ഥിതികളുമായി പോരാടാൻ മനുഷ്യന്നാവശ്യമായ സംഘടനാപരമായ പരിശീലനവുമാണ്.

കലാകാരന്മാർ സമുദായപരിവർത്തനത്തിനു നായകത്വം നല്കുന്നു എന്നു പറയുന്നതിൽനിന്നുതന്നെ, ആകെ സമുദായത്തെ സംബന്ധിച്ചിടത്തോളം അവർ ന്യൂനപക്ഷക്കാരാണെന്നും വരുന്നു. സാംസ്കാരികോന്നമനത്തിനു നേതൃത്വം വഹിക്കുന്നവർ ന്യൂനപക്ഷക്കാരാണ് എന്ന അഭിപ്രായം ഈയിടെ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണെങ്കിലും അതിനു വളരെ പുരാതനമായ ഒരു പാരമ്പര്യമുണ്ട്. പക്ഷേ, പണ്ട് ഈ ന്യൂനപക്ഷം ഒരു വർഗ്ഗത്തിൽ കേന്ദ്രീഭവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെട്ടിരുന്നു. ഇന്നാകട്ടെ വർഗ്ഗീയപരിമിതികളിൽനിന്നു വിമോചനം നേടിയ ഒരു ന്യൂനപക്ഷത്തിനെയാണു നാം ഈ സ്ഥാനത്തു വിഭാവനംചെയ്യുന്നതു്. ബഹുജനപരിഷ്കാരവും ന്യൂനപക്ഷസംസ്കാരവും (Mass civilization and Minority culture) എന്ന പ്രബന്ധത്തിൽ ലീവിസ് ഈ അഭിപ്രായം ഇപ്രകാരം പ്രകടിപ്പിക്കുന്നു: ''ഏതു കാലത്തും സാഹിത്യാദികലകൾ നിരൂപണദൃഷ്ട്യാ ആസ്വദിക്കാനുള്ള കഴിവു് ഒരു ചെറിയ ന്യൂനപക്ഷത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ലളിതവും പരക്കെ അറി

യപ്പെടുന്നതുമായ ചില കലാസൃഷ്ടികൾ ഒഴിച്ചാൽ, ചുരുക്കം ചിലർക്കേ സ്വമേധയാ ആദ്യംതന്നെ കലയ്ക്കു വില കല്പിക്കാനുള്ള കെല്പുള്ളൂ. ഈമാതിരിയുള്ള കെല്പു വേർതിരിഞ്ഞു നില്ക്കുന്ന ഒരു കലാമേഖലയെസ്സംബന്ധിച്ചു മാത്രം പരിമിതമല്ല; കലയുടെ പ്രായോഗികവും സിദ്ധാന്തപരവുമായ വശങ്ങൾ, ശാസ്ത്രം ജീവിതപ്രകൃതിയേയും മാനുഷികസ്ഥിതിയേയും സ്പർശിക്കുന്ന തത്വചിന്ത—എന്നിവയെക്കുറിച്ചും അതു ബാധകമാണ്. ഈ ന്യൂനപക്ഷത്തെ ആശ്രയിച്ചാണു മാനവസമുദായത്തിന്റെ കഴിഞ്ഞ അനുഭവങ്ങൾ ഫലവത്താക്കാനുള്ള നമ്മുടെ കെല്പു നിലനില്ക്കുന്നതു്. നമ്മുടെ പാരമ്പര്യത്തിൻെറ ഏറ്റവും സൂക്ഷ്മവും നശിച്ചു പോകാനിടയുള്ളതുമായ. ഭാഗം അവരാണു നിലനിൎത്തുന്നതു്. അവരിലാണു നമ്മുടെ ഉയൎന്ന ജീവിതാദൎശങ്ങളുടെ നിലവാരം സ്ഥിതിചെയ്യുന്നതു്. ഇതാണു മറേറതിനേക്കാൾ നല്ലതു്; അങ്ങോട്ടു പോകുന്നതിനേക്കാൾ നല്ലതു ഇങ്ങോട്ടു പോവുകയാണു്; ഇവിടെയാണ് അവിടെ അല്ല, കേന്ദ്രം—എന്നൊക്കെയുള്ള നിശ്ചയത്തിൽ അണിചേരുന്നതിനുള്ള കെല്പു് അവരെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നു.

മുകളിൽ കാണിച്ച അഭിപ്രായഗതിയിൽനിന്നു രണ്ടു സംഗതികളാണു പ്രകടമാകുന്നതു്: ഒന്നാമതു സാഹിത്യത്തിലെ അനുഭവങ്ങളുടെ പ്രാധാന്യം; രണ്ടാമതു സാഹിത്യാദികലകളിലും തദ്വാരാ സാമുദായികസാംസ്കാരികമേഖലകളിലും ഒരു ന്യൂനപക്ഷത്തിലുള്ള നായകത്വം. ഇതു രണ്ടും ഇന്നു പരക്കെ സ്വീകാൎയ്യമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ജനാധിപത്യാദൎശങ്ങൾക്കു പ്രാബല്യം വന്നിട്ടുള്ള ഈ കാലത്തു് ഒരു ന്യൂനപക്ഷത്തിന്റെ നായകത്വം

സമ്മതിച്ചുകൊടുക്കാനുള്ള വിസമ്മതം സ്വാഭാവികമാണ്. കൂടാതെ സാഹിത്യത്തിലെ അനുഭവങ്ങളുടെ വില വകവെച്ചുകൊടുക്കുന്നതോടുകൂടി ഇതരമേഖലകളിലെ അനുഭവത്തിൻെറ പ്രാധാന്യത്തെയും ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ട്.

എങ്കിലും രാഷ്ട്രീയസാമുദായികമേഖലകളിലെന്ന പോലെ സാംസ്കാരിക–സാഹിത്യരംഗത്തിലും കുറേപ്പേർ മുന്നിട്ടുനിന്നു പ്രവൎത്തിക്കുന്നതു പ്രജായത്താദൎശങ്ങൾക്കു വിരുദ്ധമാണെന്നു കരുതേണ്ടതില്ല. ജനസംഖ്യ വൎദ്ധമാനമായി വരുന്ന ഒരു സമുദായത്തിൽ, സകലരും ആഗ്രഹിക്കുന്നതെന്തോ അതു നല്ലതെന്നു വിധികല്പിക്കാൻ കെല്പുള്ള ഒരു നന്യൂവക്ഷം നിശ്ചയിക്കുന്നതെന്തോ അതും തമ്മിൽ വരുന്ന വ്യത്യാസത്തെ കുറച്ചു കുറച്ചുകൊണ്ടു വരാനുള്ളവഴി കണ്ടെത്തുന്നതാണു മൗലികമായപ്രശ്നമെന്നു തോന്നുന്നു. ഒരു തരത്തിൽ നോക്കുമ്പോൾ ഈ പ്രശ്നത്തിൻെറ പരിഹാരം ന്യൂനപക്ഷം നിശ്ചിയിക്കുന്ന തീരുമാനങ്ങളും വിധികളും സമുദായത്തിൻെറ മുമ്പിൽ കാൎയ്യകാരണസഹിതം സാധൂകരിക്കുക എന്നുള്ളതാണ്; വേറൊരു തരത്തിൽ നോക്കുമ്പോൾ ഈ സാധൂകരണം തന്നെ സമുദായത്തിന്റെ ഭാവിയെസുരക്ഷിതമായി പുരോഗമിപ്പിക്കാനുള്ള ഉപായമായി മാറുന്നു. ഏതു നിലയ്ക്കും ഈ പ്രക്രിയയുടെ അടിസ്ഥാനം വിപുലമായ വിദ്യാഭ്യാസവും അതിൽനിന്നുത്ഭവിക്കുന്ന സാംസ്കാരികോന്നമനവും ആണെന്നുള്ളതിന്നു സംശയമില്ല. ഇതേ ഉന്നമനമാണു രാഷ്ട്രീയരംഗത്തിൽ ജനാധിപത്യസമ്പ്രദായത്തിന്റെ വിജയത്തിനുള്ള നിദാനവും.

# ജനാധിപത്യത്തിൻെറ പ്രശ്നങ്ങൾ

തത്വത്തിൽ, എല്ലാവരുടേയും ക്ഷേമം കാത്തുരക്ഷിക്കാൻ പററിയ രാഷ്ട്രീയഘടന പ്രജായത്തഭരണം അഥവാ ജനാധിപത്യം ആണെന്നുള്ളതിൽ സംശയമില്ല. എതിർകക്ഷികളുടെ അഭിപ്രായങ്ങൾ കൂടി മാനിച്ച്, ജനസമുദായത്തിൻെറ ആകെയുള്ള ക്ഷേമത്തെ ലാക്കാക്കി പ്രവൎത്തിക്കത്തക്കവിധം, ഭൂരിപക്ഷത്തെ ആശ്രയിച്ചു മുന്നോട്ടുപോകുന്ന ഭരണകക്ഷിയുടെ രാഷ്ട്രീയനയം രൂപവൽക്കരിക്കാൻ വേണ്ട ഏൎപ്പാടുകൾ ഇന്നത്തെ ജനാധിപത്യസമ്പ്രദായത്തിൽ ഔപചാരികമായോ അനൗപചാരികമായോ ഇന്നുതന്നെ അംഗീകൃതമായിട്ടുണ്ട്. പ്രസിദ്ധചിന്തകനായ ബെന്താമിൻെറ 'ഭൂരിപക്ഷഭൂരിസുഖ'മെന്ന സാമൂഹ്യനയംഇന്ന് "സകലരുടേയും ആവശ്യങ്ങൾ കഴിയുന്നതും വിപുലമായ രീതിയിൽ നിറവേററാൻ സാധിക്കുമാറാക്കുക" എന്നായി മാറിയിരിക്കുന്നു. ഈ മാററത്തിൻെറ പ്രതിഫലനം ഇപ്പോഴത്തെ ജനാധിപത്യരാഷ്ട്രീയഘടനയുടെ പ്രവൎത്തനത്തിലും കാണേണ്ടതാണ്.

പക്ഷേ, പ്രായോഗികപ്രവൎത്തനത്തിൽ ജനാധിപത്യസമ്പ്രദായത്തിൻെറ മെച്ചം പലപ്പോഴും അനുഭവപ്പെടാതെയാണിരിപ്പ്. ഇതു് എന്തുകൊണ്ടാണ്? ഒന്നാമതു ജനങ്ങളുടെ ഭരണം (ഗവൺമേണ്ടു്) എന്ന അൎത്ഥത്തിൽ ജനാധിപത്യസമ്പ്രദായം ഇനിയും പ്രവൎത്തിച്ചുവന്നിട്ടില്ല. എപ്പോഴും ചില വ്യക്തികളോ, സംഘങ്ങളോ ആണു മുന്നിട്ടുനിന്നു സമ്മതിദായകരുടെ 'സമ്മതി' (വോട്ടു്) ഭൂരിപക്ഷത്തിലേക്കു വരുത്താൻ ശ്രമിക്കുന്നതു്.

സമ്മതിദായകന്മാക്കാകട്ടെ പലപ്പോഴും വിഭിന്നരാഷ്ട്രീയ നയങ്ങളെക്കുറിച്ചു വിധികല്പിക്കാനുള്ള കെല്പില്ല. മാത്ര മല്ല, സ്ഥാനാത്ഥികളെ തിരഞ്ഞെടുക്കുന്നതുപോലും രാഷ്ട്രീ യമായ പരിഗണനകളെ ആസ്പദമാക്കിയല്ലതാനും. ഈ സ്ഥിതിക്കു രാഷ്ട്രീയഘടനയുടെ പരമോദ്ദേശവും പ്രായോ ഗികപ്രവത്തനവും, ഉയന്ന ആദശ്ശങ്ങളിൽനിന്നു് ആകെ വ്യതിചലിച്ചുപോകുന്നു.

ഇതിനോടു ബന്ധപ്പെട്ട വേറൊരു കാരണം, മനു ഷ്യപ്രകൃതിയുടെ അടിസ്ഥാനഭാവത്തെ ആശ്രയിച്ചിരി ക്കുന്നു. റൂസ്സോ മുതലായവർ വിശ്വസിച്ചതുപോലെ ബാ ഹ്യമായ പരിമിതികൾ നീങ്ങിക്കിട്ടിയാൽ സാമൂഹ്യപു രോഗമനം നേടാനുള്ള വമ്പിച്ച കെല്പു് മനുഷ്യപ്രകൃതി ക്കുണ്ടെന്നു് ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. നേരേമറിച്ചു് മനുഷ്യൻെറ കെല്പു് പ്രകൃത്യാ പരിമിതമാണെന്നും, അവനു് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ അതു പരമ്പരാഗതമായ പരിശീലനംകൊണ്ടും സാമൂഹ്യ സംഘടനകൾകൊണ്ടും മാത്രമാണെന്നും വേറൊരു കൂട്ടർ സിദ്ധാന്തിക്കുന്നു. ഇതിലെ ആദ്യത്തെ അഭിപ്രായം ജ നാധിപത്യസമ്പ്രദായത്തിനു് അനുകൂലവും രണ്ടാമത്തേ തു് പ്രതികൂലവും ആണെന്നു കാണാൻ വിഷമമില്ല.

ജനാധിപത്യസമ്പ്രദായത്തിൻെറ തോൽവിയെ ക്കുറിച്ചു ബർണാഡ്ഷാ പുറപ്പെടുവിച്ച അഭിപ്രായം ശ്രദ്ധേയമാണു്. അദ്ദേഹത്തിൻെറ വിധി ഇതായിരുന്നു: "ജനാധിപത്യസമ്പ്രദായം അഥവാ സാവ്വത്രികമായ സമ്മതിദാനാ(വോട്ടു)വകാശത്തിൽക്കൂടി ജനങ്ങൾ നട ത്തുന്ന ഭരണം, ഒരിക്കലും ഒരു പരിപൂണ്ണയാഥാത്ഥ്യമാ യിട്ടില്ലെന്നതാണു പച്ചപ്പരമാത്ഥം. എത്രത്തോളം അതു്, യാഥാത്ഥ്യമായിട്ടുണ്ടോ അത്രത്തോളം അതു വിജയമായി

ട്ടില്ലതാനും; അതിന്റെ ഓരോ വികാസത്തിലും അർപ്പിച്ച വമ്പിച്ച ആശകൾ നിരാശകളായിത്തീർന്നിരിക്കുന്നു. ഈ അഭിപ്രായത്തിൽനിന്നു്, പൊതുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട കാര്യബോധവും പ്രാപ്തിയുമുള്ള ഒരു കുലീനവർഗ്ഗത്തിനു ഭരണാധികാരം മുഴുവൻ വിട്ടുകൊടുക്കണമെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുക പ്രയാസമുള്ള കാര്യമല്ല.

"മാനുഷരെല്ലാരുമൊന്നുപോലെ" എന്ന ആശയത്തെ ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നു, ജനാധിപത്യസമ്പ്രദായത്തിൻെറ ഭാവി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നു മൂന്നു മുദ്രാവാക്യങ്ങൾ പ്രഖ്യാപനം ചെയ്ത ഫ്രഞ്ച്‌വിപ്ലവംമുതല്ക്കാണു ജനാധിപത്യസമ്പ്രദായം (പഴയ ഗ്രീക്കുകാരുടേയും മററും ഇടയിലത്തെ പരിമിതമായ ജനാധിപത്യം ഒഴിച്ചാൽ) പരക്കെ പ്രചാരത്തിൽ വന്നതെന്നും ഇവിടെ ഓക്കേണ്ടതാണു്. ഈ 'സമത്വ'ത്തെക്കുറിച്ചു കുറെയേറെ വാദപ്രതിവാദം നടന്നിരിക്കുന്നു. അതിന്നു കല്പിക്കുന്ന അർത്ഥങ്ങളുടെ വൈവിധ്യമാണു് ഈ വാദപ്രതിവാദത്തിൻെറ ഒരു കാരണമെന്നും പറയേണ്ടിയിരിക്കുന്നു. 'സമത്വം' എന്ന സുപ്രസിദ്ധമായ പുസ്തകമെഴുതിയ ടാണി ഇതിനെക്കുറിച്ച് ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു: "സമത്വം എന്ന പദത്തിന്നു് ഒന്നിലേറെ അർത്ഥമുണ്ടെന്നുള്ളതു വ്യക്തമാണു്. മനുഷ്യർക്കൊക്കെ പ്രകൃതിസിദ്ധമായ സ്വഭാവവിശേഷങ്ങളും ബുദ്ധിയും ആകപ്പാടെ നോക്കുമ്പോൾ ഏതാണ്ടു് ഒരുപോലെയാണെന്നു് ഒന്നുകിൽ ആ പദംകൊണ്ടു വിവക്ഷിക്കാം. അല്ലെങ്കിൽ, മനുഷ്യർതമ്മിൽ വ്യക്തിപരമായ സ്വഭാവത്തിലും കെല്പിലും വലിയ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും മനുഷ്യർ എന്ന നിലയിൽ

അവരെ ഒരുപോലെ കരുതുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണെന്നു് അതുകൊണ്ടു് അർത്ഥമാക്കാം. ആദ്യത്തെ അർത്ഥത്തിലുള്ള സമത്വം സ്പഷ്ടമായും സ്വീകാര്യമല്ല. സ്പൃഹണീയമെന്നു കരുതപ്പെടുന്ന സമത്വം, കഴിവിലോ, നേട്ടങ്ങളിലോ, അല്ല, നേരെമറിച്ചു്, പരിതഃസ്ഥിതികളേയോ സ്ഥാപനങ്ങളേയോ ജീവിതരീതിയേയോ ആശ്രയിച്ചിരിക്കുന്നു അനാശാസ്യമെന്നു കരുതപ്പെടുന്ന അസമത്വം, വ്യക്തിപരമായ സിദ്ധികളിലും വൈശിഷ്ട്യങ്ങളിലുമുള്ള അസമത്വമല്ല. സാമുദായികവും സാമ്പത്തികവുമായ പരിതഃസ്ഥിതിയിലുള്ള അസമത്വമാണു്. മനുഷ്യർ മനുഷ്യരായതുകൊണ്ടു്, സാമുദായികസ്ഥാപനങ്ങൾ, വസ്തുവുടമസംബന്ധിച്ച അവകാശങ്ങൾ, വ്യാവസായികസംഘടനകൾ വിദ്യാഭ്യാസം, പൊതുജനാരോഗ്യസമ്പ്രദായങ്ങൾ മുതലായവ എല്ലാം ആസൂത്രണംചെയ്യുന്നതു കഴിയുന്നത്ര മനുഷ്യരാശിയെ വിഭജിക്കുന്ന വർഗ്ഗവ്യത്യാസങ്ങൾക്കു പകരം, ഒന്നിപ്പിക്കുന്ന ശക്തികൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടായിരിക്കണമെന്നത്രേ പറയുന്നതു്." ഈ അഭിപ്രായങ്ങൾ ഇന്നു പരക്കെ അംഗീകൃതമായിട്ടുണ്ടെങ്കിൽ, അതിൻെറ ഒരു കാരണം ടാണിയെപ്പോലെയുള്ളവർ ഈ അടിസ്ഥാനതത്വങ്ങൾ തെളിയിച്ചുകൊടുത്തതാണു്.

സമത്വത്തിനെതിരായി സാധാരണ പുറപ്പെടുവിക്കാറുള്ള ചില വാദമുഖങ്ങളെ ടാണി എതിർക്കുന്ന വിധവും ശ്രദ്ധേയമാണു്: "വ്യക്തിപരമായ വൈശിഷ്ട്യങ്ങളിലുള്ള വ്യത്യാസങ്ങളെ ആസ്പദമാക്കി പരിതഃസ്ഥിതികളിലോ അല്ലെങ്കിൽ ജീവിതാവസരങ്ങളിലോ വന്നുകൂടുന്ന വ്യത്യാസങ്ങളെ സാധൂകരിക്കണമെങ്കിൽ, ആവക വ്യത്യാസങ്ങളും, അസമത്വവും തമ്മിൽ ബന്ധപ്പെട്ടുകിട

ക്കുന്നു എന്നു തെളിയിക്കേണ്ടിവരും. 'ഒരമ്മയുടെ കുട്ടികൾ എല്ലാം ഒരുപോലെയല്ല, എന്നു് ഏതമ്മയ്ക്കും അറിയാം' എന്നു പുറപ്പെട്ടുന്ന വാദം അസമത്വത്തിനു് അനുകൂലം ആയിരിക്കണമെന്നില്ല. എന്തെന്നാൽ, ഈ പറഞ്ഞതിന്നു പുറമെ, അമ്മമാർ പ്രബലന്മാരായ കുട്ടികളെ അധികവും ബലഹീനന്മാരായ കുട്ടികളെ കുറച്ചും ആണോ സ്നേഹിക്കുക എന്ന ചോദ്യംകൂടി ചോദിക്കേണ്ടിവരും... അതുപോലെ അസമത്വങ്ങൾ നിയമാധിഷ്ഠിതങ്ങളാണെന്നു പറയുന്നതു് ഒരു വാദമല്ല; എന്തെന്നാൽ ഈ നിയമങ്ങളെല്ലാം പരിതഃസ്ഥിതിയേയും സ്ഥാപനങ്ങളേയും ആശ്രയിച്ചിരിക്കുന്നു; അവയാകട്ടെ സമുദായത്തിൽ ഒരു നിശ്ചിതസമയത്തുള്ള മൂല്യങ്ങളേയും ആദർശങ്ങളേയും താല്പര്യങ്ങളേയും ആശ്രയിച്ചത്രേ രൂപവൽകൃതങ്ങളായിട്ടുള്ളതു്."

രാഷ്ട്രീയമേഖലയിൽ സമന്മാരായി ഗണിക്കപ്പെട്ടുവരുന്നവരുടെ സമ്മതിദാനാവകാശത്തിന്മേൽ ഭരണാധികാരികളെ തിരഞ്ഞെടുക്കുകയും ഭരണതന്ത്രം നയിക്കുകയും ചെയ്യുന്ന സമ്പ്രദായമാണല്ലോ ഇന്നത്തെ ജനാധിപത്യം. പണ്ടത്തെ ഗ്രീക്കുനഗരരാജ്യങ്ങളിൽ നിലവിലിരുന്ന ജനാധിപത്യസമ്പ്രദായത്തെ അപേക്ഷിച്ചു് ഇന്നത്തെ രാഷ്ട്രീയഘടനയ്ക്കു നേരിടേണ്ടിവരുന്ന വേറൊരു പ്രശ്നം ഇന്നത്തെ രാഷ്ട്രങ്ങളിലെ പൗരന്മാരുടെ സംഖ്യ എത്രയോ വർദ്ധിച്ചു വന്നിരിക്കുന്നു എന്നാണു്. ഈ ജനസംഖ്യാവർദ്ധനയോടുകൂടി വമ്പിച്ച ഒരു ഉദ്യോഗസ്ഥവൃന്ദവും, കേന്ദ്രീകരിച്ച ഒരു അധീശശക്തിയും ഇന്നത്തെ രാഷ്ട്രീയഘടനയ്ക്കു് ആവശ്യമായി വന്നിരിക്കുന്നു. ഇവ രണ്ടും സാധാരണപൗരനെ രാഷ്ട്രീയനയത്തിൻെറ നടത്തിപ്പിൽനിന്നു് അകററുന്നു. ഈ കുഴപ്പത്തിനു് ഒരു

പരിഹാരം വികേന്ദ്രീകരണമാണ്. അതായതു തദ്ദേശഭരണസ്ഥാപനങ്ങളെ വികസിപ്പിക്കുകയും അതുവഴി ഒരു ദേശത്തിലെ പരിമിതമായ ജനസംഘത്തിനു നേരിട്ടു രാഷ്ട്രീയഘടനയിൽ പങ്കുകൊള്ളുവാൻ അവസരം നല്കുകയും ചെയ്യുക. ഇത്രതന്നെ ജനസമ്മതികിട്ടാത്ത വേറൊരു ഉപായമുള്ളതു തൊഴിൽസംഘങ്ങൾ (ഗിൽഡുകൾ) വഴി ഓരോ വ്യവസായത്തിനും തൊഴിലിനും ഒരു മാതിരി സ്വയംഭരണം ഏർപ്പെടുത്തുകയാണ്.

ഈമാതിരിയുള്ള സംഘടനാപരമായ മാററങ്ങൾ വരുത്തിയാലും ജനാധിപത്യസമ്പ്രദായത്തിനു വേറെ ചില പ്രശ്നങ്ങൾ നേരിടേണ്ടതായിട്ടുണ്ട്. അവയിൽ ഒന്നു്, മുമ്പത്തേക്കാൾ എത്രയോ അധികം പ്രചാരണോപായങ്ങൾ ഇപ്പോൾ വദ്ധിച്ചിട്ടുണ്ടെന്ന വസ്തുതയിൽ നിന്നുണ്ടായിട്ടുള്ളതാണ്. ഗതാഗതത്തിൽ വന്നിട്ടുള്ള അഭൂതപൂവ്വമായ വികാസം, പുസ്തകങ്ങളുടേയും പത്രങ്ങളുടേയും സീമാതീതമായ വദ്ധന, സിനിമ, റേഡിയോ മുതലായവയുടെ വളർച്ച, പാശ്ചാത്യരാജ്യങ്ങളിൽ ഇന്നേ പ്രചുരപ്രചാരമായതും ഇന്ത്യയിൽ നാളെ അല്ലെങ്കിൽ മററന്നാൾ പരക്കെ പ്രചരിക്കാൻപോകുന്നതുമായ ടെലിവിഷൻ—ഇതെല്ലാം മനുഷ്യരുടെ അഭിപ്രായങ്ങളെ നിയന്ത്രിക്കാൻ ശക്തിമത്തായ ഉപാധികളായിത്തീന്നിരിക്കുന്നു. അവ മുഖാന്തിരം ഭരണാധികാരികൾക്കോ ഏതെങ്കിലും കക്ഷികൾക്കോ ചുമത്താൻ സാധിക്കുന്ന സ്വാധീനശക്തിയെ ആശ്രയിച്ചിരിക്കും ഭാവിയിലെ സംസ്കാരത്തിൻെറ സ്വഭാവവും രാഷ്ട്രീയത്തിൻെറ പോക്കും. ഈ രണ്ടു കാര്യത്തിലും ഒരു ജനത ഉയന്ന നിലവാരം പുലത്തണമെങ്കിൽ അതിന്നു് അടിസ്ഥാനമായി അവരുടെ വിദ്യാഭ്യാസത്തിൻെറ നിലവാരം ഉയന്നി

രിക്കണം. കൂടാതെ ആ ഉയൎന്ന വിദ്യാഭ്യാസത്തിൻെറ അധിഷ്ഠാനത്തിൽ സ്വതന്ത്രമായ വാദപ്രതിവാദവും നടക്കുന്നുണ്ടായിരിക്കണം. അല്ലെങ്കിലത്തെ ഫലം രാഷ്ട്രീയമേഖലയിൽ സൎവ്വാധിപത്യമാണെന്നുള്ളതു ചരിത്രത്തിലെ പുരാതനവും ആധുനികവുമായ സംഭവങ്ങൾ ഒരുപോലെ തെളിയിച്ചിട്ടുണ്ടു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

# മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതി

നിലവിലുള്ള സാമ്പത്തികഘടന, അതിന്റെ രൂപം എന്തുതന്നെയായാലും സാമുദായികബന്ധങ്ങളേയും സംസ്കാരത്തെ പൊതുവേയും എത്രമാത്രം ബാധിക്കും എന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. മാർക്സിയൻസിദ്ധാന്ത പ്രകാരം സാമ്പത്തികവ്യവസ്ഥിതിക്കുള്ള സർവ്വോപരിയായ സ്ഥാനം വകവെച്ചുകൊടുക്കാത്തവർകൂടി, രാഷ്ട്രീയ ഘടനയേയും അന്താരാഷ്ട്രീയനയത്തേയും അതു സാരമായി ബാധിക്കുന്നു, എന്നു സമ്മതിക്കുന്നവരാണ്. സാമൂഹ്യജീവിതത്തിൽ സാമ്പത്തികവ്യവസ്ഥിതിയുടെ അത്യധികമായ പ്രാധാന്യം ഓർക്കുമ്പോൾ കഴിഞ്ഞ കുറേക്കാലമായി സാമ്പത്തികഘടനയിൽ വന്ന മാററങ്ങളേയും അതിന്റെ അടിസ്ഥാനമായ ധനശാസ്ത്രതത്വങ്ങളേയും കുറിച്ച് ആലോചിക്കേണ്ടതു് ആവശ്യമായിത്തീരുന്നു.

ധനശാസ്ത്രത്തിന്റെ ഇപ്പോഴത്തെ മൗലികനിയമങ്ങൾ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലായിട്ടാണു രൂപവൽകൃതമായതു്. അവയുടെ ആദ്യത്തെ പ്രണേതാക്കളായ ആഡം സ്മിത്ത് (1723—1790) റിക്കാർഡോ (1772—1823) മാൽത്തുസ്സ് (1766—1834) എന്നിവർ പതിനെട്ടാംശതാബ്ദത്തിന്റെ ഒടുവിലും, പത്തൊൻപതാംശതാബ്ദത്തിന്റെ ആദ്യവും ആണു ജീവിച്ചിരുന്നതു്. അന്നു് അവർ ജീവിച്ചിരുന്ന ഇംഗ്ലണ്ടിലെ പരിതസ്ഥിതിതേയും സാമ്പത്തികഘടനനേയും ആസ്സദമാ

ക്കിയായിരുന്നു മിക്കവാറും ഈ നിയമങ്ങൾ രൂപവൽക്കൃതമായതെന്നും പറയാം. അന്നത്തെ സ്ഥിതിഗതികൾ ഇന്നു് ആകെ മാറിയിരിക്കുന്നു. അതോടുകൂടി ആ നിയമങ്ങളും നിരൂപണത്തിനു വിധേയമായിത്തീൎന്നു എങ്കിൽ അത്ഭുതമില്ലല്ലൊ. ഈ നിരൂപണങ്ങൾക്കു് ഇന്നും ഏകരൂപത കൈവന്നിട്ടില്ല. കൂടാതെ, ആഡം സ്മിത്ത് മുതൽപേർ രൂപവൽക്കരിച്ച ധനശാസ്ത്രനിയമങ്ങൾ പരമ്പരാഗതമായി പിന്നീടു വികസിച്ചുവരികയും, അവ ഇന്നും അടിസ്ഥാനനിയമങ്ങളായി കണക്കാക്കപ്പെടുകയും ചെയ്യുന്നു. അവ ഒരുതരത്തിൽ ധനശാസ്ത്രത്തിലെ യാഥാസ്ഥിതികപാരമ്പര്യമാണു്. പുതിയ പ്രവണതകളുടെ വെളിച്ചത്തിൽ പൊന്തിപ്പുറപ്പെട്ടിട്ടുള്ള നിരൂപണങ്ങൾ ഈ യാഥാസ്ഥിതികപ്രമാണങ്ങളോടു പൊരുതിക്കൊണ്ടിരിക്കുകയാണു്; അവയ്ക്കു് ഇന്നും ശാസ്ത്രീയാംഗീകരണം കിട്ടിക്കഴിഞ്ഞു എന്നു പറഞ്ഞുകൂടാ.

എന്താണു് സാമ്പത്തികവ്യവസ്ഥിതിയെക്കുറിച്ചുള്ള ചിന്താഗതിയിൽ കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി വന്നിട്ടുള്ള മാററങ്ങൾ? അവയെ പ്രധാനമായി നാലായി തരംതിരിക്കാം. ഒന്നാമതായി കഴിഞ്ഞ ശതാബ്ദത്തിൽ ഏറെക്കുറെ നിലവിലിരുന്നതും ആദ്യത്തെ ധനശാസ്ത്രജ്ഞന്മാർ അഭേദ്യമെന്നു വിഭാവനംചെയ്തതുമായ മത്സരക്കമ്പോളമാതൃകയിൽ വന്ന മാററങ്ങളും തന്മൂലം സാമ്പത്തികഘടനയിൽ വന്ന ഭേദഗതികളും. രണ്ടാമതായി, ഉപഭോക്താക്കളുടെ ആവശ്യമനുസരിച്ചു് സാധനങ്ങൾ ഉണ്ടാക്കുക എന്ന സമ്പ്രദായം വിട്ടു് വ്യവസായസംവിധാതാക്കളുടെ പ്രേരണയനുസരിച്ചു് ഉപഭോക്താക്കളുടെ ആവശ്യങ്ങളെ നിയന്ത്രിക്കുവാനുള്ള പ്രവണതയും അതിന്റെ പ്രത്യാഘാതങ്ങളും. മൗലികാവശ്യങ്ങ

ളേക്കാൾ സുഖഭോഗസാമഗ്രികളുടെ എണ്ണം കൂടിയ സമൃദ്ധസമുദായങ്ങളിലാണ് ഈ ഒടുവിൽ പറഞ്ഞ മാററം അധികം വന്നിട്ടുള്ളതെങ്കിലും മററു സമുദായങ്ങളെ, പ്രത്യേകിച്ചും, സമൃദ്ധിസംപൂർണ്ണമായ ജീവിതം നയിക്കുന്ന അതിലെ ഉപഭോക്തൃവിഭാഗത്തെ സംബന്ധിച്ചും,ഗണിക്കുമ്പോൾ ഇതു വാസ്തവമാണ്. സാധനോല്പാദനത്തിൽ വന്ന സാങ്കേതികമായ പുരോഗമനവും, അതു് സാമ്പത്തിക ഘടനയിലും തൊഴിൽവൈദഗ്ദ്ധ്യവിതരണത്തിലും, ഉത്ഭവിപ്പിച്ച മാററങ്ങളുമാണ് മൂന്നാമതായി പരിഗണിക്കേണ്ടതു്. നാലാമതായി വന്ന മാററം സാമ്പത്തികപുരോഗമനത്തിൽ സാങ്കേതികമായ അറിവും മൂലധനവും ആവശ്യമാണെങ്കിലും, അത്രയോ അതിൽ കൂടുതലോ ആവശ്യമാണ് സമുദായത്തിനെ മുഴുവൻ സ്പർശിക്കുന്ന മാററങ്ങളും പ്രത്യേകിച്ച് സാധനോല്പാദനത്തിൽ അന്തർഭവിച്ച മാനുഷികപ്രശ്നങ്ങളുടെ നിവാരണവും എന്ന അംഗീകരണം. ഇതിന്നർത്ഥം ന്യായമായ ഒരു സാമൂഹ്യനീതിവ്യവസ്ഥയും വ്യാവസായികസംവിധായകന്മാരും തൊഴിലാളികളും തമ്മിലുള്ള ബന്ധത്തിൻെറ സുരക്ഷിതത്വവും ഇവിടെ തുല്യപ്രാധാന്യമർഹിക്കുന്നു എന്നത്രെ. സാമ്പത്തികപുരോഗമനത്തിന്നു് ആവശ്യമായ സാമൂഹ്യമാററങ്ങൾ, വ്യാവസായികമായി വികസിതമായ പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചേടത്തോളം കഴിഞ്ഞ ശതാബ്ദത്തിൽ ഏറെക്കുറെ വന്നു കഴിഞ്ഞതുകൊണ്ടു്, അവികസിതരാജ്യങ്ങളെക്കുറിച്ചാണ് ഈമാതിരി പ്രശ്നങ്ങൾ ഇപ്പോൾ അധികമായി കാണാറുള്ളതു്. അവയിൽ ചിലതിൽ സാമ്പത്തികോത്ഥാനത്തിൻെറ പ്രഥമോപാധികളായ ഉറപ്പുള്ള ഭരണകൂടം, സാമുദായിക ഭദ്രത, സാമൂഹ്യനീതിവ്യവസ്ഥ, വിദ്യാഭ്യാസസമ്പ്രദാ

യം മുതലായവയോ, ഗതാഗതസൗകര്യങ്ങൾ, വിദ്യുച്ഛ ക്തി മുതലായ ഭൗതികസാഹചര്യങ്ങളോ ആദ്യം പ്രതി ഷ്ഠാപിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ മേഖലക ളിൽ എല്ലാംതന്നെ, വികസിതരാജ്യങ്ങളിൽ വിജയക രമായി കണ്ടിട്ടുള്ള സമ്പ്രദായങ്ങളെ അപ്പടി പകൎത്തുക യല്ല വേണ്ടതു് എന്നും, ഓരോ രാജ്യത്തുമുള്ള പരിതഃസ്ഥി തികൾക്കു് അനുയോജ്യമാംവിധം അവയെ സംവിധാനം ചെയ്യേണ്ടതാണെന്നുംകൂടി ഓൎക്കേണ്ടതാണു്. വികസി തരാജ്യങ്ങളിൽ തൊഴിലിൽ ഏൎപ്പെട്ടിരിക്കുന്നവരുടെ എണ്ണം ഉയൎന്നിരിക്കുകയാണു്; ആ നില പുലൎത്തിക്കൊ ണ്ടുപോവുക അവിടെ ഒരു പ്രധാന പ്രശ്നമാകുന്നു. നേരെ മറിച്ചു്, അവികസിതരാജ്യങ്ങളിൽ പരക്കെ തൊഴി ലില്ലായ്മയോ ഓരോരുത്തൎക്കും വേണ്ടത്ര തൊഴിലില്ലാ ത്ത അവസ്ഥയോ ആണു്; അവിടെ മൂലധനം കുറവും തൊഴിൽ ചെയ്യാവുന്നവരുടെ എണ്ണം താരതമ്യേന അധി കവും ആകുന്നു. അതുകൊണ്ടു് അവിടത്തെ സാമ്പത്തിക നയത്തിൽ, കൂടുതൽ തൊഴിൽ ഉണ്ടാക്കുക ഒരു പ്രധാനോ ദ്ദേശ്യമായിരിക്കണം. ഈ രണ്ടുതരത്തിലുള്ള രാജ്യങ്ങ ളിൽ സാങ്കേതികമായ അറിവിന്റെ ഫലമായി വന്നി ട്ടുള്ള യന്ത്രങ്ങൾ അവതരിപ്പിക്കുന്നതിലും മററും വ്യത്യ സ്തനയങ്ങൾ അനുകരിക്കേണ്ടതാണെന്നുള്ളതും ഈയിടെ ഉണ്ടായ സാമ്പത്തികചിന്താഗതിയിൽ പ്രാധാന്യംകിട്ടി യിട്ടുള്ള ഒരാശയമാണു്.

പണ്ടത്തെ ധനശാസ്ത്രജ്ഞന്മാർ വിഭാവനംചെയ്ത മത്സരക്കമ്പോളസമ്പ്രദായത്തിൽ വന്ന മാററങ്ങളെപ്പററി ആദ്യം ആലോചിക്കാം. ഒരു വ്യവസായത്തിൽ ഒട്ടനവ ധി ആളുകൾ സാധനങ്ങൾ വില്ക്കാനും, അതുപോലെ അ നവധി ആളുകൾ അവ വാങ്ങാനും വേണമെന്നതാണു്

ഈ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്വം. വേറൊരു വിധം പറയുകയാണെങ്കിൽ, ധാരാളം ക്രേതാക്കളുടേയും വിക്രേതാക്കളുടേയും മത്സരത്തിന്റെ ഫലമായി ഒരു സാധനത്തെ സംബന്ധിച്ചുള്ള ചോദനപ്രദാനങ്ങൾ തുല്യതയിലെത്തുകയും സാധനത്തിന്നു് ഒരു വില സ്ഥാപിതമാവുകയും ചെയ്യുന്നു. ഈ സമ്പ്രദായത്തിൻെറ പ്രവത്തനത്തിൽ, ഓരോ സാധനങ്ങളുടെ വില അന്യോന്യവും പരക്കെയും അറിഞ്ഞിരിക്കണം; തന്നെയുമല്ല, ഈ സാധനവിലയെ സാരമായി ബാധിക്കത്തക്കവണ്ണം ഒരാളുടെയും ചോദനപ്രദാനങ്ങൾ വലുതാവുകയുമരുതു്. ഈ സ്ഥിതികൾ വ്യാവസായികവികാസത്തിൻെറ ആദ്യദശയായ പതിനെട്ടും പത്തൊമ്പതും ശതാബ്ദങ്ങളിൽ ഏതാണ്ടു യാഥാർത്ഥ്യംതന്നെയായിരുന്നു.

മത്സരക്കമ്പോളസമ്പ്രദായത്തിൻെറ പ്രവത്തനം തൃപ്തികരമായി അന്നു് ആളുകൾക്കു തോന്നിയിരുന്നു. ഏതു സാമ്പത്തികഘടനയുടെയും പ്രവത്തനം സാമ്പത്തികമായ ചില ലക്ഷ്യങ്ങളെ മുൻനിത്തിയാണു്. സമുദായത്തിന്നു് ആവശ്യമുള്ള സാധനങ്ങൾ ആവശ്യമുള്ളത്ര ഉല്പാദിപ്പിക്കേണ്ടതായിട്ടുണ്ടു്. കൂടാതെ, സാമ്പത്തികഘടന കാര്യക്ഷമമായി പ്രവത്തിക്കണമെങ്കിൽ, അതിൻെറ ഘടകങ്ങളെ വേണ്ടുംവണ്ണം പൂണ്ണമായി ഉപയോഗിക്കുകയും വേണം. ഇപ്പോൾ ഉപയോഗിക്കേണ്ട ഉപഭോഗവസ്തുക്കൾ ഉണ്ടാക്കാൻ ഭാവിയിലെ ഉപഭോഗവസ്തുക്കൾ ഉണ്ടാക്കാനുള്ള യന്ത്രങ്ങൾ മുതലായ ഉല്പാദനോപകരണങ്ങൾ ഉണ്ടാക്കാനുമായി ധനാഗമമാർഗ്ഗങ്ങളെ വിഭജിക്കണം. പുതിയതും കുറേക്കൂടി കാര്യക്ഷമവുമായ ഉല്പാദനോപകരണങ്ങൾ കണ്ടുപിടിക്കാനും ഇപ്പോഴത്തെ സമ്പത്തിൻെറ ഒരു ഭാഗം വിനിയോഗിക്കേണ്ടിവരും. ഈ കാര്യങ്ങളി

ലെല്ലാംതന്നെ മത്സരക്കമ്പോളസമ്പ്രദായം ഏറ്റെക്കുറെ തൃപ്തികരമായിത്തോന്നി. സാധനനിർമ്മാതാക്കളുടെ പ്രയത്നങ്ങളും, ഉപഭോക്താക്കളുടെ ആവശ്യങ്ങളും, സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ടിരിക്കും. ഏതെങ്കിലും ഒരു ഉല്പാദനഘടകം അല്പംകൂടി ഉപയോഗിച്ചു സാധനനിർമ്മാണത്തിലേർപ്പെടാൻതക്ക വില, അതിനെ അതിർത്തിവില എന്നു പറയുക, തന്നെയാണ് ഉപഭോക്താക്കൾ കൊടുക്കാൻ തയാറാവുന്ന വിലയും. ഉപഭോക്താക്കൾക്ക് ഏതെങ്കിലും ഒരു സാധനത്തിൻെറ ആവശ്യം കുറയുകയാണെങ്കിൽ ആ സാധനത്തിൻെറ കുറഞ്ഞ വിലവഴി വ്യവസായസംവിധായകന്മാർ അഥവാ ആ സാധനനിർമ്മാതാക്കൾക്ക്, ഈ വസ്തുസ്ഥിതിയുടെ അറിവു കിട്ടും. അപ്പോൾ ആ സാധനം ഉണ്ടാക്കുന്നതിനുള്ള ചെലവു ചുരുക്കാനും, അതിനുവേണ്ടി സാധനത്തിൻെറ ഉല്പാദനഘടകത്തിനു കൊടുക്കാവുന്ന അതിർത്തിവില കുറയ്ക്കുവാനും വ്യവസായസംവിധായകന്മാർ നിർബ്ബന്ധിതരാകുന്നു. ഇതിൻെറ അനന്തരഫലം, ഒരു പ്രത്യേകസാധനം നിർമ്മിക്കുന്നതിനു പകരം, ഉല്പാദനഘടകങ്ങളെ മറ്റു കുറേക്കൂടി വിലകൂടിയ സാധനങ്ങൾ ഉണ്ടാക്കുന്നതിനായി വിനിയോഗിക്കുക എന്നുള്ളതാണ്. ഇപ്രകാരം ധനാഗമമാർഗ്ഗങ്ങൾ ഏററവുമധികം ആവശ്യമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കാനായി വിഭജിക്കപ്പെടുന്നു. അഥവാ, ഇന്നത്തെ ചിന്താഗതിയുടെ വെളിച്ചത്തിൽ ആവശ്യമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കാനായി ഉപഭോക്താക്കളുടെ ക്രയശക്തി വിഭജിക്കപ്പെടുന്നു. ഈ മത്സരക്കമ്പോളസമ്പ്രദായത്തിൽ അന്നത്തെ അഭിപ്രായപ്രകാരം സ്ഥായിയായ തൊഴിലില്ലായ്മയ്ക്കു സ്ഥാനമില്ലായിരുന്നു. ഏതെങ്കിലും ഒരു സാധനത്തിൽ ഉപഭോക്താക്കൾക്കുള്ള ആഗ്രഹം,

അഥവാ, ചോദനം കുറയുകയാണെങ്കിൽ, അതിനുവേണ്ടി മുമ്പു ചെലവാക്കിവന്ന അവരുടെ വരവിൻെറ ഭാഗം വേറെ ഒരു സാധനത്തിനുവേണ്ടി വിനിയോഗിക്കപ്പെടുന്നു. ഉപഭോക്താക്കൾക്കു് ആഗ്രഹം കൂടിവരുന്ന സാധനങ്ങളുടെ നിർമ്മാണം വികസിക്കുകയും, തൊഴിലാളികൾ ആ സാധനനിർമ്മാണത്തിലേക്കുവേണ്ടി മററു വ്യവസായോല്പാദനശ്രമങ്ങളിൽനിന്നു മാറുകയും ആണു് ഇതിൻെറ ഫലം. ഈ മററത്തിനിടയ്ക്കുള്ള തൊഴിലില്ലായ്മയേ ഈ സമ്പ്രദായം വിഭാവനംചെയ്തിരുന്നുള്ളു.

ഏതാണ്ടു മുകളിൽ സൂചിപ്പിച്ച നിയമം അനുസരിച്ചുതന്നെ ധനാഗമമാർഗ്ഗങ്ങൾ, ഇപ്പോൾ ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിനായും, ഭാവിയിൽ വേണ്ട സാധനങ്ങൾ നിർമ്മിക്കാനുള്ള ഉല്പാദനോപകരണങ്ങൾ ഉണ്ടാക്കുന്നതിനായും, വിഭജിക്കപ്പെടുന്നു. ഭാവിയിൽ വിനിയോഗിക്കാനായി ധനം മാററിവെക്കാൻ സമ്മതമുള്ളവർ ചോദിക്കുന്ന വില, അതായതു പലിശ, ആണു് ഈ തത്വപ്രകാരം ഈ വിഭജനത്തെയും നിയന്ത്രിക്കുന്നതു്. പൊതുവിൽ പറയുകയാണെങ്കിൽ, വ്യാവസായികനിക്ഷേപത്തിൽനിന്നു കിട്ടുന്ന ലാഭം കൂടുമ്പോൾ, പലിശയും സമ്പാദിക്കപ്പെടുന്ന തുകയും കൂടുന്നു; അതേ പ്രക്രിയകൊണ്ടുതന്നെ വർത്തമാനകാലത്തിൽ വിനിയോഗിക്കപ്പെടുന്ന ധനാഗമമാർഗ്ഗങ്ങളും ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെ എണ്ണവും തിട്ടപ്പെട്ടുവരുന്നു. അപ്രകാരം വർത്തമാനകാലത്തിലുണ്ടാവുന്നതും ഭാവികാലത്തു് ഉണ്ടാകാവുന്നതുമായ സാധനങ്ങൾ തമ്മിൽ ഒരു തുല്യത സ്ഥാപിതമാവുകയും ചെയ്യുന്നു. വേറൊരു വിധം പറയുകയാണെങ്കിൽ, ഒരാളുടെ വരവു്, ഇപ്പോഴത്തേക്കോ, സമ്പാദ്യം മുഖാന്തിരം വിദൂരമായ ഭാവിയിലേക്കു

വേണ്ടിയോ വിനിയോഗിക്കുന്നു. ഈ വിനിയോഗത്തിലുള്ള അനുപാതക്രമം അനുസരിച്ച് ഇപ്പോൾ കിട്ടുന്ന ഉപഭോഗവസ്തുക്കൾ കൂടിയോ, കുറഞ്ഞോ ഇരിക്കും; അതിൻെറ പ്രതിബിംബമായി ഭാവിയിൽ കിട്ടുന്ന ഉപഭോഗവസ്തുക്കളും—ഒരു തരത്തിൽ അവ ഇപ്പോൾ ഉണ്ടാക്കുന്ന ഉല്പാദനോപകരണവസ്തുക്കളാണ്—കുറഞ്ഞോ കൂടിയോ ഇരിക്കും. അതായത് ഉല്പാദനോപകരണവസ്തുക്കളേയുംകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ, ആകെയുള്ള സാധനങ്ങളുടെ ചോദനപ്രദാനങ്ങൾ തുല്യമായിരിക്കും. ഈ സ്ഥിതിയിൽ ആകെയുള്ള ചോദനശക്തി കുറഞ്ഞുവരിക എന്ന അവസ്ഥ—അതാണ വ്യവസായം മന്ദിച്ചുപോകാനുള്ള സ്ഥായിയായ കാരണം—അസംഭാവ്യമായി യാഥാസ്ഥിതികധനശാസ്ത്രതത്വം കണക്കാക്കുന്നു. വ്യാവസായികചക്രത്തിൻെറ ഇടയ്ക്കിടയ്ക്കുള്ള താഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണം, അതുകൊണ്ട്, സാമ്പത്തികഘടനയുടെ ആന്തരമായ ന്യൂനതയിലല്ല, പ്രത്യുത, ബാഹ്യമായ സംഭവങ്ങളിലാണ് അന്നത്തെ ധനശാസ്ത്രജ്ഞന്മാർ കണ്ടിരുന്നതു്.

കഴിഞ്ഞ കുറച്ചുകാലമായി മത്സരക്കമ്പോളസമ്പ്രദായത്തെ ആശ്രയിച്ചുള്ള സാമ്പത്തികഘടനയിൽ ചില ഭേദഗതികൾ വന്നിട്ടുണ്ട്. ഒന്നാമതായി വ്യവസായലോകത്തിൽ ഏതെങ്കിലും ഒരു സാധനത്തിൻെറ വിലയെ സാരമായി ബാധിക്കാൻ കെല്പില്ലാത്ത അനേകം വ്യവസായസംവിധായകന്മാർക്കു പകരം താരതമ്യേന ചുരുക്കം ചില സംവിധായകന്മാർ വന്നുചേർന്നു. അതായതു്, സ്വാതന്ത്ര്യമത്സരമെന്നതിനേക്കാൾ ഒരു കുത്തകയുടെ ഛായ വ്യാപാരത്തിൽ കടന്നുകൂടി. വ്യാവസായികപുരോഗമനം സിദ്ധിച്ച അമേരിക്കൻ ഐക്യനാടുകളെ സംബന്ധിച്ചു മാത്രമല്ല, വ്യവസായത്തിൽ അവികസിതമായ ഇന്ത്യ

KOTTAYAM PUBLIC LIBRARY

യെക്കുറിച്ചും ഇതു് ഏറെക്കുറെ വാസ്തവമാണു്. ഉദാഹരണമായി 1951-ൽ ഇന്ത്യയിൽ 600 വ്യവസായസ്ഥാപനങ്ങൾ നിയന്ത്രിച്ചുവന്നതു് ഇരുപത്തഞ്ചോളം വ്യാവസായികസംവിധായകന്മാരായിരുന്നു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിനു പല കാരണങ്ങളുണ്ടു്. കൃഷി മുതലായ ചില തൊഴിലുകൾ മാററി നോക്കിയാൽ വമ്പിച്ച തോതിലുള്ള സാധനോല്പാദനം പൊതുവേ കൂടുതൽ ആദായകരമാണു്. ഉദാഹരണമായി പരിചയക്കൂടുതൽകൊണ്ടു സംഘടനാപരവും ഭരണസംബന്ധവുമായ ചെലവുകൾ കുറയ്ക്കാൻ സാധിക്കും. ഈമാതിരിയുള്ള കാരണങ്ങളാൽ കുറെ വികസിച്ചുകഴിഞ്ഞ ഏതെങ്കിലും വ്യവസായത്തിൽ പുതിയ സംവിധായകന്മാക്ക് പ്രവേശനം സുസാദ്ധ്യമല്ലാതായിത്തീന്നു. ഈ ഒരു പ്രവണതതന്നെ വ്യവസായഘടനയിൽ കുത്തകച്ഛായ വദ്ധിപ്പിച്ചു. അനേകം സാധനനിമ്മാതാക്കൾ, അഥവാ വ്യവസായസംവിധായകന്മാർ തമ്മിലുള്ള മത്സരം ആ പൊതുനിയമത്തിന്നു് അപവാദമായി ഏകമേധാവിത്വത്തിലുള്ള ചില കുത്തകക്കാർ, എന്നിങ്ങനെ വ്യാവസായികസംഘടന രണ്ടായി തരംതിരിയുന്നതിന്നു പകരം കുത്തകച്ഛായ കലന്ന ഒരുതരം അപൂണ്ണ മത്സരസമ്പ്രദായമായി സാമ്പത്തികഘടനയുടെ യഥാത്ഥ ഛായ ഇതിൽ വൻകിട വ്യാവസായികസംവിധായകന്മാക്കു് അവരവരുടെ സാധനങ്ങളുടെ വില തിട്ടപ്പെടുത്താൻ തെല്ലൊരധികാരം വന്നുചേന്നു. അതുപോലെതന്നെ സാധനങ്ങൾ വാങ്ങുന്നവരുടെ പക്ഷത്തിലും, ഉപഭോക്താക്കൾ കൂട്ടംകൂട്ടമായി സംഘടിച്ചു വലിയതോതിലുള്ള സാധനനിമ്മാതാക്കൾക്കു് ഒരു 'എതിർശക്തി' ആയി പ്രത്യക്ഷപ്പെട്ടു. ഈ 'എതിർശക്തി'യുടെ, ഉദാഹരണങ്ങളായി ഉപഭോക്താ

ക്കളുടെ പരസ്പരസഹായസംഘങ്ങൾ 'തുടക്കടകൾ' എന്നു വിളിക്കാവുന്ന ഒരേ ഉടമസ്ഥതയിൽ പ്രവത്തിക്കുന്ന അനേകം കടകൾ, പ്രത്യേകിച്ച് അമേരിക്കൻ ഐക്യനാട്ടുകളിൽ വികസിച്ചുവന്ന കാർഷികസംഘടനകൾ, എന്നിവയെ കണക്കാക്കാവുന്നതാണു്. വലിയ വ്യാവസായികസ്ഥാപനങ്ങൾക്കെതിരെ വളൎന്നുവന്ന ഭീമമായ ചില അമേരിക്കൻ തൊഴിലാളിസംഘങ്ങൾ, ഏതാദൃശങ്ങളായ എതിർശക്തികളുടെ ദൃഷ്ടാന്തങ്ങളാണെന്നു് 'എതിർശക്തി'യെന്ന ഈ ആശയം ആദ്യം പുറപ്പെടുവിച്ച ഗാൽബ്രേത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഈ നൂതനപ്രവണതകളുടെ ഫലമായി സാധനങ്ങളുടെ വില സാമ്പത്തികയന്ത്രത്തെ കാര്യക്ഷമമായി നിയന്ത്രിച്ചുവന്നു എന്ന ധാരണയ്ക്കു് ഉടവുതട്ടി. ഇതിൻെറ ഒരു ഫലം, സാമ്പത്തികകാര്യങ്ങളിൽ സക്കാരിന്റെ ഇടപെടൽ സാധൂകരിക്കാം എന്ന വിശ്വാസമായിരുന്നു. അമേരിക്കൻ സാമ്പത്തികലോകത്തിൽ വൻതോതിൽ ഇടപെട്ട പ്രസിഡൻറ് റൂസ്‌വെൽട്ടിൻെറ അഭിപ്രായം ഈ കാര്യത്തിൽ ശ്രദ്ധേയമാണു്. "രാഷ്ട്രത്തിൻെറ സാമ്പത്തികജീവിതം നിയന്ത്രിക്കാൻ ചിലക്കുള്ള ശക്തി പലക്കുമായി പരത്തുകയോ, അല്ലെങ്കിൽ പൊതുജനങ്ങൾക്കും അവർ തിരഞ്ഞെടുത്ത ഉത്തരവാദിത്വമുള്ള ഗവമ്മേണ്ടിന്നും ആയി വിട്ടുകൊടുക്കുകയോ വേണം. സാധനങ്ങളുടെ വില നിയന്ത്രിക്കപ്പെടുകയോ, ഏതെങ്കിലും ഭരണപരമായ ശക്തിക്കു വിധേയമാക്കുകയോ ചെയ്യുകയാണെങ്കിൽ—ഒരു രാഷ്ട്രത്തിൻെറ സാമ്പത്തികകാര്യങ്ങൾ അന്യോന്യമത്സരപ്രകാരമല്ലാതെ, പദ്ധതിപ്രകാരം ആസൂത്രണംചെയ്യുകയാണു വേണ്ടതെങ്കിൽ, അതിനുള്ള

ശക്തി ഒരു സ്വകാര്യസംഘത്തിലല്ല നിക്ഷിപ്തമാകേണ്ടതു്."

സാമ്പത്തികകാര്യങ്ങളിൽ ഗവമ്മേണ്ടു് അനുവത്തിക്കാവുന്ന നയങ്ങൾ സങ്കീണ്ണമായ ഒരു പ്രത്യേക പ്രശ്നമായതുകൊണ്ടു് അതു് ഈ ലേഖനപരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലെങ്കിലും, അതിനെക്കുറിച്ചു് ഈ സന്ദർഭത്തിൽ അല്പമൊന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി സാമ്പത്തികയന്ത്രത്തിൻെറ നടത്തിപ്പിൽ ഗവമ്മേണ്ടിടപെടൽ കൂടുതൽ സ്വീകാര്യമായി തീന്നിട്ടുണ്ടു്. ഇതിന്നു് ഒരു കാരണം സാമ്പത്തികഗതിയുടെ ഉയച്ച്യും താഴ്ച്ചയും സംബന്ധിച്ചുള്ള അഭിപ്രായങ്ങൾക്കു വന്നുചേന്ന മാററമാണു്. വ്യവസായത്തിൽ നിക്ഷേപിക്കുന്ന മൂലധനത്തുകയിലുള്ള ഏററക്കുറവാണു്, വ്യവസായപ്രവത്തനത്തിൻെറ—പൊതുവിൽ സാമ്പത്തികസ്ഥിതി, തൊഴിലിൽ ഏപ്പെട്ടിരിക്കൽ എന്നിവയുടെയും—ഉയച്ച്ക്കും താഴ്ച്ക്കും ഒരു കാരണം. ഈ മൂലധനനിക്ഷേപത്തുകയും, ഉപഭോക്താക്കൾ ഉപഭോഗത്തിനുള്ളതു കഴിഞ്ഞു സമ്പാദിക്കാൻ നീക്കിവെയ്ക്കുന്ന തുകയും, പലിശയാണു തിട്ടപ്പെടുത്തുന്നതെന്നു പരക്കെ വിശ്വസിച്ചുപോന്നു. അടുത്തകാലത്തായി കെയിൻസ്പ്രഭൃ രൂപവൽക്കരിച്ച സിദ്ധാന്തം, സമ്പാദ്യത്തുകയെ സംബന്ധിച്ച ചോദനവും പ്രദാനവും തമ്മിലുള്ള 'തുല്യതയില്ലായ്മ'യെ പലിശനിരക്കിൻെറ മാററങ്ങൾകൊണ്ടു നീക്കാൻ സാധിക്കുകയില്ല എന്ന വസ്തുത പ്രഖ്യാപിച്ചു. കൂടാതെ ഒരാളുടെ വരവിന്റെ എത്രത്തോളം ഭാഗം വസ്തുവകകളിൽ നിക്ഷേപിക്കണം, എത്രകണ്ടു കൈയിൽ പണമായി സൂക്ഷിച്ചുവെച്ചുകൊണ്ടിരിക്കണം എന്ന 'ആഗ്രഹ'ത്തെ അനു

സരിച്ചാണു പലിശ തിട്ടപ്പെട്ടുത്തുന്നതു് എന്നും സ്ഥാപിച്ചു. അതായതു് പണം കൈയിൽ റൊക്കമായി വെയ്ക്കാൻ സാധിക്കാത്തതിൻെറ ഒരു പ്രതിഫലമായി പലിശയെ കണക്കാക്കണമെന്നത്ഥം. ഈ സിദ്ധാന്തപ്രകാരം സമ്പാദ്യത്തുക കൂടിയതുകൊണ്ടുമാത്രം വ്യവസായത്തിൽ നിക്ഷേപിക്കുന്ന തുക കൂടിക്കൊള്ളണമെന്നില്ല. അതുകൊണ്ടു സാമ്പത്തികമാന്ദ്യസന്ദർഭങ്ങളിൽ ഗവമ്മേണ്ടു് ഇടപെട്ടു്, പൊതുമരാമത്തുകളിലും മററും പണം ഇറക്കി, 'വ്യവസായനിക്ഷേപത്തുക'യിൽ വന്ന കുറവിനെ പരിഹരിക്കണം. അല്ലെങ്കിൽ, ഗവമ്മേണ്ടു് നികുതിസമ്പ്രദായത്തിൽ ഭേദഗതികൾ വരുത്തി, മുതലാളികൾക്കു മൂലധനവ്യവസായത്തിൽ കൂടുതൽ നിക്ഷേപിക്കാനുള്ള ഉത്തേജനങ്ങൾ കൊടുക്കണം. എങ്ങനെ ആയാലും, സാമ്പത്തികമാന്ദ്യാവസ്ഥയിൽ, ഗവമ്മേണ്ടു് ഈ മാഗ്ഗങ്ങളിൽക്കൂടി ഇടപെട്ടാലേ സാധനനിമ്മാണവും തൊഴിലിൽ ഏപ്പെട്ടിരിക്കുന്നവരുടെ സംഖ്യയും വീണ്ടും ഉയത്തിക്കൊണ്ടുവരാൻ സാധിക്കൂ. സാമ്പത്തികമാന്ദ്യം എന്നു പറയുന്നതുകൊണ്ടുതന്നെ, എല്ലാ സാധനോല്പാദനഘടകങ്ങളും പൂണ്ണമായി വിനിയോഗിക്കാതിരിക്കുന്ന അവസ്ഥയാണു് അതു് എന്നു വരുന്നു. അതുകൊണ്ടു് ഗവമ്മേണ്ടിൻെറ ഇത്തരം ഇടപെടൽ, സ്വകാര്യമേഖലയിലെ സംവിധായകന്മാരുടേയോ മുതലാളികളുടേയോ വ്യാവസായികപ്രവൃത്തിയെ ബാധിക്കേണ്ടതില്ല. അതു് ബാധിക്കും എന്ന ഭയമാണു സാധാരണയായി ഗവമ്മേണ്ടു് ഇടപെടലിനു് എതിരായി ഉന്നയിക്കാറുള്ളതു്. ഈ ഭയം അസ്ഥാനത്തിലാണെന്നു വരുമ്പോൾ എതിപ്പിനും പ്രസക്തിയില്ലാതെ വരുന്നു.

സാധനനിമ്മാണത്തിൻെറ നിയന്ത്രണം, ഉപഭോ

ക്താക്കളുടെ ആവശ്യങ്ങളുടെ കൈയിൽനിന്നു വഴുതി സാമ്പത്തികസംവിധായകന്മാരുടെ പ്രേരണയുടെ കൈയിലായിപ്പോയി, എന്ന തത്വം ഗാൽബ്രേത്തിൻെറ സുപ്രസിദ്ധമായ 'സമൃദ്ധസമുദായം' എന്ന പുസ്തകത്തിൽ വാദിച്ചു സ്ഥാപിച്ചിട്ടുണ്ട്. ദാരിദ്ര്യം മനുഷ്യസമുദായത്തെ ആകെ അടക്കിവെച്ചിരുന്ന കാലങ്ങളുടെ പശ്ചാത്തലത്തിൽ രൂപവൽക്കരിച്ചവയാണ് ഇന്നത്തെ ശാസ്ത്രതത്വങ്ങളെന്നും, ആഹാരാദികളായ മൗലികാവശ്യങ്ങൾ പണ്ടത്തെ ധനികന്മാക്ക് ലഭിച്ചിരുന്നതില്പമെത്രയോ കൂടുതൽ സകലക്കും കിട്ടാവുന്ന ആധുനികസമുദായങ്ങളിൽ ഈ നിയമങ്ങൾ സാധുക്കളല്ലെന്നും ആണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. അദ്ദേഹത്തിൻെറ വാദമുഖങ്ങൾ പ്രത്യേകിച്ചു സംവിധായകന്മാരുടെ പ്രചാരണപ്രയത്നങ്ങൾമൂലം ഉപഭോക്താക്കളുടെ ആവശ്യങ്ങൾ വദ്ധിക്കുകയും, മാറുകയും ചെയ്യുന്നു എന്നുള്ള തത്വം, എല്ലാ സമുദായങ്ങളെക്കുറിച്ചും ഏറെക്കുറെ വാസ്തവമാണ്. ഈ കാര്യത്തിൽ പ്രസിദ്ധ ധനശാസ്ത്രജ്ഞനായ കെയിൻസ് പുറപ്പെടുവിച്ച അഭിപ്രായം ശ്രദ്ധേയമാണ്. "മനുഷ്യരുടെ ആവശ്യങ്ങൾ രണ്ടു തരത്തിലാണ്. ഒരു തരത്തിൽ ആവശ്യങ്ങൾ സ്വതേയുള്ളവ, അതായതു മററുള്ളവർ എങ്ങനെയായാലും ഉണ്ടാവുന്നവ. വേറൊരു തരത്തിലുള്ള ആവശ്യങ്ങൾ താരതമ്യേനയുള്ളവയാണ്, അതായതു് ആ ആവശ്യങ്ങൾ നിറവേററിയാൽ നാം മറ്റുള്ളവരേക്കാൾ മേന്മയുള്ളവരായി എന്നു നമുക്കു തോന്നുന്നവ." ഈ രണ്ടു മാതിരിയുള്ള ആവശ്യപരമ്പരകൾ നിറവേററാനുള്ള സാധനനിർമ്മാണത്തിൽ, ആദ്യത്തേതിനെ ഉപഭോക്താക്കളുടെ ആഗ്രഹങ്ങൾ നിയന്ത്രിക്കുകയാണെന്നു വെച്ചാൽത്തന്നെ, രണ്ടാമത്തേതിനെ

സംബന്ധിച്ചു സാമ്പത്തികസംവിധായകന്മാർ ഒട്ടധികം സ്വാധീനംചെലുത്തുന്നുണ്ടെന്നുള്ളതു സ്പഷ്ടമാണ്. ഗാൽബ്രേത്തിൻെറ സിദ്ധാന്തപ്രകാരം. ഒരു സമുദായം കൂടുതൽ സമൃദ്ധമായി വരുമ്പോൾ ആവശ്യങ്ങൾ, അവ നിറവേററുന്ന അതേ പ്രക്രിയകൊണ്ടുതന്നെ കൂടിക്കൂടി വന്നുകൊണ്ടിരിക്കുന്നു. അതായതു് ആവശ്യങ്ങളുടെ എണ്ണം സാധനനിർമ്മാണത്തിനെ അനുസരിച്ചു കൂടിവരുന്നു. ഇതിൽനിന്നു വരുന്ന ഒരു നിഗമനം, സാധനനിർമ്മാണം കൂടിയതുകൊണ്ടുമാത്രം സമുദായക്ഷേമം സിദ്ധിച്ചു എന്നു വിചാരിച്ചുകൂടാ എന്നാണ്. കൂടിയ സാധനനിർമ്മാണം കൂടുതൽ ആവശ്യങ്ങളെ സൃഷ്ടിക്കുകയും പിന്നീടു് അവയെ തൃപ്തിപ്പെടുത്തേണ്ടിവരികയും ചെയ്യുന്നു എന്നേയുള്ളൂ. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ആവശ്യങ്ങൾ ഏതുതരത്തിലുള്ളവയാണെന്നു സമുദായക്ഷേമത്തെക്കുറിച്ചു് ആലോചിക്കുമ്പോൾ, മനസ്സിരുത്തേണ്ടതുണ്ടു്. സിഗററും, കാറും, റേഡിയോവും ആണോ കൂടുതൽ ആവശ്യം. അതോ സ്ക്കൂളുകളും ആശുപത്രികളും ആണോ എന്ന ചോദ്യം ഇതിൽ അന്തർഭവിച്ചിരിക്കുന്നു.

ഈ ചോദ്യം ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കു് ഉത്തരം കാണാൻ സങ്കീർണ്ണങ്ങളായ പല കാര്യങ്ങളേയുംകുറിച്ചു് ആലോചിക്കേണ്ടിവരും. അതിനു് ഇവിടെ തുനിയുന്നില്ല. എങ്കിലും ഗാൽബ്രേത്തു് ചൂണ്ടിക്കാണിച്ച രണ്ടു വാദമുഖങ്ങളെ എടുത്തു പറയേണ്ടിയിരിക്കുന്നു. സ്വകാര്യസ്വത്തുടമകളായ മുതലാളികളുടെ അധീനത്തിൽ നിർമ്മിക്കുന്ന സാധനങ്ങളും, ഗവർമ്മേണ്ടിൻെറ അധീനത്തിൽ ഉണ്ടാക്കപ്പെടുന്ന സാധനങ്ങളുംതമ്മിൽ വേണ്ട ഒരു സാമൂഹ്യതുലൃതയാണു് ഒന്നാമത്തേതു്. രണ്ടാമത്തേതാകട്ടെ, ഇതോടു ബന്ധപ്പെട്ടുകിടക്കുന്ന വേറൊരു കാര്യമാണ്.

ഭൗതികമായ സാമഗ്രികൾ ഉണ്ടാക്കുന്നതിന്നായും വ്യക്തികളുടെ മാനസികമായ പുരോഗമനത്തിനും മററും വേണ്ട ഉപകരണങ്ങൾ ഉണ്ടാക്കുന്നതിന്നായും നിക്ഷേപിക്കുന്ന മൂലധനത്തുകകൾക്കുതമ്മിൽ വേണ്ട ഒരു നിക്ഷേപതുല്യതയാണതു്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇന്നു മിക്ക രാജ്യങ്ങളിലും, ഭൗതികസാധനങ്ങളുടെ നിർമ്മാണം നിയന്ത്രിക്കുന്നതു മിക്കവാറും സ്വകാര്യഉടമകളും മാനസികവും പൊതുജനക്ഷേമപരവുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതു പൊതുവുടമയുടെ അധിഷ്ഠാനമായ ഗവർമ്മേണ്ടും ആണു്. ഇതിൻെറ ഫലമായി ലാഭത്തിനെ ആസ്പദമാക്കി പ്രവർത്തിച്ചുവരുന്ന ഒന്നാമത്തെ ഇനം പ്രവർത്തനത്തിൽ നിക്ഷേപിക്കപ്പെടുന്ന ധനം ധാരാളവും താല്ക്കാലികലാഭത്തിന്നുതകാത്ത രണ്ടാമത്തെ ഇനം പ്രവർത്തനത്തിന്നു കിട്ടുന്ന ധനം കുറവും ആയിട്ടാണു കണ്ടുവരുന്നതു്. കാറുകൾ കൂടുതലാവുകയും കാറുകൾ ഓടിക്കാനുള്ള റോഡുകൾ പലപ്പോഴും ദയനീയാവസ്ഥയിലാവുകയുമാണു് ഇതിൻെറ ഒരു ഫലം. അതുപോലെ നഗരങ്ങളിൽ വ്യവസായസ്ഥാപനങ്ങളും ആളുകളും വർദ്ധിച്ചുവരുന്നു. ആ നഗരങ്ങളിലെ ശുചീകരണസമാധാനപരിപാലനസേവനങ്ങൾ അത്രയ്ക്കത്രയ്ക്കു മോശമാവുകയും ചെയ്യുന്നു.

ഇത്രതന്നെ ഗൗരവമുള്ള വേറൊരു സംഗതി, വ്യക്തികളുടെ മാനസികമായ അഭിവൃദ്ധിക്കു നിദാനമായ വിദ്യാഭ്യാസം ലാഭേച്ഛയില്ലാതെ പൊതുവുടമയുടെ അധീനത്തിലായതുകൊണ്ടു് ഭൗതികസാധനനിർമ്മാണത്തിന്നു കിട്ടുന്നതുപോലെ മൂലധനനിക്ഷേപം വിദ്യാഭ്യാസകാര്യങ്ങൾക്കു കിട്ടുന്നില്ല എന്നുള്ളതാണു്.

മനുഷ്യരിൽ നിക്ഷേപിക്കുന്ന മൂലധനമാണു് എല്ലാ

ററിലുമധികം വിലയേറിയ മൂലധനം എന്നു് ആൽഫ്രഡ് മാർഷൽ തൊട്ടു് ഇങ്ങോട്ടുള്ള ധനശാസ്ത്രജ്ഞന്മാർ എല്ലാം ഊന്നിപ്പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും വിദ്യാഭ്യാസ കാര്യത്തിന്നു പല രാജ്യങ്ങളും വേണ്ടത്ര പ്രാധാന്യം കൊടുത്തിട്ടില്ല. ഒരു തരത്തിൽ നോക്കുമ്പോൾ ഇതു് വിദ്യാഭ്യാസം അതു കിട്ടുന്ന ആളിനെ സംബന്ധിച്ചേടത്തോളം ഉപഭോഗപരമായ ഒരു കാര്യമായതുകൊണ്ടു് മൂലധന നിക്ഷേപങ്ങളുടെ കൂട്ടത്തിൽ അതിനെ ഉൾപ്പെടുത്താത്തതുകൊണ്ടായിരിക്കാം. വ്യാവസായികപുരോഗമനം പൊതുവിദ്യാഭ്യാസത്തേയും അതിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യാഭ്യാസത്തേയും, ആശ്രയിച്ചിരിക്കുന്നു എന്നു് ഇപ്പോൾ പൂർവ്വാധികം അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതിൻെറ ഒരു ഫലം, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങളിലെ സർവ്വകലാശാലാവിദ്യാഭ്യാസത്തിൻെറ പുനസ്സംഘടനമാണു്. അമേരിക്ക മുതലായ രാജ്യങ്ങളിലെ സ്ഥിതി അപേക്ഷിച്ചു് ഇംഗ്ലണ്ടിൽ ഉന്നതവിദ്യാഭ്യാസത്തിന്നു പോകുന്നവരുടെ എണ്ണം തുലോം കുറവാണു്. ഇന്നു് മൂന്നിലൊരാൾക്കു് അമേരിക്കയിലും, ആറിലൊരാൾക്കു് കാനഡയിലും, ഒൻപതിൽ ഒരാൾക്കു് ആസ്ത്രേലിയയിലും, പന്ത്രണ്ടിൽ ഒരാൾക്കു് ഇംഗ്ലണ്ടിലും റഷ്യയിലും ഉപരിവിദ്യാഭ്യാസസാദ്ധ്യതകളുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ സ്ഥിതി വളരെ ശോചനീയമാണു്. നമ്മുടെ സാമ്പത്തികവികസനത്തിന്നു വിദ്യാഭ്യാസം, പ്രത്യേകിച്ചു് ശാസ്ത്രീയസാങ്കേതികവിദ്യാഭ്യാസം, നേടുന്നവരുടെ എണ്ണം ഇപ്പോഴത്തേതിനേക്കാൾ വളരെ ഏറെ കൂടിവരേണ്ടിയിരിക്കുന്നു എന്നു് ഇതിൽനിന്നു സ്പഷ്ടമാണു്.

ഇന്നു് സാധനനിർമ്മാണമാർഗ്ഗങ്ങളിൽ വന്നുകൊ

ണ്ടിരിക്കുന്ന സാങ്കേതിക മാററങ്ങൾ കണക്കിലെട്ടത്താലും, സാമ്പത്തിക പുരോഗമനത്തിൽ വിദ്യാഭ്യാസത്തിൻെറ അനാപേക്ഷണീയത വ്യക്തമാകും. ഒരു തരത്തിൽ ഈ മാററങ്ങൾ സാധനോല്പാദനത്തിൽ മനുഷ്യൻെറ കായികാദ്ധ്വാനത്തിന്നു പകരം യന്ത്രോപകരണങ്ങൾ ഉപയോഗിച്ചു തുടങ്ങിയതിൻെറ തുടച്ച്യാണെന്നു് പറയാം. പക്ഷേ, ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു്. കായികാദ്ധ്വാനത്തിന്നു പകരം യന്ത്രങ്ങൾ ജോലി ചെയ്യുന്നു എന്നതു കൂടാതെ പല സാധനനിമ്മാണപ്രക്രിയകളും സ്വയം പ്രവത്തമാനങ്ങളായിത്തീന്നിട്ടുണ്ടു്. അതായതു് ഒരിക്കൽ പ്രവത്തിച്ചു തുടങ്ങിയാൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മററും സഹായംകൊണ്ടു് സാധനോല്പാദനം മനുഷ്യപ്രയത്നം കൂടാതെ, സ്വയമേവ നടന്നുകൊണ്ടിരിക്കും. സാധനങ്ങൾ ഉണ്ടാക്കുന്നതിൽ വരാവുന്ന പിശകുകൾ താനേ തിരുത്താനും, സാധനനിമ്മാണത്തിന്നു വേണ്ട ചിട്ടയും നിലവാരവും, പുലത്താനും വേണമെങ്കിൽ ഒരു പ്രക്രിയ തന്നെ പുനരാവത്തിക്കാനും, സ്വമേധയാ സാധനഘടകങ്ങളെ മുൻപ്രക്രിയക്കു തിരിച്ചയക്കാനും ഈ യന്ത്രങ്ങൾക്കു സാധിക്കുന്നു. ഇങ്ങനെ സ്വയംപ്രവത്തമാന സാധനനിമ്മാണരീതി— 'ആട്ടോമേഷൻ'— മനുഷ്യബുദ്ധിക്കു് പകരമായി പലപ്പോഴും പ്രവത്തിച്ചുവരുന്നു. ഈ മാററങ്ങൾ ഇപ്പോൾ വന്നിട്ടുള്ളതു് വ്യാവസായികമായി വികസിച്ച അമേരിക്കയിലും യൂറോപ്പിലും മററും ആണെങ്കിലും, വ്യാവസായികലോകത്തിൽ സാധനനിമ്മാണകാര്യക്ഷമതയുടെ പ്രാധാന്യം ആലോചിക്കുമ്പോൾ അവയുടെ പ്രചാരം സവ്വവ്യാപകമായിത്തീരാൻ അധികം താമസമില്ല എന്നു് അനുമാനിക്കാം. സ്വയംപ്രവത്ത

മാനസാധനനിർമ്മാണരീതി എന്നു പറയുന്നതുകൊണ്ടു തന്നെ മനുഷ്യർക്കും പകരം യന്ത്രങ്ങൾ സാധനനിർമ്മാണത്തിൽ കൂടുതലായി ഉപയോഗിക്കപ്പെട്ടുവരുന്നു, എന്നു് അർത്ഥമാകുന്നുണ്ടല്ലോ. ഇതിൻെറ അനന്തരഫലം തൊഴിലാളികൾക്കു തൊഴിലില്ലാതെ വരികയും കുറെക്കാലം കൊണ്ടു് ആർജ്ജിച്ച 'തൊഴിൽസാമർത്ഥ്യങ്ങൾ' നിരുപയോഗമാകുകയുംചെയ്യുമെന്നാണു്. കാലക്രമേണ യന്ത്രങ്ങളുടെ വർദ്ധമാനമായ ഉപയോഗം സാധനനിർമ്മാണത്തിനുള്ള കാര്യക്ഷമതയെ കൂട്ടിയും, അവയുടെ വിലയെ കുറച്ചും സാമ്പത്തികവികാസത്തെ പ്രോത്സാഹിപ്പിച്ചു തൊഴിലില്ലായ്മയെ നീക്കംചെയ്യും. പക്ഷേ, വ്യക്തിപരമായി നോക്കുകയാണെങ്കിൽ ഒരു തൊഴിൽ വിട്ടു് മറ്റൊരു തൊഴിലിൽ പ്രവേശിക്കുന്നതു തൊഴിലാളിക്കു് അത്ര എളുപ്പമല്ല. പ്രത്യേകിച്ചു് ദ്രുതഗതിയിൽ വന്നുകൊണ്ടിരിക്കുന്ന സാധനനിർമ്മാണസാങ്കേതികവികാസത്തിനോടൊപ്പം ഈ തൊഴിൽമാററങ്ങൾ സാധിച്ചു എന്നു വരുന്നതല്ല. അതുകൊണ്ടാണു് ഈ മാററങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ ഒരു മാനുഷികമനോഭാവത്തിൻെറ ആവശ്യം ഉള്ളതു്. ഓരോ വ്യവസായശാലയെ സംബന്ധിച്ചേടത്തോളം പുതിയ തരം യന്ത്രങ്ങൾ സ്ഥാപിക്കുമ്പോൾ അതിൻെറ ഭവിഷ്യത്തുകൾ കാലേകൂട്ടി ആലോചിക്കുക, ഒരു പദ്ധതിപ്രകാരം അനുക്രമമായി മാത്രം തൊഴിലാളികളെ പിരിച്ചുവിടുക, തൊഴിലില്ലാത്ത സമയത്തു് അവക്കു ചെലവിന്നുള്ള വേതനം കൊടുക്കുക, വേറൊരു ജോലിക്കു വേണ്ട പുനഃപരിശീലനത്തിന്നുള്ള ഏപ്പ്ാടുകൾ ചെയ്യുക ഇവയെല്ലാമാണു് ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ. പൊതുവിൽ സാമൂഹ്യമായി വീക്ഷിക്കുമ്പോൾ

സാങ്കേതികപുരോഗമനം സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ വ്യാവസായികമായി വികസിച്ച രാജ്യങ്ങളിൽ കണ്ടുപിടിച്ചിട്ടുള്ള മാർഗ്ഗങ്ങളെ ക്രോഡീകരിക്കുകയും അവയെക്കുറിച്ച് ഇനിയും ഗവേഷണം നടത്തുകയും ചെയ്യുകയാണ് പ്രധാനമായി വേണ്ടത്. സാമ്പത്തികമായി വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലാകട്ടെ, സാങ്കേതികവും, അതിനു വേണ്ട സാമുദായികവും, ആയ മാററങ്ങൾ ഏതു വിധം സുകരമാക്കാം എന്നുള്ളതാണ് പ്രശ്നം. എന്തെന്നാൽ സാമ്പത്തികമേഖലയിലെ എല്ലാ ശാഖകളേയും ബാധിക്കുന്ന ഒരു 'സാങ്കേതികവിപ്ലവം' മൂലം മാത്രമേ ഈ രാജ്യത്തിലെ വർദ്ധിച്ചുവരുന്ന ജനസമൂഹങ്ങൾക്ക് ഒരു ഉയന്ന ജീവിതരീതി പുലർത്താനാവശ്യമായ സാധനങ്ങൾ നിർമ്മിക്കാൻ സാധിക്കൂ.

# ശാസ്ത്രപുരോഗതിയും സമുദായവും

ശാസ്ത്രീയങ്ങളായ കണ്ടുപിടുത്തങ്ങൾ സാധനനിൎമ്മാണത്തിനുള്ള സാങ്കേതികമാൎഗ്ഗങ്ങളെ മാററുന്നതോടൊപ്പം, സാമുദായികബന്ധങ്ങളെ, മനുഷ്യജീവിതത്തെ ആകെത്തന്നെ, മാററിക്കൊണ്ടിരിക്കുന്നു എന്നു് പ്രത്യേകം പറയണമെന്നില്ല. ശാസ്ത്രപുരോഗതിയുടെ ആദ്യദശയിൽ ഊൎജ്ജതന്ത്രത്തിലും രസതന്ത്രത്തിലും ഉള്ള കണ്ടുപിടുത്തങ്ങളാണു് മനുഷ്യജീവിതത്തിൽ അധികം സ്വാധീനം ചെലുത്തിയതു്. ആററംബോംബും സ്പുട്നിക്കും കണ്ട ഇരുപതാംനൂററാണ്ടിൽ, ഈ ശാസ്ത്രങ്ങളിലെ കണ്ടുപിടുത്തങ്ങൾ മനുഷ്യജീവിതത്തിനെ ആകെ വിസ്മയാവഹമായി ബാധിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതു സുവിദിതമാണു്. പക്ഷേ, ഇപ്പോൾ ഭ്രൂണശാസ്ത്രം, മനശ്ശാസ്ത്രം, ധനശാസ്ത്രം മുതലായ വിജ്ഞാനവിഭാഗങ്ങളിലെ കണ്ടുപിടുത്തങ്ങൾ അത്രയോ അതിൽ കൂടുതലോ, മനുഷ്യജീവിതത്തെ ബാധിക്കുന്നുണ്ടെന്നു ബോധ്യപ്പെട്ടിരിക്കുന്നു.

ശാസ്ത്രം നമ്മുടെ വിശ്വാസങ്ങളെ തിട്ടപ്പെടുത്തുന്നതിൽ ഒരു മുഖ്യസ്വാധീനമായി ആവിർഭവിച്ചിട്ടു് വെറും മുന്നൂറുവർഷമേ ആയിട്ടുള്ളു. ശാസ്ത്രത്തിൻെറ ഫലമായി ഉണ്ടായ കണ്ടുപിടുത്തങ്ങൾ ദൈനംദിനജീവിതത്തെ ബാധിച്ചുതുടങ്ങിയിട്ടു് നൂററിയമ്പതു വൎഷങ്ങളിൽ കൂടുതൽ ആയിട്ടില്ല. ഇതിനിടയ്ക്കു ശാസ്ത്രം വരുത്തിയ അത്ഭുതകരമായ മാററങ്ങൾ ഓൎമ്മിക്കുമ്പോൾ അതിൽനിന്നു വരാവുന്ന സാമൂഹ്യപരിവൎത്തനത്തിൻെറ ആദ്യ

ത്തെ പടിയേ നാം കണ്ടുകഴിഞ്ഞിട്ടുള്ളൂ എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ശാസ്ത്രീയവികാസത്തിൻെറ ആദ്യഭാഗത്തിലേക്ക് ഒന്നു കണ്ണോടിക്കുക. പ്രസിദ്ധ ചിന്തകനായ ബെർട്രൻഡ് റസ്സൽ ശാസ്ത്രീയമനോഭാവത്തിൻെറ ലക്ഷണങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു: 1. പരമ്പരാഗതമായ വിശ്വാസങ്ങളെ മാത്രം ആധാരമാക്കുന്നതിനു പകരം, നിരീക്ഷണങ്ങളെ ആസ്പദമാക്കി യാഥാർത്ഥ്യങ്ങളെ കണ്ടുപിടിക്കുക; 2. ദൃശ്യപ്രപഞ്ചം മുഴുവൻ—അതിൻെറ ഭൗതികവും ജീവപരവുമായ ഭാവങ്ങൾ രണ്ടും—പ്രവൎദ്ധമാനമായ നിലയിൽ പ്രകൃതിനിയമങ്ങൾക്കു വിധേയമാണെന്ന വിശ്വാസം പ്രബലപ്പെട്ടുവരിക; 3. വിശ്വത്തിൻെറ ആകെയുള്ള കേന്ദ്രവും, ഉദ്ദേശവും മനുഷ്യൻ അല്ല എന്നുള്ള വാസ്തവത്തിൻെറ അംഗീകരണം. ശാസ്ത്രീയമനോഭാവത്തിൻെറ ഫലമായി സമുദായത്തിൻെറ വിവിധഘടകങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണെന്ന ബോദ്ധ്യം വർദ്ധിച്ചുവന്നു. കുറേക്കൂടി വിശാലമായി നോക്കുമ്പോൾ, ശാസ്ത്രം വിശ്വമാകെയുള്ള ജീവസ്പന്ദത്തിൻെറ ഒരു കണികയായി മനുഷ്യനെ അധഃപതിപ്പിച്ചുവെങ്കിൽ, ഏതാണ്ട് അനന്തമായ ശക്തി പ്രദാനം ചെയ്ത് അവനെ ഉയൎത്തിക്കൊണ്ടുവരികയും ചെയ്തു.

ഭൗതികജീവിതത്തിൽ ശാസ്ത്രം വരുത്തിക്കൂട്ടിയ മാററങ്ങൾ ഇന്നു പരക്കെ സുപരിചിതമായിട്ടുണ്ട്. ആവിശക്തി ഉപയോഗപ്പെട്ടുത്തിയതിൻഫലമായി കപ്പലും തീവണ്ടിയും ഗതാഗതസമ്പ്രദായത്തെ മുമ്പു വിചാരിച്ചിരുന്നതിലെത്രയോ അധികം മാററി. അതോടുകൂടി മുമ്പു നിരുപയോഗമായി കിടന്നിരുന്ന എത്രയോ കൃഷിസ്ഥലങ്ങളിൽ (പ്രത്യേകിച്ച് അമേരിക്കയിൽ) കൃഷി

നടത്തുകയും അവിടത്തെ ധാന്യോല്പന്നങ്ങൾ വ്യവസായ ത്തിലേപ്പെട്ട ആളുകളുടെ ആഹാരത്തിന്നുപകരിക്കുക യും ചെയ്തു. ഇതിൻെറ അനന്തരഫലമായി പൊതുവേ ജീവിതനിലവാരം ഉയൎന്നിട്ടുണ്ടു്. വിദ്യുച്ഛക്തി, പെ ട്രോളിയം, മോട്ടോർകാർ ഇവയെല്ലാം ഉപയോഗത്തിൽ വന്നതോടുകൂടി മനുഷ്യരുടെ ദൈനംദിനജീവിതം ആകെ മാറി. വൈദ്യശാസ്ത്രത്തിൻെറ പുരോഗമനം മനു ഷ്യരുടെ ആരോഗ്യത്തിനേയും ആയുസ്സിനേയും ഉയൎത്തി ക്കൊണ്ടുപോകാൻ സഹായിച്ചിട്ടുണ്ടു്. സ്വയംസമ്പൂ ൎണ്ണങ്ങളായ പഴയ ഗ്രാമങ്ങളിലെ ഒതുങ്ങിയ ജീവിതവും, ഗ്രാമങ്ങളിൽനിന്നു തെരുതെരെ കാർഷികോല്പന്നങ്ങൾ നഗരങ്ങളിലേക്കും നഗരങ്ങളിൽനിന്നു വ്യാവസായി കോല്പന്നങ്ങൾ ഗ്രാമങ്ങളിലേക്കും നീങ്ങുന്ന ഇപ്പോഴത്തെ ജീവിതരീതിയും താരതമ്യപ്പെടുത്തി നോക്കുക. ലോക ത്തിന്റെ ഏതു ഭാഗത്തും ഉണ്ടാക്കുന്ന സാധനങ്ങൾ നമ്മു ടെ ദൈനംദിനജീവിതത്തിൽ ഏതാണ്ടു് ഒഴിച്ചുകൂടാ ത്തവ ആയിരുന്നു. ഈ മാററങ്ങളുടെ അടിസ്ഥാനകാര ണം ശാസ്ത്രത്തിൻെറ അത്ഭുതപൂൎവ്വമായ വികാസം ആണെ ന്നുള്ളതിനു സംശയമില്ല.

ശാസ്ത്രപുരോഗതി സാമുദായികബന്ധത്തെ പല വി ധത്തിൽ ബാധിച്ചിട്ടുണ്ടു്. വെടിമരുന്നിൻെറ കണ്ടുപി ടുത്തം മുതല്ക്കാണു് രാജദ്രോഹങ്ങളായ ലഹളകളെ അ മർച്ചചെയ്തു പ്രബലമായ കേന്ദ്രഗവമ്മേണ്ടു് ഇംഗ്ലണ്ടിൽ സ്ഥാപിതമായതെന്നു ബെർട്രൻഡ് റസ്സൽ അഭിപ്രായ പ്പെടുന്നു. ഏതായാലും ഈ ശാസ്ത്രീയയുഗത്തിൽ ചെറിയ ചെറിയ സാമൂഹ്യ–രാഷ്ട്രീയഘടനകളുടെ പ്രാധാന്യം കു റഞ്ഞുവരും എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീ യ–സാങ്കേതികമാൎഗ്ഗത്തിന്റെ ഒരു ഫലം, സമുദായത്തിന്റെ

പല ഘടകങ്ങൾക്കുമുള്ള പരസ്പരാശ്രയത്തിൻെറ ശക്തി കൂട്ടുകയാണ്. ഇതിൻെറ ഒരു പരിണാമം ഓരോ സമുദായവും കുറേക്കൂടി സുസംഘടിതമായിത്തീരുകയും സമുദായങ്ങൾ തമ്മിലുള്ള സംഘടനയ്ക്കു ദാർഢ്യം വദ്ധിച്ചുവരുകയുമാണ്. സമുദായത്തിൻെറ സംഘടിതശക്തി കൂട്ടുമ്പോൾ അതിൽ വ്യക്തികൾക്കു സ്വാതന്ത്ര്യം കുറഞ്ഞു വരാനിടയുണ്ട്. ഇതിൻെറ ഒരു പ്രതിബിംബമാണ് മുമ്പു സൂചിപ്പിച്ചതുപോലെ ഭരണാധികാരികൾക്കു സമുദായത്തിൽ വദ്ധിച്ചുവരുന്ന സ്ഥാനവും ശക്തിയും. ഇതു് അനിയന്ത്രിതമായി വരികയാണെങ്കിൽ ജനാധിപത്യത്തിനു പകരം ഒരുതരം സവ്വാധിപത്യം സൃഷ്ടിക്കാനുള്ള സാഹചര്യമാണുളവാകുക. ഈ പ്രവണതയുടെ ഒരു പ്രതിവിധിയായിട്ടാണ് രാഷ്ട്രീയ—സാമ്പത്തികമേഖലകളിൽ സുസ്ഥാപിതമായ സംഘടനയോടൊപ്പം വികേന്ദ്രീകരണംകൂടി ആവശ്യമാവുന്നതു്.

ഭരണാധികാരികൾക്കു് ഉണ്ടാകാവുന്നത്രയോ അതിൽക്കൂടുതലോ പ്രാധാന്യമാണു ശാസ്ത്രജ്ഞന്മാക്കും സാങ്കേതികവിദഗ്ദ്ധന്മാക്കും ശാസ്ത്രീയമായി പുരോഗമിച്ച സമുദായത്തിൽ ഉണ്ടാകാൻപോകുന്നതു്. ഇന്നത്തെ സാധനനിമ്മാണസമ്പ്രദായത്തിൽ ഇവക്കാണു പരമമുഖ്യമായ സ്ഥാനം. ഭാവിയിൽ സാമൂഹ്യവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ സ്വാധീനംചെലുത്താനുള്ള അവരുടെ കഴിവു കൂടിക്കൂടി വരികയും ചെയ്യും. ശാസ്ത്രീയപുരോഗമനം സാമൂഹ്യജീവിതത്തെ ഏററവുമധികം ബാധിച്ചു കഴിഞ്ഞ അമേരിക്കയിലും, റഷ്യയിലും ശാസ്ത്രജ്ഞന്മാരുടെ മനോഭാവം ആ രാജ്യങ്ങളിലെ രാഷ്ട്രീയസിദ്ധാന്തങ്ങളുമായി തികച്ചും ഒത്തിണങ്ങിപ്പോകുന്ന തരത്തിലല്ല വളന്നുവന്നിരിക്കുന്നതു്. നേരെ മറിച്ചു പരസ്പരവിരുദ്ധ

മായ സാമ്പത്തികഘടനകളുള്ള ആ രണ്ടു രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാരും ഏതാണ്ട് ഒരേ ഭാഷ സംസാരിക്കുകയും, ഒരേ മനോഭാവം പ്രദശിപ്പിക്കുകയും ചെയ്യാൻ ഒരുങ്ങുകയാണ്. അതുപോലെതന്നെ സാമ്പത്തികമായി വികസിച്ചുവരുന്ന രാജ്യങ്ങളിൽ ഉള്ള ചുരുക്കം ചില ശാസ്ത്രജ്ഞന്മാരും, അവിടത്തെ സമുദായങ്ങളെ സാമ്പത്തികവും സാങ്കേതികവുമായ മേഖലകളിൽ നവീനമായ പന്ഥാക്കളിൽക്കൂടി കൊണ്ടുപോകാനാണ് യത്നിക്കുന്നതു്.

ശാസ്ത്രജ്ഞന്മാരുടെ ഈ ശ്രമങ്ങൾ എത്രത്തോളം ഫലിക്കും? സാംസ്കാരികവും സാഹിത്യപരവുമായ മേഖലയും, വെറും ശാസ്ത്രീയവും സാങ്കേതികവുമായ മേഖലയും തമ്മിൽ എത്രകണ്ടു് ഒത്തിണങ്ങിപ്പോകുമെന്നതിനെ ആശ്രയിച്ചിരിക്കും അതു്. കുറേക്കൂടി മൗലികമായി ആലോചിക്കുമ്പോൾ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ശരിയായവിധം ഉപയോഗിക്കാൻ മനുഷ്യസമുദായം, അഥവാ സമുദായത്തിലെ അംഗങ്ങളായ സ്ത്രീപുരുഷന്മാർ എത്രകണ്ടു തയ്യാറായി വരും എന്നുള്ളതിനെ അതു് ആശ്രയിച്ചിരിക്കുന്നു. ബുദ്ധി പുരോഗമിച്ചത്ര വികാരങ്ങളെ നിയന്ത്രിക്കാനുള്ള ശക്തി മനുഷ്യക്കു കിട്ടിയിട്ടില്ല എന്ന വാസ്തവമാണ് ഇതിൽ അന്തർഭവിച്ചിരിക്കുന്നതു്. ഓരോ വ്യക്തിയും നന്നാവുകയാണെങ്കിൽ സമുദായം മുഴവൻ നന്നാവും എന്നുള്ള തത്വം റൂസ്സോ മുതൽ ഗാന്ധി വരെ പലരും പ്രഖ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ, വ്യക്തികളെ നന്നാക്കുകയെന്നതു് ഏതുവിധം സാധിക്കാം? അതിന്നുള്ള മാർഗ്ഗം തേടിയാണ് ഇന്നു് മനുഷ്യരാശി ഉഴന്നുകൊണ്ടിരിക്കുന്നതു്. ക്രൂരത, അസൂയ, ദുരാഗ്രഹം, വെറുപ്പ്, ഭയം ഇവ മത്സരത്തിലേക്കും യുദ്ധക്കളത്തിലേക്കും വഴി കാണിക്കുന്നു. ഭൂതദയ, മനുഷ്യസമുദായത്തിന്നു

സൗഖ്യവും ക്ഷേമവും വേണമെന്നുള്ള ദൃഢനിശ്ചയം, അതു സാധിക്കാൻ വേണ്ട സാമൂഹ്യവും സാമ്പത്തികവുമായ മാററങ്ങൾ ഇന്നവയാണെന്ന് അറിയുവാനുള്ള ആസക്തി, വേണ്ട മാൎഗ്ഗം പിൻതുടരാനുള്ള ധൈര്യസമന്വിതമായ ആശ ഇതെല്ലാം സമാധാനവും ഐശ്വര്യവും സന്തോഷവും നിറഞ്ഞ ഭാവിയിലേക്കു വഴി കാണിക്കുന്നു. ഒടുവിൽ മനുഷ്യവൎഗ്ഗം ഈ രണ്ടാമതു പറഞ്ഞ വഴിയിലേക്ക് എത്തുമെന്നുള്ള കാര്യത്തിൽ നിരാശയ്ക്കു് അവകാശമില്ലെന്നു ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും ഒരുപോലെ നമുക്ക് ഉറപ്പുതരുന്നു.

# മൂന്നാംവഴി

വിപ്ലവകാരി, രാഷ്ട്രീയതന്ത്രജ്ഞൻ, ഭരണാധികാരി എന്നീ ത്രയോന്മുഖമായ ജീവിതത്തിൽ ജവഹർലാൽ നെഹ്റുവിന്റെ പ്രാധാന്യമേറിയ ഭാവം അഖിലരാജ്യകാര്യങ്ങളിൽ അദ്ദേഹം കൊടുത്ത നേതൃത്വത്തിന്റെ രൂപമാണ്. ലോകം ആദർശപരമായ ഒരു സമരത്തിനു വട്ടം കൂട്ടുകയാണ്. അതിന്റെ അവസാനം ആദർശങ്ങളുടെ എല്ലാം അവസാനമാണെന്ന തത്വം സകലർക്കും അറിയാമെങ്കിലും പ്രായോഗികമായി അതിനെ രൂപാന്തരപ്പെടുത്താൻ മനുഷ്യരുടെ അഹംഭാവവും സ്വാത്മപ്രതിപത്തിയും മത്സരബുദ്ധിയും അനുവദിക്കുന്നില്ല. കലഹിക്കുന്ന ഈ ലോകത്തിനെ സമാധാനപരമായ വഴിക്കു കൊണ്ടുപോയി സാമ്പത്തിക സമത്വവും ശാന്തിയും നിറഞ്ഞ ഒരു കാലത്തിലേക്കെത്തിക്കുവാൻ പലതുകൊണ്ടും പറ്റിയ ഒരാളായിരുന്നു നെഹ്രു. അദ്ദേഹത്തിന്റെ രാഷ്ട്രീയവിശ്വാസം ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തിൽ അടിയുറച്ചതായിരുന്നു. എങ്കിലും അതിന്റെ പ്രായോഗിക അതിരു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. ഇന്നു പ്രചുരപ്രചാരത്തിലിരിക്കുന്ന പാശ്ചാത്യസംസ്കാരത്തിലാണ് അദ്ദേഹം വളൎന്നുവന്നതു്; എങ്കിലും പൗരസ്ത്യസംസ്കാരത്തിന്റെ പ്രാഭവം അദ്ദേഹത്തിൽ വേരൂന്നിയിട്ടുണ്ടായിരുന്നു. സ്ഥിതിസമത്വവാദം ഇഷ്ടപ്പെട്ടിരുന്ന വിപ്ലവകാരിയായ അദ്ദേഹത്തിനു് കാറൽമാർക്സ് ഏറ്റവും സുപരിചിതനായിരുന്നു. എങ്കിലും മാർക്സിൻെറ വാക്യങ്ങൾ അക്ഷരംപ്രതി അനുഷ്ഠിച്ചാലേ മോക്ഷം കിട്ടൂ എന്നുള്ള വിശ്വാസം അദ്ദേഹത്തിനില്ലായിരുന്നു. ലോകത്തിലെ സംഭ

വങ്ങൾക്കനുസരിച്ച് അദ്ദേഹം സ്വായത്തമാക്കിയിരുന്ന ആ മൗലികതത്വങ്ങളെ പ്രായോഗികരൂപത്തിൽ കൊണ്ടുവരാനുള്ള വിശാലത അദ്ദേഹത്തിൻെറ ബുദ്ധിക്കുണ്ടായിരുന്നു. 'ലൂയിഫിഷർ' ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ നെഹ്റുവിൻെറ ബുദ്ധി കൂർമ്മതയുള്ളതും വേനശക്തിയുള്ളതും ആയിരുന്നു.

ലോകത്തിൻെറ ഇന്നത്തെ ഗതിയെ ആകെക്കൂടി വീക്ഷിക്കുന്നവക്ക് അതിന്റെ പ്രയാണം വേറൊരു സാമ്പത്തികഘടനയിലേക്കും അതിനനുസരിച്ചുള്ള ഒരു സാമുദായികസമ്പ്രദായത്തിലേക്കുമാണെന്നു കാണാം. ഈ സാമ്പത്തികഘടനയുടേയും സാമുദായികസമ്പ്രദായത്തിൻെറയും രൂപം ഏതായിരിക്കുമെന്നുള്ളതിനെക്കുറിച്ചും, അവശ്യം വരുത്തേണ്ട മാററങ്ങൾ ഏതുവിധം വരുത്തേണമെന്നുള്ളതിനെക്കുറിച്ചുമാണ് ഇന്നത്തെ രാഷ്ട്രീയ കോലാഹലങ്ങളെന്നു പറഞ്ഞാൽ അതു് ഏറെക്കുറെ ശരിയായിരിക്കും. മുതലാളിസമ്പ്രദായമാണ്* മനുഷ്യ

---

* മുതലാളിസമ്പ്രദായത്തിൻെറ ലക്ഷണങ്ങളെ ഒരു ധനശാസ്ത്രജ്ഞൻ (ജി. ഡി. എച്ച്. കോറം) ഇപ്രകാരം ക്രോഡീകരിച്ചിരിക്കുന്നു:

1. താരതമ്യേന വളരെപ്പേരെക്കൊണ്ടു ജോലി ചെയ്യിക്കുക.

2. ഓഹരിക്കാർ ചേൻറ കമ്പനികൾ മുഖാന്തിരം സാധനനിർമ്മാണം നടത്തുക.

3. സാധാരണയുള്ള സാമ്പത്തികനിർമ്മാണശാലകളുടെ വലിപ്പം വദ്ധിപ്പിക്കാനുള്ള ഒരു ലക്ഷണം—; എന്നാൽ ചെറിയ ശാലകളെ തീരെ നശിപ്പിക്കുകയും ഇല്ല.

4. സാധനനിർമ്മാണത്തിൻെറ തോതും ജോലിയിൽ നിയമിക്കുന്ന ആളുകളുടെ എണ്ണവും ലാഭത്തിനെ അടിസ്ഥാനപ്പെടുത്തി നിയന്ത്രിക്കുക.

5. ചില വ്യക്തികളുടെ സമൂഹത്തിൻെറ കീഴിൽ നിയന്ത്രിതമായ കടം കൊടുക്കുന്ന ബാങ്കുകളുടെ വളർച്ച.

6. പ്രകൃതിസിദ്ധമായ സാധനങ്ങളുടെ കുട്ടുകറവിൻെറ കാരണം

33523

രുടെ ആവശ്യങ്ങളെ നിറവേററാൻ ഇതിലേക്കും പററി യതെന്നും, കഴിഞ്ഞ 150 വഷക്കാലംകൊണ്ടു് ഇതിനു മുമ്പു് ഒരിക്കലും ഉണ്ടാകാത്തവിധം സാമ്പത്തികവളച്ച വരുത്തിയ അമേരിക്ക അഭിമാനിക്കുന്നു. ആ സമ്പ്രദായ ത്തിനുള്ളിൽ വേണ്ട മാററങ്ങൾ വരുത്തി. തൊഴിലാളി കൾ കൂലി കൂട്ടതൽ കൊടുക്കുക, സാമുദായികസംരക്ഷണ മാൎഗ്ഗങ്ങൾ സ്ഥാപിക്കുക മുതലായ മാററങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയാണു മനുഷ്യരുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉയൎച്ചയ്ക്കു നല്ലതെന്നു് അവർ വി ശ്വസിക്കുന്നു. നേരെമറിച്ചു കമ്മ്യൂണിസ്റ്റുകാർ കമ്മ്യൂണി സ്റ്റ് പ്രകടനപത്രിക (Communist Manifesto—1848) യിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, "ഈ നവീനഇടത്ത രമുതലാളിസമ്പ്രദായം—അതിൻെറ പ്രത്യേകതരത്തിലു ള്ള സാധനനിൎമ്മാണ-വിഭജനബന്ധവും, വസ്തുഉടമ സ്ഥരീതിയും—ഭീമമായ നിലയിലുള്ള അതിന്റെ നിൎമ്മാണ വിഭജനപദ്ധതികളും; 'പാതാളത്തിൽനിന്നു മാന്ത്രിക ശക്തി ഉപയോഗിച്ചു വിളിച്ചുവരുത്തിയ ചില മൂൎത്തി കളെ അടക്കാൻവയ്യാത്ത ഒരു മന്ത്രവാദിയുടെകൂട്ടാണു്" എന്നു വിശ്വസിക്കുന്നു. മുതലാളിത്തസമ്പ്രദായപുരോഗ മനംകൊണ്ടു തൊഴിലാളികളുടെ എണ്ണവും ശക്തിയും വർദ്ധിച്ചു് അതിൻെറ എതിരാളികളെ അതുതന്നെ സൃ ഷ്ടിക്കുന്നുവെന്നും മുതലാളിസമ്പ്രദായത്തിൻെറ നാശവും തൊഴിലാളികളുടെ വിജയവും അനിവാൎയ്യമാണെന്നും അവർ വിശ്വസിക്കുന്നു. അവർ അവരുടെ ഉദ്ദേശങ്ങൾ

---

കൊണ്ടല്ലാതെ മുതലാളിസമ്പ്രദായത്തിൻെറ ചില സ്വഭാവങ്ങളാം കൊണ്ടുവരുന്ന സാധനനിൎമ്മാണത്തിലുള്ള അസ്ഥിരത.

7. മുതലാളികളും തൊഴിലാളികളും തമ്മിലുള്ള മത്സരം.

നേടാൻ നിലവിലിരിക്കുന്ന എല്ലാ സാമുദായികസ്ഥിതി കളേയും ബലാല്ക്കാരമായി നശിപ്പിച്ചാൽ മാത്രമേ സാധി ക്കൂ എന്നു പരസ്യമായി പ്രഖ്യാപിക്കുന്നു. കമ്മ്യൂണിസം ആദ്യമായി സ്ഥാപിക്കാൻ സാധിച്ച റഷ്യയും റഷ്യയെ അനുസരിക്കുന്ന കമ്മ്യൂണിസ്റ്റുപാർട്ടിയും ആണ് ഇന്ന് ഈ അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നതു്. ഒന്നു കിൽ മുതലാളിത്തസമ്പ്രദായം അല്ലെങ്കിൽ കമ്മ്യൂണി സം, എന്നു മുറുകിപ്പിടിച്ചു വിശ്വസിക്കുന്ന ഇക്കൂ ട്ടർ അവരുടെ രീതിക്കനുസരിച്ചു പെരുമാറാത്തവരെ യെല്ലാംതന്നെ തൊഴിലാളിവർഗ്ഗവിദ്വേഷികൾ എന്നും സ്ഥിതിസമത്വവാദവിധ്വംസകരെന്നും കണക്കാക്കുന്നു. എന്നാൽ പ്രജായത്തസമ്പ്രദായം ഏറെക്കുറെ നിലവിൽ വന്നുതുടങ്ങിയ രാജ്യങ്ങളിൽ സ്ഥിതിസമത്വസമ്പ്രദായം ഒരേയൊരടിക്കു വരുത്തിക്കൂട്ടാനുള്ളതിനു പകരം ക്രമേ ണ അല്പാല്പമായി സമുദായത്തിനെ മാററത്തക്കവിധം വരുത്താനുള്ള ഒരു രീതിയായി പരിഗണിച്ചുവന്നു. നി ഷ്പക്ഷമായി നോക്കുകയാണെങ്കിൽ,മൗലികമായ സ്ഥിതി സമത്വവാദങ്ങളെ അതതുപരിതസ്ഥിതികൾക്കനുസരി ച്ചു പ്രായോഗികരൂപത്തിൽ കൊണ്ടുവരാനുള്ള ഒരു ശ്ര മമാണിതെന്നു മനസ്സിലാക്കാം.'' കമ്മ്യൂണിസ്റ്റ് പ്രകടന പത്രിക പരസ്യപ്പെട്ടത്തിയതിൽ ഒരു പ്രധാന പങ്കുള്ള ഏൻജൽസ് ഈ സാരം മനസ്സിലാക്കിയിരുന്നു എന്നും ഇ വിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 1895-ൽ പ്രസി ദ്ധപ്പെട്ടത്തിയ മാർക്സിൻെറ 'ഫ്രാൻസിലെ വർഗ്ഗവിദ്വേ ഷങ്ങൾ' എന്ന പുസ്തകത്തിൻെറ ഒരു പുതിയ പതിപ്പിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു: "പരക്കെയുള്ള വോട്ടവ കാശം ഇപ്രകാരം വിജയപ്രദമായി ഉപയോഗിച്ചതോടു കൂടിതൊഴിലാളികളുടെ മത്സരത്തിൽഒരു പുതിയ രൂപം

കിട്ടി. മുതലാളികളും ഗവമ്മേണ്ടും തൊഴിലാളികക്ഷിയുടെ നിയമാനുസൃതമായ പ്രവൃത്തിയെ നിയമവിരുദ്ധമായ പ്രവൃത്തിയേക്കാൾ, വിപ്ലവത്തിനേക്കാൾ, തെരഞ്ഞെടുപ്പിന്റെ ഫലത്തിനെ ഭയപ്പെടാൻ തുടങ്ങി..."

അമേരിക്കയും റഷ്യയും തമ്മിൽ നടക്കുന്ന ശീതസമരത്തിൽനിന്നും ഇന്ത്യയെ അകററിനിത്താൻ ശ്രമിച്ച നെഹ്റുവിൻെറ വിദേശനയം മൗലികമായി ഈ മൂന്നാംവഴിയെ അനുകൂലിക്കുന്നു എന്നുള്ളതിൽ സംശയമില്ല. ഇന്ന് ഈ മൂന്നാംകൂററുകാരുടെ കക്ഷിക്ക് അത്ര പ്രാബല്യമുണ്ടെന്നു പറഞ്ഞുകൂടാ. എങ്കിലും ഈ ദൗബ്ബല്യത്തെ ആസ്പദമാക്കി അതിൻെറ ഭാവിയെപ്പററിയോ നീതിന്യായത്തെപ്പററിയോ പറയുന്നതു് ഉചിതമായിരിക്കുകയില്ല. മുതലാളിത്തസമ്പ്രദായത്തിൽ വിശ്വസിക്കുന്നവർ, ഇവരെ പ്രജായത്തസമ്പ്രദായംകൊണ്ടു സ്ഥിതിസമത്വം സൃഷ്ടിക്കാൻ ശ്രമിക്കുന്നവരെ—കമ്മ്യൂണിസ്ററുകളെപ്പോലെതന്നെ അവജ്ഞയോടെ കരുതുന്നു. നേരെ മറിച്ചു കമ്മ്യൂണിസ്ററുകാർ ഇവരെ മുതലാളിത്തസമ്പ്രദായം നിലനിത്താൻ ഉപകരിക്കുന്ന ഒരുതരം ധൂമകേതുക്കളായി കണക്കാക്കുന്നു. ഉദ്ദേശസിദ്ധിയിൽ ഏതാണ്ടു് ഒരേതരത്തിൽ വിചാരിക്കുന്നവരാണ് ഇവർ രണ്ടുപേരും; പക്ഷേ, ആ ഉദ്ദേശസിദ്ധി കിട്ടാനുള്ള വഴി ഏതാണ് എന്നുള്ളതിലുള്ള വ്യത്യാസംകൊണ്ടു് അവർ തമ്മിൽ ഇന്നു ബദ്ധശത്രുക്കളായി കഴിയുന്നു. പ്രായോഗികമായി നോക്കുകയാണെങ്കിൽ കമ്മ്യൂണിസ്ററ്–സോഷ്യലിസ്ററ് അകൽച്ച മുതലാളി–തൊഴിലാളി മത്സരത്തിനേക്കാൾ ലോകത്തിൻെറ പുരോഗമനത്തിനെ സാരമായി ബാധിക്കുന്നുണ്ടു്. അതുകൊണ്ടു

KOTTAYAM PUBLIC LIBRARY KOTTAYAM.

ആ അകൽച്ചയുടെ കാരണങ്ങളെ അല്പംകൂടി ആരായുന്നതു രസാവഹമായിരിക്കും.

കമ്മ്യൂണിസ്ററ് പ്രകടനപത്രിക പ്രസിദ്ധപ്പെട്ടത്തിയപ്പോൾ തൊഴിലാളികളുടെ മുന്നണിയിൽനിന്ന്, തൊഴിലാളിസമ്പ്രദായം മാററാൻ ശ്രമിക്കുന്നവരായേ, കമ്മ്യൂണിസ്ററുകാർ തങ്ങളെത്തന്നെ കണക്കാക്കിയിരുന്നുള്ളൂ. അവക്ക് ഒരു പ്രത്യേക പാർട്ടി രൂപീകരിക്കണമെന്നില്ലായിരുന്നു.* ഒരു പ്രത്യേക പാർട്ടി വേണമെന്നുള്ള വിചാരം റഷ്യൻവിപ്ളവത്തിനു ശേഷമേ പ്രത്യക്ഷപ്പെട്ടുള്ളൂ. മാർക്സിൻെറ സിദ്ധാന്തങ്ങളെ പ്രായോഗികമായി റഷ്യയിൽ ഉപയോഗിച്ചു വിജയം നേടിയപ്പോൾ ലെനിൻെറ അഭിപ്രായങ്ങൾ—റഷ്യൻ പരിതഃസ്ഥിതിയെ ആസ്പദമാക്കി പട്ടത്ത അഭിപ്രായങ്ങൾ—മാത്രം ശരിയാണെന്നുള്ള വിശ്വാസം പരന്നുതുടങ്ങി. 1909-ൽ പോലും ലെനിൻ ഒരേകക്ഷിക്കകത്തു പരസ്പരവിരുദ്ധമായി തോന്നിയേക്കാവുന്ന അഭിപ്രായങ്ങൾക്കു സ്ഥാനമുണ്ടെന്നു വാദിച്ചിരുന്നു. പക്ഷേ, അതു കഴിഞ്ഞു മൂന്നു കൊല്ലത്തിനകം ബോഗ്ഡാനെ മുതലായ എതിർകക്ഷികളെ ദുർബ്ബലപ്പെട്ടത്താനുള്ള ശ്രമത്തിൽ ബൊൾഷേവിക്കുകാർ മാത്രമേ മാർക്സ്സിദ്ധാന്തത്തിൻെറ യഥാർത്ഥരൂപം മനസ്സിലാക്കിയിട്ടുള്ളൂ എന്നു വാദിക്കാൻ തുടങ്ങി. റഷ്യൻവിപ്ളവത്തിൻെറ വിജയവും ലെനിൻെറ

---

* "The Communists do not form a seperate party opposed to other working-class parties.

They have no interests seperate and apart from those of the proletariates a whole.

They do not set up any secretarian principle of their own by which to shape and would the proleterian movement.

—Communist Manifesto—1848

സിദ്ധാന്തം പ്രാബല്യത്തിൽ വന്ന പ്രകാരവും കമ്മ്യൂണിസ്ററുനയത്തെ രണ്ടു വിധത്തിൽ സാരമായി ബാധിച്ചിട്ടുണ്ടു് എന്നു് പ്രസിദ്ധ ചിന്തകനായ ഹാറോൾഡ് ലാസ്കി വാദിക്കുന്നു.*

"ഒന്നാമതായി റഷ്യയ്ക്കു വെളിയിലുള്ള കമ്മ്യൂണിസ്ററുകാർ മോസ്കോയിൽനിന്നു കിട്ടുന്ന കല്പനകൾ അതാതുസ്ഥലത്തെ പരിതഃസ്ഥിതികൾക്കു പററിയതാണോ എന്നു സ്വതന്ത്രബുദ്ധിയോടുകൂടി വിചാരിക്കാതെ അക്ഷരംപ്രതി അനുസരിക്കാൻ തുടങ്ങി."

രണ്ടാമതു് കമ്മ്യൂണിസ്ററു വാദപ്രതിവാദങ്ങളിലും കമ്മ്യൂണിസ്ററുകക്ഷിയുടെ പെരുമാററത്തിലും എന്തെന്നില്ലാത്ത കക്ശസ്വഭാവം വന്നുകേറി. ഹാറോൾഡ് ലാസ്കി ഇതിനെപ്പററി ഇങ്ങനെ എഴുതുന്നു: "രഹസ്യകൂടിയാലോചനകൾക്കു് ഒരു അസാമാന്യാസക്തി, ചതി, സൗമ്യവിഹീനത, സ്വേച്ഛാപ്രഭുത്വം, ഒരു കേന്ദ്രത്തിൽനിന്നും കല്പന കൊടുക്കുക, മര്യാദയായി പെരുമാറുന്നതിലുള്ള നിന്ദ, എതിരാളിയെ അപമാനിക്കാൻ കപടവും കള്ളവും ഉപയോഗിക്കാനുള്ള മനസ്സു്, അവരുമായി യോജിക്കാത്തവരുടെ പേരിനെ നശിപ്പിക്കാൻ ഉപയോഗിക്കുന്ന പരിഭ്രാന്തമായ വാഗ്വർഷം—ഇതെല്ലാം നാളെ ദുർഗ്ഗുണങ്ങളുടെ ഇരിപ്പിടമെന്നു് ആക്ഷേപിച്ചേക്കാവുന്ന ഇന്നത്തെ നേതാക്കന്മാരെ സ്തുതിക്കുന്ന മനഃസ്ഥിതിയോടൊപ്പം ലോകത്തിലുള്ള എല്ലാ കമ്മ്യൂണിസ്ററുകക്ഷിക്കാരുടേയും സാമാന്യപെരുമാററമായിത്തീർന്നു. അസാധാരണമായ പ്രതിഭാവിലാസമുള്ള

* Communist Manifesto—Socialist Land work—a new appreciation written for the Labour party by Harold J. Laski.

വക്ക്, സ്വന്തമായ ഒരു മനസ്സോ, സ്വഭാവമോ ഇല്ലാതായി. ഇതെല്ലാം അവർ അവരുടെ പാർട്ടിയുടെ സൂക്ഷിപ്പിൽ വച്ചു. പാർട്ടി ഇതെല്ലാം മോസ്കോവിന്റെ സൂക്ഷിപ്പിലും വച്ചു... ഈമാതിരിയുള്ള ഒരു മനഃസ്ഥിതിയുടെ അനന്തരഫലം ഏതുവിധമായിരിക്കുമെന്നു ബീഭത്സമായ രൂപത്തിൽ ഒരു സാഹിത്യകാരൻ ചിത്രീകരിച്ചിട്ടുണ്ട്.*

അഥവാ പ്രജായത്തസമ്പ്രദായം ഭൂരിപക്ഷം കിട്ടിയ തൊഴിലാളിഭരണത്തിനെയാണ്, ആദ്യകാലത്തെ കമ്മ്യൂണിസ്റ്റുകാർ കണ്ടിരുന്നതു്. ഭൂരിപക്ഷം അവക്കാകുമ്പോൾ മുതലാളിഭരണസമ്പ്രദായത്തിന്റെ ഘടന ഉടച്ചു മാററും എന്നു മാത്രം. ഒരു പാർട്ടിയുടെ സ്വേച്ഛാപ്രഭുത്വം അന്നവർ കണ്ടിരുന്നില്ല. 1918-ൽ റോസാ ലുക്സംബർഗ് എഴുതിയതു നോക്കുക: "പൊതുവേയുള്ള തെരഞ്ഞെടുപ്പും പത്രസ്വാതന്ത്ര്യവും പ്രസംഗസ്വാതന്ത്ര്യവും ഇല്ലാതെ പൊതുസ്ഥാപനങ്ങളുടെ ജീവൻ മന്ദീഭവിക്കുന്നു. ഭരണകൂടം മാത്രം ഒരു വ്യക്തമായ സ്വഭാവത്തോടെ പ്രത്യക്ഷപ്പെടുന്നു. പൊതുജീവിതം ക്രമേണ നശിക്കുന്നു. കുറെ പാർട്ടിനേതാക്കന്മാർ—അസാമാന്യ ശക്തിയും ആദർശവും നിറഞ്ഞവർ—ഭരിക്കുന്നു. നേതൃത്വം വാസ്തവത്തിൽ അവരിൽ ചുരുക്കംചിലരിൽ നിക്ഷിപ്തമാകുന്നു. ഇടയ്ക്കിടയ്ക്കു തൊഴിലാളിസംഘങ്ങൾ അവർ തയ്യാറാക്കിയ പ്രമേയങ്ങൾ പാസാക്കുന്നു..." ഇന്നു് ഇതെല്ലാം

---

* "1984" by George Orwell.

ഓരോ വ്യക്തിയുടെ എല്ലാ ചേഷ്ടകളും വിചാരങ്ങളും, വികാരങ്ങൾ പോലും, 'വലിയ ജ്യേഷ്ഠ'ന്റെ മേൽനോട്ടത്തിൽ ഒരു പാർട്ടിക്കനുസരിച്ചു പോകുന്നതായിട്ടാണു ചിത്രീകരിച്ചിരിക്കുന്നതു്.

പല രാജ്യങ്ങളിൽ എത്രയോ വാസ്തവമായിരിക്കുന്നു. പക്ഷേ, കമ്മ്യൂണിസ്റ്റ്പ്രകടനപത്രിക സർവ്വാധിപത്യത്തിൽനിന്നു മറെറാരു സർവ്വാധിപത്യത്തിലേക്കു മാററാനല്ല ഉപദേശിച്ചതു്. നേരെ മറിച്ച് അധികാരം തൊഴിലാളികളിലേക്കു പകൎന്നു് അതിനെ കുറേക്കൂടി പ്രജായത്തപരമാക്കാനാണു് അതു സൂചിപ്പിച്ചതു്. വാസ്തവത്തിൽ ഇന്നു കണ്ടുവരുന്നതു കമ്മ്യൂണിസസിദ്ധാന്തങ്ങളോടു പൊതുവേയുള്ള ഒരനുഭാവവും കമ്മ്യൂണിസ്റ്റുംകക്ഷി അനുസരിച്ചുവരുന്ന നയത്തിനോടു പൊതുവേയുള്ള ഒരു വെറുപ്പുമാണെന്നു പറഞ്ഞാൽ അതിൽ വലിയ തെററില്ല. സ്ഥിതിസമത്വം സ്വീകാൎയ്യമായ ഒരവസ്ഥയാണെന്നു പരക്കെ അംഗീകൃതമായിരിക്കുന്നു. പക്ഷേ, അതിൽ എത്തിച്ചേരാനുള്ള വഴികളെല്ലാം മോസ്കോ കാണിക്കുന്നതേയുള്ളുവെന്നും ആ തത്വത്തിൻെറ വാസ്തവമെല്ലാം റഷ്യൻകമ്മ്യൂണിസ്റ്റുംപാർട്ടിയുടെ കമ്മറ്റിയിൽ—പോളിറ്റ് ബ്യൂറോയിൽ—നിക്ഷിപ്തമാണെന്നു വിശ്വസിക്കാൻ ലോകത്തിനു സമ്മതമായിട്ടില്ല. ഇതാണു് കമ്മ്യൂണിസ്റ്റും പ്രവൎത്തനം, പ്രത്യേകിച്ചു കിഴക്കൻ യൂറോപ്പിൽ അതായതു്, ചെക്കൊസ്ലാവാക്കിയ, യുഗോസ്ലേവിയ, ഹംഗറി മുതലായ രാജ്യങ്ങളിൽ നടന്ന കമ്മ്യൂണിസകോലാഹലങ്ങൾ നമ്മെ പഠിപ്പിക്കുന്നതു്.

ഇൻഡ്യ പിൻതുടരേണ്ട വഴി നിശ്ചയിക്കേണ്ടുന്ന സമയം ആസന്നമായിരിക്കുന്നു. കമ്മ്യൂണിസത്തിൻെറ നയത്തിൽ എന്തുതന്നെ പഴതുണ്ടായാലും ആകൎഷണീയമായ സ്ഥിതിസമത്വസിദ്ധാന്തങ്ങളോടു ചേൎക്കുമ്പോൾ അതിന്നു് ഒരു പ്രത്യേക ശക്തിയുണ്ടെന്നു രാഷ്ട്രീയസംഭവങ്ങൾ തുടരെത്തുടരെ തെളിയിച്ചുവരുന്നു. അഥവാ ഇതേ സംഭവങ്ങൾ പഠിപ്പിക്കുന്ന വേറൊരു പാഠം സ്ഥി

തിസമത്വസിദ്ധാന്തങ്ങളും ആദർശങ്ങളും എന്തുതന്നെയായാലും പ്രായോഗികകമ്മ്യൂണിസം റഷ്യൻമേധാവിത്വത്തിൻെറ വേറൊരു ഛായയാണെന്നു മാത്രമാണ്. കമ്മ്യൂണിസനയത്തെ പിൻതുടരുന്നവർ ഇന്നു ഗാഢമായി ആലോചിക്കേണ്ടതു്. അവരുടെ നയത്തിൻെറ ഫലമായി സ്ഥാപിതമാകുന്ന ഇൻഡ്യയ്ക്കു് എത്രത്തോളം സ്വതന്ത്രമായി അതിൻെറ സ്ഥിതിയെ പുലർത്താമെന്നാണ്. ചെക്കൊസ്ലാവാക്കിയ, യുഗോസ്ലേവിയ, ഹംഗറി, ബൾഗേറിയാ മുതലായ രാജ്യങ്ങളുടെ ചരിത്രം ഈ ചോദ്യങ്ങളുടെ വ്യക്തമായ ഉത്തരം കൊടുത്തുകഴിഞ്ഞിരിക്കുന്നു. ചൈനായിലെ മേ എട്സ് ടൂംഗൻെറ ഉപദേശകസംഘത്തിൻെറ പോക്കും ഇതിനു തൃപ്തികരമായ ഒരു മറുപടിയല്ല തരുന്നതു്.

മൗലികമായി നോക്കുമ്പോൾ കമ്മ്യൂണിസത്തിന്റെ പ്രധാനമായ തെററു് ഉദ്ദേശസിദ്ധിക്കുവേണ്ടി എന്തു മാർഗ്ഗവും സ്വീകരിക്കാമെന്നുള്ളതാണ്. ആൾഡസ് ഹക്സ്ലി, സവിസ്തരം തെളിയിച്ചിട്ടുള്ളതുപോലെ ഉദ്ദേശസിദ്ധിക്കുവേണ്ടി മാത്രം ഏതു മാർഗ്ഗവും സാധൂകരിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ഏതാണ് ഉപയോഗിക്കേണ്ടതെന്നുള്ളതിനെ ആധാരമാക്കിയിരിക്കും ഒടുവിൽ എത്തിച്ചേരുന്ന ഉദ്ദേശത്തിൻെറ രൂപവും. ഭാഗ്യവശാൽ ഇൻഡ്യൻ സംസ്കാരത്തിന്റെ ആകെയുള്ള പോക്കു് ഏതു മാർഗ്ഗവും സ്വീകരിച്ചു് കാര്യസിദ്ധി നേടിക്കൊള്ളാൻ പ്രേരിപ്പിക്കുന്ന ഒന്നല്ല. സനാതനമായ ചില ധർമ്മങ്ങളും സത്യങ്ങളും അതു ഘോഷിക്കുന്നു. അവയെ അവഗണിക്കാതെ സാമ്പത്തികസമത്വത്തിലും, സമാധാനത്തിലും പ്രജായത്തപരമായ വഴിക്കു് എത്തിച്ചേരാനുള്ള ഉപായം ഇന്നത്തെ മൂന്നാംവഴിക്കാരായ സ്ഥിതിസമത്വവാദ

ക്കാരുടേതിൽനിന്നും ഭിന്നമല്ല. ആ വഴിയുടെ ആദർശ നീയതയെ ചൂണ്ടിക്കാണിക്കുന്നതോട്ടകൂടി നെഹ്റു സ്വാ യത്തമാക്കിയ വേറൊരു വാസ്തവത്തെക്കൂടി ബോധിപ്പി ച്ചുകൊള്ളുന്നു: "മൗലികമായി പോലീസിൻെറ സഹാ യംകൊണ്ടു നിങ്ങൾക്കു് ആശയങ്ങളെ നിയന്ത്രിച്ചു നി ത്താൻ സാധിക്കുകയില്ല. സാമ്പത്തികവും സാമുദായിക വുമായ മാർഗ്ഗങ്ങൾകൊണ്ടേ നിങ്ങൾക്കതിനു സാധിക്കൂ."

# പ്രജായത്തസമ്പ്രദായത്തിൻെറ ഭാവി

മൂന്നുകൊല്ലത്തെ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി, ഒരു പുതിയ ഭരണസമ്പ്രദായം ഭാരതത്തിനു കിട്ടി. സ്വാതന്ത്ര്യസമരത്തിൽ പ്രചോദനമായിരുന്ന പലേ ആദർശങ്ങളും ഇതിൽ ക്രോഡീകരിച്ചിട്ടുള്ളതു കൂടാതെ, ഭാവിയെപ്പററിയുള്ള എല്ലാ സുവർണ്ണസ്വപ്നങ്ങളും ഇതിൻെറ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. ബ്രിട്ടീഷ് സ്വേച്ഛാധിപത്യത്തിന്നു പകരം, ഒരു ദേശീയസ്വേച്ഛാപ്രഭുത്വം കാണാൻ സ്വാതന്ത്ര്യസമ്പാദനത്തിൽ പങ്കെടുത്ത സാമാന്യജനങ്ങൾ ആരും ആഗ്രഹിക്കുകയില്ല; അതുകൊണ്ടു്, ആ പുതിയ ഭരണസമ്പ്രദായത്തിൽ പ്രജായത്താദർശങ്ങൾക്കു പ്രാധാന്യം കൊടുത്തിട്ടുള്ളതിനെ അവർ സ്വാഗതംചെയ്യാതിരിക്കുകയില്ല. പ്രായപൂർത്തി വന്നിട്ടുള്ളവർക്കെല്ലാമുള്ള വോട്ടവകാശം, പൊതുനിയോജകമണ്ഡലങ്ങൾ, പൗരന്മാർക്കും, രാഷ്ട്രത്തിന്നും പരസ്പരമുള്ള അവകാശവിശദീകരണം, മനുഷ്യാവകാശങ്ങളുടെ വിശദമായ പ്രഖ്യാപനം, ഈ അവകാശങ്ങളുടെ വിധ്വംസനത്തിന്നു് എതിരായി മുഖ്യകോടതിയിൽ ആവലാതി ബോധിപ്പിക്കാനുള്ള അധികാരം, രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും ആയ നീതിയെ ആസ്പദമാക്കി നിയമനിർമ്മാണത്തിൽ അവശ്യം അനുസരിക്കേണ്ട ചില പ്രധാന ന്യായങ്ങളുടെ ക്രോഡീകരണം—, ഇവയെല്ലാം പുതിയ ഭരണസമ്പ്രദായത്തിലെ പ്രജായത്താദർശങ്ങളുടെ വിജയചിഹ്നങ്ങളായി കണക്കാക്കാം. പക്ഷേ, ഭരണഘടനയിൽ ഉൾപ്പെടുത്തിയെന്നുള്ളതുകൊ

ണ്ടുമാത്രം, ഈ ആദർശങ്ങൾ ഫലവത്തായി എന്നു വിചാരിച്ചുകൂടാ. മററു ചില രാജ്യങ്ങളുടെ അനുഭവം പ്രധാനമായി പഠിപ്പിക്കുന്നതു്, സ്വാതന്ത്ര്യത്തിൻെറയെന്നപോലെ, പ്രജായത്താദർശങ്ങളുടേയും പരിരക്ഷ, നിരന്തരപരിശ്രമംകൊണ്ടു മാത്രമേ സാധിക്കു എന്നാണു്. ഇന്ത്യൻ റിപ്പബ്ലിക്ക് പ്രഖ്യാപനംചെയ്യുന്നതോടുകൂടി, ലോകത്തിലെ ഒരു വമ്പിച്ച ജനസമൂഹം, പ്രജായത്താദർശങ്ങൾവഴിക്കു ഭാവിയെ അഭിമുഖീകരിക്കാൻപോകുന്നു എന്നുകൂടി പ്രഖ്യാപനംചെയ്യുകയാണു്; ലോകത്തിന്റെ ഭാവിയെ ആകെക്കൂടി നോക്കുന്ന ഒരാൾക്കു് റിപ്പബ്ലിക്കിൻേറയും, പ്രജായത്തഭരണങ്ങളുടേയും ഒന്നുപോലെയുള്ള സുരക്ഷിതത്വം അതിൻെറ ഭാവിശ്രേയസ്സിനു് അനിവാര്യമാണെന്നു കാണാം.

പ്രജായത്താദർശങ്ങളുടെ യഥാർത്ഥവ്യാപ്തിയേയും, രൂപത്തിനേയും പററി പല ആശങ്കകളും ഉള്ള ഒരു സമയമാണു് ഇപ്പോഴത്തേതു്. പ്രജായത്തസമ്പ്രദായം നിലനിർത്താനാണു് രണ്ടു മഹായുദ്ധങ്ങളിൽ ലോകം ഏപ്പെട്ടിരുന്നതെങ്കിലും, ഇന്നും അതിൻെറ ആവശ്യകതയെ—അഥവാ അതിൻെറ യഥാർത്ഥരൂപത്തെപ്പററി കോലാഹലങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. എങ്കിലും, ഈ കോലാഹലങ്ങൾക്കിടയിൽ ചില വാസ്തവങ്ങളെ തേടിപ്പിടിക്കാൻ കഴിയും. പ്രായോഗികമായി നോക്കുകയാണെങ്കിൽ പ്രജായത്തസമ്പ്രദായത്തിൻെറ ഒരടിസ്ഥാനം മനുഷ്യരെല്ലാവരും സമന്മാരാണെന്നുള്ള വാസ്തവവും, ആ വാസ്തവത്തിനെ അവരുടെ ഇടയ്ക്കു് ഇതിലേക്കു പ്രാപ്തിയുള്ളവരെ ആരാഞ്ഞുപിടിക്കുന്നതിനു് ഉപയോഗിക്കുന്നതിലുള്ള വിശ്വാസവും ആണെന്നു പറയാം. വേറൊരുവിധം പറയുകയാണെങ്കിൽ, പ്രജായത്താദർശം

സാമൂഹ്യജീവിതത്തിന്റെ സാക്ഷാൽക്കാരമാണ്. ഏതെങ്കിലും ഒരു പൊതുപ്രവത്തനത്തിൽ ഏപ്പെട്ടുകയും, പ്രവത്തനത്തിന്റെ ഫലം പൊതുവിൽ നല്ലതാണെന്ന് അതിൽ ഭാഗഭാക്കായ സകലക്കും തുടച്ച്യയായി ബോധം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ സാമൂഹ്യജീവിതം ഉണ്ടാകുന്നു. പ്രജായത്തസമ്പ്രദായത്തിൻെറ ദൈനംദിന പ്രവത്തനത്തിൽ, ഒരോ വ്യക്തിയും, സമൂഹത്തിൻെറ അംഗമാണെന്നുള്ള ബോധവും പരസ്പരം സഹായിക്കാനുള്ള സന്മനസ്സും ആവശ്യമാണ്. എല്ലാ വ്യക്തികളും സമന്മാരാണെന്നുള്ള സങ്കല്പത്തിൽ, അവർ എല്ലാവരും എല്ലാ ജോലിക്കും ഒരുപോലെ പ്രാപ്തരാണെന്ന വരുന്നില്ല; പൊതുജീവിതത്തിൽ, ഓരോ വ്യക്തിക്കും, തുല്യസ്ഥാനം ഉണ്ടെന്നേ വരുന്നുള്ളു; അതായതു്, ഒരു പൊതുജീവിതത്തിൽ ഒരു നല്ല ആശാരിക്കുള്ള സ്ഥാനം, ഒരു നല്ല കവിയേക്കാൾ ഒട്ടും കുറഞ്ഞതല്ല, എന്ന തത്വമാണ് പ്രജായത്തസമ്പ്രദായത്തിൻെറ പ്രവത്തനത്തിൽ അന്തർഭവിക്കുന്നതു്.

പ്രജായത്തസമ്പ്രദായത്തിൽ അന്തർഭവിച്ചിരിക്കുന്ന ഈ അടിസ്ഥാനനിയമങ്ങൾതന്നെ തെററാണ് എന്നുള്ള വാദം പ്രായേണ രണ്ടുതരത്തിലാണ്. ഒന്നാമതു്, സാധാരണ ആളുകൾ, പൊതുജീവിതത്തിനെ സംബന്ധിച്ച കായ്യങ്ങൾ നിശ്ചയിക്കാൻ കെല്പില്ലാത്തവരാണെന്നും, അതുകൊണ്ടു് അവർ തിരഞ്ഞെടുക്കുന്നതു് അവരെപ്പോലെ കെല്പില്ലാത്തവരെയായിരിക്കുമെന്നും, അഥവാ കെല്പുള്ളവർ തന്നെ തിരഞ്ഞെടുത്തുകിട്ടുവാൻവേണ്ടി, കെല്പില്ലാത്തവരായി നടിക്കുമെന്നും, അതിൻെറ ഒക്കെ ഫലമായി സാമൂഹ്യജീവിതം അധഃപതിച്ചുപോകുമെന്നുമുള്ള വാദമാണ്. വേറൊരു തരത്തിൽ പറയുക

യാണെങ്കിൽ, ഈ വാദം സാധാരണമനുഷ്യരുടെ ദോഷങ്ങൾ സാമൂഹ്യജീവിതത്തിനെ ആകെ അലങ്കോലപ്പെടുത്തുമെന്നും, അസാധാരണഗുണങ്ങളെ നശിപ്പിക്കുമെന്നുമാണു്. ഈ വാദത്തിനു രണ്ടു സമാധാനങ്ങളാണു് ഉള്ളതു്. കെല്പില്ലാത്തവരെ തിരഞ്ഞെടുക്കുന്നതു്, തിരഞ്ഞെടുക്കുന്ന സാധാരണ ആളുകളുടെ അറിവില്ലായ്മകൊണ്ടാണെങ്കിൽ, അതിനു പ്രതിവിധി ആ ആളുകൾക്കു വേണ്ട അറിവു കൊടുക്കാനുള്ള വഴി നോക്കുകയാണു്. ആ സമ്പ്രദായത്തിനെ മുഴുവൻ ഇല്ലാതാക്കുകയല്ല. കൂടാതെ 'കെല്പുള്ളവർ' എന്നുള്ളതിൻെറ അത്ഥം ഏതെങ്കിലും തരത്തിൽ 'വിദ്യ' സമ്പാദിച്ചവർ എന്നു വിവക്ഷിക്കുന്നതുതന്നെ തെററാണു്; പൊതുകാൎയ്യത്തിൽ കെല്പുള്ളവരുടെ മിടുക്കു പ്രായോഗികമായി കാൎയ്യങ്ങൾ ചെയ്തുതീക്കുന്നതിലും, ആ കാൎയ്യങ്ങൾ അന്യരെക്കൊണ്ടു ചെയ്യിക്കുന്നതിലും, ആണെന്നു് ഏറെക്കുറെ പറയാം. ഈ രണ്ടു തരത്തിലും നോക്കുകയാണെങ്കിൽ, പ്രജായത്തസമ്പ്രദായത്തിൻെറ ദോഷങ്ങൾ ദൂരീകരിക്കാൻ സാധാരണജനങ്ങളുടെ രാഷ്ട്രീയമായ വിദ്യാഭ്യാസം വർദ്ധിപ്പിക്കുകയാണാവശ്യം.

പ്രജായത്തസമ്പ്രദായത്തിനെതിരായി സാധാരണ കൊണ്ടുവരാറുള്ള വേറൊരു പ്രധാന വാദം, അവരവൎക്കു നല്ലതേതാണെന്നു സാധാരണ മനുഷ്യൎക്കു നിശ്ചയമില്ലെന്നും, അതിനെപ്പററി അവൎക്കു് അറിവുണ്ടെന്നുള്ള ബോധത്തിൽ പടുത്തിട്ടുള്ള സകല സമ്പ്രദായങ്ങളും, സ്ഥാപനങ്ങളും, ഒന്നുകിൽ സ്വേച്ഛാപ്രഭുത്വത്തിനെ മറച്ചുവെയ്ക്കാനുള്ള വിദ്യകളൊ അല്ലെങ്കിൽ, സാധാരണമനുഷ്യരുടെ സുഖത്തിനെ നശിപ്പിക്കാനുള്ള, കുരുട്ടുവിദ്യകളോ മാത്രമാണെന്നാണു്. അതിനുപകരം, എന്താണു വേണ്ട

തെന്ന അറിവും, അതു സാധിക്കാൻ കെല്പും ഉള്ള ഒരു 'ന്യൂനപക്ഷം', പൊതുജീവിതത്തിനേയും, തദ്വാരാ, പൊതുക്ഷേമത്തിനേയും, നിയന്ത്രിക്കാൻ ഒരുങ്ങണം. ചുരുക്കത്തിൽ, പ്രജായത്തസമ്പ്രദായത്തിനുപകരം, സന്മനസ്സുള്ള ഒരു സ്വേച്ഛാപ്രഭുത്വസമ്പ്രദായമാണു പൊതുകാര്യങ്ങളിൽ നല്ലതു് എന്നാണു് ഈ വാദം കൊണ്ടുവരുന്നതു്. ഇതിൽ പ്രധാനമായി രണ്ടു ചോദ്യങ്ങളാണുള്ളതു്. ഏതെങ്കിലും സമയത്തു് അധികാരത്തിൽ ഇരിക്കുന്ന ഒരു 'ന്യൂനപക്ഷ'ക്കാൎക്കാണു സാധാരണജനങ്ങളുടെ സുഖങ്ങളെപ്പററിയുള്ള അറിവു് എല്ലാം ഉള്ളതെന്നു നിശ്ചയിച്ചു് ഉറയ്ക്കാൻ ഒരു കാരണവുമില്ല; അതിനെപ്പററി വാദപ്രതിവാദം ചെയ്യാൻതന്നെ അവസരം ഇല്ലാത്ത സ്ഥിതിക്കു്, അതു ശരിയാണോ എന്നു നിശ്ചയിക്കാനും ഒരു വഴിയുമില്ല. കൂടാതെ, സ്വേച്ഛാപ്രഭുത്വത്തിൽ അന്തൎഭവിച്ചിരിക്കുന്ന ന്യായം, ശരിയായ വഴിയെന്താണെന്നു കണ്ടുപിടിച്ചിരിക്കുന്നു എന്നും, ഇനി അങ്ങോട്ടു് അതിനെപ്പററി ആലോചിക്കേണ്ട എന്നും ആണു്. പ്രായോഗികമായി, സ്വേച്ഛാപ്രഭുത്വസമ്പ്രദായങ്ങൾ എല്ലാംതന്നെ, സാമാന്യജനങ്ങളുടെ പിൻതുണയുണ്ടെന്നു ഘോഷിക്കാറുണ്ടു്; ഇതിൽ അന്തൎഭവിച്ചിരിക്കുന്ന ഒരു വൈപരീത്യം, സാമാന്യജനങ്ങൾക്കു് അവൎക്കു വേണ്ടതെന്താണെന്നു നിശ്ചയിക്കാൻ കെല്പില്ലെന്നും, എന്നാൽ അവർ ഈ സമ്പ്രദായത്തെ പിൻതാങ്ങുന്നു എന്നും, ഒരേ സ്വരത്തിൽ പറയുന്ന വാദമാണു്.

ഇന്നത്തെ സാമൂഹ്യജീവിതം കഴിഞ്ഞുപോയ കാലത്തെ സാമൂഹ്യജീവിതത്തിനേക്കാൾ എത്രയോ വിപുലവും, ബഹുമുഖവും ആണു്. രാഷ്ട്രീയമായും, വ്യാവസായികമായും, സാംസ്കാരികമായും, ഇന്നത്തെ പ്രശ്നങ്ങളുടെ

ഭാവവും, വ്യാപ്തിയും, വ്യത്യസ്തമാണു്. ഇന്നത്തെ ഭരണോദ്ദേശം, സമാധാനപരിപാലനം മാത്രമല്ലാ; പൊതുജനാരോഗ്യത്തിൻെറ എല്ലാ വശങ്ങളും അതിൻെറ പരിധിയിൽ വരുന്നു. ഇന്നത്തെ വ്യവസായം, യന്ത്രങ്ങളുടെ സഹായംകൊണ്ടു പലേ സാധനങ്ങൾ ഉണ്ടാക്കുന്നു; സാധനങ്ങൾ ഉണ്ടാക്കാനും, ഉപയോഗിക്കാനും, ഉള്ള മനുഷ്യരുടെ കെല്പിനെ ഒരു ഉയൎന്നതരത്തിൽ ഉപയോഗിക്കാനുള്ള ഉപകരണമായിട്ടുവേണം ഇതിനെ കണക്കാക്കുവാൻ. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം, സാംസ്കാരികജീവിതത്തെ പുലൎത്താനും, അഭിവൃദ്ധിപ്പെടുത്താനും വേണ്ടി ഉള്ള കെല്പിനെ സൃഷ്ടിക്കാൻ ഉപകരിക്കേണ്ടതാണു്. ഈ ത്രിമുഖമായ പുരോഗമനത്തിനു് അവശ്യം വേണ്ടതു ഭരണാധികാരികളുമായിട്ടുള്ള സാധാരണജനങ്ങളുടെ ദൈനംദിനമായ സഹകരണമാണു്. പ്രജായത്തസമ്പ്രദായത്തിൽ വിശ്വസിക്കുന്ന ഏതു ഭരണാധികാരികളുടേയും ആദ്യത്തെ കൎത്തവ്യം സാധാരണജനങ്ങളെ സാമ്പത്തികവും സാംസ്കാരികവും ആയി അതിനു പ്രാപ്തരാക്കുകയാണു്. അഥവാ, പ്രജായത്തസമ്പ്രദായത്തിൻെറ ഭാവിതന്നെ ആ സംരംഭം എത്രത്തോളം സഫലമായിരിക്കും എന്നുള്ളതിനെ ആശ്രയിച്ചിരിക്കും.

KOTTAYAM PUBLIC LIBRARY
KOTTAYAM.

## സാമ്പത്തികനയത്തിൻെറ ചില വശങ്ങൾ

ശരിയായ ഒരു സാമ്പത്തികനയം, നമുക്ക് ആവശ്യമുള്ള സാധനങ്ങൾ കഴിയുന്നത്ര സമൃദ്ധിയായി കിട്ടാൻ തക്കവണ്ണം ഭൂമിയിലെ അസംസ്കൃതപദാൎത്ഥങ്ങളെ ഉപയോഗപ്പെടുത്താനായിരിക്കണം ശ്രമിക്കേണ്ടതു്. ഇന്നത്തെ ശാസ്ത്രീയകണ്ടുപിടുത്തങ്ങൾ, അവകൊണ്ടു നിൎമ്മിച്ചിട്ടുള്ള യന്ത്രങ്ങൾ, ഇന്നു ലോകത്തിലുള്ള അസംസ്കൃതപദാൎത്ഥങ്ങൾ ഇവയെ ഫലപ്രദമായവിധം മനുഷ്യപ്രയത്നംകൊണ്ടു നമുക്കു നിത്യോപയോഗത്തിന്നുള്ള സാധനങ്ങളായി മാററണം; ഇതാണ് ഏതു സാമ്പത്തികനയത്തിൻേറയും പ്രധാന ഉദ്ദേശം. ഇന്നു വ്യവസ്ഥാപിതമായ സാമ്പത്തികസംഘടന ഈ ഉദ്ദേശത്തിനു് ഉപയുക്തമല്ല എന്നു വന്നാൽ, അതിൻെറ ജീവിതം നീട്ടിക്കൊണ്ടുപോകാൻ പ്രത്യേക വാത്സല്യം യാതൊന്നും പ്രകടിപ്പിക്കേണ്ട ആവശ്യമില്ല. മനുഷ്യൎക്കു കുറേക്കൂടി ഐശ്വൎയ്യം പ്രദാനംചെയ്യുന്ന വേറൊരു സാമ്പത്തികസംഘടന രൂപീകരിക്കാമെങ്കിൽ, അപ്രകാരം ചെയ്യേണ്ടതു മനുഷ്യരുടെ ഭാവിനന്മയ്ക്കുവേണ്ടി ശ്രമിക്കുന്ന ആരുടേയും കൎത്തവ്യകൎമ്മമാണു്. ഇതുവരെ അനുവൎത്തിച്ചുകൊണ്ടുവന്ന സാമ്പത്തികനയത്തിൻെറ അടിസ്ഥാനം, സാധനനിൎമ്മാണത്തിൽ അനിയന്ത്രിതമായ വ്യക്തിമത്സരം ഉല്പാദനോപകരണങ്ങളെ ഏററവും ഫലപ്രദമായവിധം ഉപയോഗപ്പെടുത്താൻ ഉപകരിക്കുന്നു, എന്നുള്ള ദൃഢവിശ്വാസമാണു്. സാധനനിൎമ്മാണത്തിൽ, വ്യക്തിസ്വാതന്ത്ര്യം അവ

രവക്കു് ഏററവും കെല്പുള്ള വഴിക്കു്, ഏററവും ലാഭം ഉള്ള വഴിക്കു്, അവരെ തിരിച്ചുവിടും. സാധനനിർമ്മാണത്തിൻെറ തുക, ഇനം, ഇതെല്ലാം സാധനം ഉപയോഗിക്കേണ്ടതു് ആരോ അവരുടെ ചോദനശക്തി (ആ സാധനത്തിന്നു കൊടുക്കുന്ന വിലയിൽ അതു പ്രത്യക്ഷമാകുന്നതനുസരിച്ചു നടന്നുകൊള്ളും. ഇതു പ്രത്യക്ഷമാകുന്നതു സാധനങ്ങൾ ഉണ്ടാക്കി വില്പനയ്ക്കു തയ്യാറായിവരുമ്പോൾ മാത്രമാണു്; പക്ഷേ, സാധനങ്ങൾ ഉണ്ടാക്കിത്തുടങ്ങുന്നതിനു മുമ്പുതന്നെ, അതു് ആദായകരമായിരിക്കുമോ, ആളുകൾ വാങ്ങിക്കുമോ, എന്നു നിശ്ചയിക്കേണ്ടതായിട്ടുണ്ടു്. ഈ ചുമതല വഹിക്കുന്നതു സംഘാടകനാണു്. അതു ശരിയായി ഊഹിക്കാമെങ്കിൽ, സംഘാടകനു ലാഭം കിട്ടുന്നു; അല്ലെങ്കിൽ അയാൾക്കും അയാളുടെ സാധനങ്ങൾക്കും നാശം വരുന്നു; ഈ നാശത്തിൽ വരുന്ന നഷ്ടം, ഏതു സാമ്പത്തികഘടനയിലും, ഒഴിക്കാൻ സാധിക്കുകയില്ല; സാധനനിർമ്മാണം നിയന്ത്രിക്കേണ്ടതു് അതു വാങ്ങുന്നവരുടെ ഇഷ്ടം പ്രതിഫലിപ്പിക്കുന്ന വിലയാണു്— ഇതെല്ലാമാണു് ഇന്നത്തെ സാമ്പത്തികനയത്തിൽ അന്തർലീനമായിക്കിടക്കുന്ന തത്വങ്ങൾ. ഈ നഷ്ടം സംഘാടകനാണു സഹിക്കേണ്ടതു്; അതു പ്രത്യക്ഷമാകുന്നതു് അയാൾക്കുള്ള സാധനനിർമ്മാണച്ചെലവു്, സാധനങ്ങൾ വിറ്റുകിട്ടുന്ന വിലയിൽക്കൂടി വരുമ്പോഴാണു്; അഥവാ സാധനനിർമ്മാണച്ചെലവു കുറയാതെ വില ഇടിഞ്ഞുവീഴുമ്പോഴാണു്. അതുകൊണ്ടാണു് വില ഇടിഞ്ഞുവീഴുമ്പോൾ സാധനനിർമ്മാണച്ചെലവു്—അതിൽ ഒരു പ്രധാന ഭാഗമായ തൊഴിലാളിയുടെ കൂലി—കുറഞ്ഞുവരണം എന്നു പറയുന്നതു്. സംഘാടകൻ വ്യവസായത്തിൽ ഇറങ്ങിയിരിക്കുന്നതു മോക്ഷത്തിനല്ലാത്തതുകൊണ്ടു് അയാൾ

ക്കടിക്കടി നഷ്ടം വരുമ്പോൾ വ്യവസായം വേണ്ട എന്നു വെയ്ക്കും; യന്ത്രങ്ങൾ സ്തബ്ധമാകും; തൊഴിലാളികൾ തെരുവുകളിലേക്കു് ഇറങ്ങി അലഞ്ഞു തുടങ്ങും; അവക്കു സാധനങ്ങൾ വാങ്ങാൻ സാധിക്കാത്തതുകൊണ്ടു ബാക്കിയുള്ള സാധനങ്ങളും വില്ലാതാകും—, ഇപ്രകാരം വ്യവസായ യന്ത്രത്തിൻെറ മന്ദത കൂടിക്കൂടി വരും.

പക്ഷേ, സംഘാടകന്മാക്കു് ഒന്നാകെ വരുന്ന ഈ തെററു്, ഗവമ്മെൻറ് അനാവശ്യമായി വ്യവസായകാര്യങ്ങളിൽ ഇടപെടുന്നതുകൊണ്ടാണു് എന്നു വ്യക്തിസ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കാൻ ഉപദേശിക്കുന്ന 'ആഢ്യ' ധനശാസ്ത്രജ്ഞന്മാർ പറയും. ഒന്നാംമഹായുദ്ധാനന്തരം ഉള്ള വമ്പിച്ച യുദ്ധബാദ്ധ്യത, ചുങ്കച്ചുമതുകൾ, ഇവ കൊണ്ടു സാമാന്യജനങ്ങളുടെ ചോദനശക്തി ഇത്രയാണെന്നു് അളക്കാൻ അവക്കു സാധിക്കാതെവന്നു. ചുരുക്കത്തിൽ, അതു കുറേ കൂടുതലാണെന്നു് അവർ നിശ്ചയിച്ചു. 1924—1929 വരെ, അതുകൊണ്ടു്, സാധനങ്ങളെ വെളിയിൽ കൊണ്ടുവരാനായി യന്ത്രങ്ങൾ തുടരെത്തുടരെ സ്ഥാപിച്ചു; അവരും അതിനുവേണ്ടി തൊഴിൽ ചെയ്തു 'നല്ല തുക' ശമ്പളം വാങ്ങിച്ചവരും ഐശ്വര്യത്തിനു് അററമില്ലെന്നു് അക്കാലത്തു വിചാരിച്ചു. സാധനങ്ങൾ വെളിയിൽ വന്നപ്പോഴാണു് 'കള്ളി' വെളിച്ചത്തായതു്. അപ്പോഴേക്കും ഗോതമ്പും, ഉരുളക്കിഴങ്ങും, പഞ്ചസാരയും സാധാരണ ഉണ്ടാക്കാത്ത സ്ഥലത്തു് (ഉദാഹരണമായി ഇംഗ്ലണ്ടിൽ) കൃത്രിമമായി സഹായധനം കൊടുത്തും മററും ഉണ്ടാക്കിവന്നു. അനാവശ്യമായി ഈ വഴിക്കു പണം ചെലവാക്കി; സാധനങ്ങൾ വെളിയിൽ വന്നതോടുകൂടി വാങ്ങാൻ ആരുടെ കൈയിലും പണം ഇല്ലാതെയായി. അതുകൊണ്ടു വിലയിടിഞ്ഞു. മുമ്പാണെ

ങ്കിൽ, ഒന്നുകിൽ വേറെ ആദായമുള്ള വ്യവസായത്തിലേക്കു പ്രയത്നങ്ങൾ തിരിച്ചുവിടും; അല്ലെങ്കിൽ സാധനനിൎമ്മാണച്ചെലവു് കുറച്ചു്, അതേ വ്യവസായത്തിൽ ലാഭം കിട്ടാൻ നോക്കും. ഇന്നാണെങ്കിൽ, ഗവൎമ്മെൻറ് വ്യവസ്ഥാപിതമായ വ്യവസായങ്ങൾ (നഷ്ടമാണെന്നു ബോദ്ധ്യപ്പെട്ടാലും) പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു; ചെലവു്—കൂലി—കുറയ്ക്കാൻ തൊഴിലാളികൾ സമ്മതിക്കുകയില്ല. അങ്ങനെയിരിക്കെ, വ്യവസായയന്ത്രം സ്തബ്ധമായതിലെന്താണു് അത്ഭുതം? തൊഴിലില്ലാത്തവർ വൎദ്ധിച്ചതിലെന്താണു് അത്ഭുതം? വ്യാപാരം നശിച്ചതിൽ എന്താണു് അത്ഭുതം? വ്യവസായയന്ത്രം നടക്കണമെങ്കിൽ, അതിൻെറ സ്വാതന്ത്ര്യമായ വഴിക്കു വിടണം. ഇതാണു് 'ആഢ്യന്മാരുടെ' ഉപദേശം.

ഇതപ്പടി പകൎത്താൻ ഇന്നു് ഒരു രാജ്യവും ശ്രമിച്ചിട്ടില്ല; ശ്രമിക്കണമെന്നുതന്നെ തീൎത്തു പറയുവാൻ വയ്യാ. യാതൊരു പ്രതിബന്ധവും കൂടാതെ ഇന്നു് ഈ സാമ്പത്തികഘടനയെ പുനഃസ്ഥാപിക്കാൻ സാധിക്കുമോ? വ്യവസായനേതാക്കന്മാരുടെ തെറ്റായ ഊഹാപോഹങ്ങൾ കൊണ്ടു് തൊഴിലില്ലാതെ ദുരിതം അനുഭവിക്കുന്ന 'തൊഴിലാളികളെ' ഗവൎമ്മെണ്ടു സംരക്ഷിക്കേണ്ടതല്ലേ? വ്യവസായയന്ത്രത്തിൻെറ സ്വാഭാവികഗതി വരുന്നതുവരെ അവരെ അലഞ്ഞുനടക്കാൻ വിടുന്നതു ധൎമ്മമോ? അതു് സമ്പത്തു വൎദ്ധിപ്പിക്കുമോ? ഈ മാതിരിയുള്ള ചോദ്യങ്ങൾക്കു് ഉത്തരം കൊടുക്കാൻ നോക്കുമ്പോൾ ഭാവിസാമ്പത്തികനയം ആ വഴിക്കല്ല പോകേണ്ടതെന്നു പറയേണ്ടിയിരിക്കുന്നു.

സാമ്പത്തികനയത്തിൻെറ ഉദ്ദേശം, ഇന്നു നമുക്കുള്ള ഉല്പാദനോപകരണങ്ങൾ ഏററവും ഫലപ്രദമായ

നിലയ്ക്കു രൂപീകരിച്ച് സാമുദായികധനം കഴിയുന്നത്ര വദ്ധിപ്പിക്കാനാണെങ്കിൽ, തൊഴിലാളികൾക്ക് മുഴുവൻ തൊഴിൽ കൊടുക്കേണ്ടതു് അതിൻെറ ഒരു ഉന്നം ആയിരിക്കണം. തൊഴിലില്ലാത്ത ആളുകൾ ഉള്ളേടത്തോളം കാലം സാധനനിമ്മാണത്തിൻെറ അതിരു് എത്തിക്കഴിഞ്ഞിട്ടില്ല എന്നു സ്പഷ്ടമാണു്. ഇന്നു വ്യവസായരാജ്യങ്ങളിൽ പല സഹസ്രം ആളുകൾ തൊഴിലില്ലാതെ കഴിക്കുന്നവരാണു്. അതിവേഗം മാറുന്ന വ്യവസായയന്ത്രപ്രവത്തനത്തിന്നു് അനുസരിച്ചു്, തൊഴിൽ മാറ്റാൻ സാധിക്കാത്തതുകൊണ്ടു് തൊഴിലില്ലാതായവരാണു് ഇതിലെ ഒരു ചെറിയ ഭാഗം. അതു ധൃതഗതിയിൽ മുന്നോട്ടു പോകുന്ന സാമ്പത്തികപുരോഗമനത്തിൽനിന്നും തീരെ ഒഴിക്കാൻ, പക്ഷേ, സാധിക്കുകയില്ലായിരിക്കാം. പത്താളുകൾക്കു ചെയ്തുതീക്കാവുന്ന ജോലി അഞ്ചുപേരെക്കൊണ്ടു തീക്കത്തക്കവണ്ണം കണ്ടുപിടുത്തങ്ങൾ വന്നതിൻെറ ഫലം ബാക്കിയുള്ള അഞ്ചുപേക്കു് തൊഴിലില്ലാതെ ദുരിതം അനുഭവിക്കാനാണെങ്കിൽ, ഈ കണ്ടുപിടുത്തങ്ങൾ കൊണ്ടു സമുദായത്തിനു് എന്തു മെച്ചമാണു് ഉണ്ടായതെന്നു ചോദിക്കാവുന്നതാണു്. ബാക്കിയുള്ള അഞ്ചുപേരും ഇന്നു ലോകത്തിൽ ധാരാളം അവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കാൻ ഏപ്പെട്ടുകയാണെങ്കിൽ, കണ്ടുപിടിത്തങ്ങൾ അനുഗ്രഹങ്ങളാണു്, അവ സമുദായധനത്തെ വദ്ധിപ്പിക്കുന്നു. അതുകൊണ്ടു് ഈവക തൊഴിലില്ലാത്തവക്കും തൊഴിൽ കൊടുക്കത്തക്കവണ്ണം സാമ്പത്തികനയം പ്രവത്തിക്കണം.

ഇന്നു തൊഴിലില്ലാത്തവരിൽ അധികം ആളുകളും സാമ്പത്തികാധഃപതനത്തിൽ പെട്ടു തള്ളിപ്പോയവരാണു്. 'മുതലാളി'യുടെ സാധനങ്ങൾക്കു വന്ന വിലയിടി

വുകൊണ്ടു്—പഴയ തോതിൽ കൂലി കൊടുത്തു് തൊഴിലാളികളെ വെച്ചുകൊണ്ടിരിക്കാൻ വയ്യാത്തതുകൊണ്ടു്—വന്ന തൊഴിലില്ലായ്മയാണിതു്. ആ വിലയിടിവും, അതോടുകൂടി വരുന്ന തൊഴിലില്ലായ്മയും, വ്യവസായലോകത്തിലെ കാലചക്രത്തിൻെറ തിരിച്ചിലുകൊണ്ടു വരുന്ന ക്രമക്കേടിൻെറ രണ്ടു ഭാവങ്ങൾ മാത്രമാണു്. മുമ്പു സൂചിപ്പിച്ചതുപോലെ, ഇതിനു് 'ആഢ്യ'ധനശാസ്ത്രജ്ഞന്മാർ വിധിക്കുന്ന പ്രതിവിധി കൂലി കുറച്ചു വ്യവസായം ലാഭകരമാക്കാനാണു്. ഒരു പ്രസിദ്ധധനശാസ്ത്രജ്ഞനായ കെയിൻസ്പ്രഭു* തൊഴിലാളികളുടെ കൂലി പൊതുവിൽ കുറച്ചാൽ ഇന്നു ജോലിയില്ലാത്തവക്കു ജോലികൊടുക്കാൻ സാധിക്കും എന്നുള്ള ഈ വിശ്വാസം തെറ്റാണെന്നു്, ഈ ശതാബ്ദത്തിലെ മൂന്നാംദശകത്തിൻെറ ആരംഭത്തിൽ അതിനുമുമ്പുള്ള സാമ്പത്തികനയം വാസ്തവസ്ഥിതികളെ തീരെ അവഗണിച്ചാണു പോയതെന്നു് സ്പഷ്ടമാക്കി. അവരുടെ നയത്തിൽ അന്തർലീനമായി കിടക്കുന്ന വാദം,—മാററങ്ങൾ വരുന്നതിന്നുമുമ്പു സകലരും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കയാണെന്നുള്ള വാദം,—ഇന്നത്തെ ലോകത്തെ സംബന്ധിച്ചിടത്തോളം തീരെ തെററാണു്. അതുകൊണ്ടു ശരിയായ ഒരു സാമ്പത്തികനയം, യാതൊരു തകരാറും ഇല്ലാത്ത സാധാരണകാലത്തുതന്നെ, തൊഴിലാളികൾക്കു മുഴുവൻ വ്യവസായങ്ങളിൽ തൊഴിൽ കൊടുക്കത്തക്കവണ്ണം വ്യവസായയന്ത്രം നടത്താൻ ശ്രമിക്കണം. ഇന്നത്തെ സാമ്പത്തികഘടനക്കുള്ളിൽ, ഇതിനു പ്രധാനമായി വേണ്ടതു വ്യവസായങ്ങളിൽ നിക്ഷേപിക്കുന്ന മൂലധനം

* J. M. Keynes; "The General Theory of Employment, Interest and Money" (Macmillan)

(Investment) സകല തൊഴിലാളികൾക്കും തൊഴിൽ കൊടു ക്കത്തക്ക നിലയ്ക്കായിരിക്കണം. ഇന്നു വ്യവസായത്തിൽ ഇറക്കുന്ന മൂലധനം ഇതിൽ തുലോം കുറവാണു്; അതു കൊണ്ടു വേണ്ടത്ര യന്ത്രശാലകൾ ഇല്ലാ. ഇതിന്നു പ്രധാ നതടസമായി നില്ക്കുന്നതു് ഇന്നു മൂലധനത്തിന്നുള്ള വില കൂടുതൽ, അഥവാ, പലിശയുടെ കൂടുതലാണു്. പലിശ കുറച്ചു പണം കിട്ടുകയാണെങ്കിൽ, ഇന്നത്തെ നിലയ്ക്കുത ന്നെ ലാഭകരമായ പല പുതിയ വ്യവസായങ്ങളും സ്ഥാ പിക്കാം.

ഈ പലിശയുടെ കൂടുതൽ മൂലധനത്തിന്നുള്ള ക്ഷാമംകൊണ്ടല്ല; യഥാൎത്ഥത്തിലുള്ള മൂലധനത്തെ ഉപ യോഗിക്കാതെ പൂട്ടിയിട്ടതുകൊണ്ടാണു്. ഇതിന്നുള്ള കാ രണം, ഇന്നത്തെ വ്യവസായസംഘടനയാണു്. ശരിയാ യി വ്യവസായത്തിൽ നിക്ഷേപിക്കേണ്ടതു്, നമ്മുടെ നിത്യച്ചെലവു കഴിഞ്ഞു നാം സമ്പാദിക്കുന്ന തുകയാണു് (Savings) നമ്മൾ സമ്പാദിക്കുന്നതു്, നമുക്കു ഭാവിയിൽ ആവശ്യമുള്ള സാധനങ്ങൾ കിട്ടുന്നതിന്നാണു്. പക്ഷേ, ഭാവിയിൽ ആ സാധനങ്ങൾ കിട്ടാൻ ഈ സമ്പാദിക്കു ന്ന തുക നമ്മൾ യന്ത്രങ്ങളിലും മറ്റു വ്യവസായങ്ങളിലും നി ക്ഷേപിക്കുന്നു. ഈ തുക സമ്പാദിക്കുന്നവർ ഒരുകൂട്ടരും, വ്യവസായങ്ങളിൽ പണം ഇറക്കുന്നതു വേറൊരുകൂട്ടരും ആയിരിക്കെ, ഈ 'പൊരുത്തം' കിട്ടുന്നില്ല. യന്ത്രനിൎമ്മാ ണത്തിന്നും മററും വ്യവസായത്തിൽ പണം ഇറക്കുന്നതി ൻെറ അൎത്ഥം തൊഴിലാളികൾക്കു തൊഴിൽ കൊടുക്കുക യാണെന്നു്, തൊഴിലാളികൾക്കു തൊഴിൽ കൊടുക്കുന്ന തിൻെറ അൎത്ഥം, അവരുടെ വരവും അതോടുകൂടി സാധ നങ്ങൾ വാങ്ങാനുള്ള ശക്തിയും വിലവൎദ്ധനയും വ്യവ സായങ്ങൾക്കു് ഐശ്വൎയ്യവും ആണെന്നും, ദൃഢമായി മന

സ്സിലാക്കേണ്ടിയിരിക്കുന്നു. ഇതിൽ അന്തർഭവിച്ചിരിക്കുന്നതു്, വ്യാവസായികമായ നിക്ഷേപനയം നിയന്ത്രിക്കുന്നതിൻെറ ഉത്തരവാദിത്വം സ്വകാര്യമേഖലയ്ക്കു വിട്ടുകൊടുത്താൽ മതിയോ എന്നുള്ള ചോദ്യമാണു്.

കഴിഞ്ഞ മൂന്നുനാലു ദശാബ്ദങ്ങളായി പ്രാബല്യത്തിൽ വന്നിട്ടുള്ള ഒരു അഭിപ്രായപ്രകാരം പണത്തിന്റെ പലിശ, വ്യവസായത്തിൽ നിക്ഷേപിക്കേണ്ട മൂലധനത്തിൻെറ തുക, അതു് ഇന്നിന്നവഴിക്കാണു വേണ്ടതെന്നും മററും നിയന്ത്രിക്കാൻ ഉള്ള ചുമതല ഗവൎമ്മേണ്ടു് ഏറെറടുക്കണം എന്നാണു്. ഈ അഭിപ്രായപ്രകാരം, ഗവൎമ്മേണ്ടു് ഭാവിയിൽ വ്യവസായകാര്യങ്ങളിൽ കുറേക്കൂടി ഏൎപ്പെടണം. ചുരുക്കത്തിൽ എല്ലാവൎക്കും തൊഴിൽ കൊടുക്കത്തക്കവണ്ണം ഗവൎമ്മേണ്ടു് വ്യവസായജീവിതത്തെ നിയന്ത്രിക്കണം. അതിനപ്പുറം, ഗവൎമ്മേണ്ടു് പോകേണ്ട ആവശ്യം ഇല്ലാ. അതായതു്, ഓരോ വ്യക്തിയേയും ഇന്നിന്ന വ്യവസായത്തിൽ ഏൎപ്പെടണമെന്നു ഗവൎമ്മേണ്ടു് നിൎദ്ദേശിക്കേണ്ട; അതു് അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിന്നു വിട്ടുകൊടുക്കാം. ഇന്നത്തെ സാമ്പത്തിക ഘടനയ്ക്കുള്ള തകരാറു്, 10,000-ത്തിൽ 9,000 പേൎക്കു മാത്രമേ തൊഴിൽ കൊടുക്കുന്നുള്ളു എന്നതാണു്. അല്ലാതെ 9,000 പേർ ഇന്നു ജോലിചെയ്യുന്നതു് തെററായവഴിക്കാണു് എന്നല്ലാ. ഈ നയം ഒരു രാജ്യത്തുള്ള സകല ഉല്പാദനോപകരണങ്ങളേയും ഉപയോഗപ്പെടുത്താനാണു് പ്രധാനമായി നോക്കുന്നതു്. അഖിലരാജ്യവ്യാപാരം ഉണ്ടായിരിക്കും; പക്ഷേ, അതിൻെറ വ്യാപ്തിയും രൂപവും ഇന്നത്തെ ആദൎശത്തിൽനിന്നും വളരെ അകന്നായിരിക്കും.

# വ്യാവസായികബന്ധങ്ങൾ

ഉയന്ന ജീവിതത്തോതു കാംക്ഷിക്കുന്ന ഒരു സമുദായത്തിനു സാധനനിമ്മാണത്തിലും വ്യവസായത്തിലുമുള്ള പുരോഗതി അനുപേക്ഷണീയമാണു്. വ്യാവസായികപുരോഗമനത്തിൻെറ അടിത്തട്ട്—വേണ്ടത്ര മൂലധനവും വ്യവസായങ്ങൾ രൂപവല്ക്കരിക്കാനുള്ള അറിവും കെല്പും—സുസ്ഥിരമായിരുന്നാലും, വ്യവസായത്തിന്റെ ദൈനംദിനപ്രവത്തനം സുഗമമായിരിക്കണമെങ്കിൽ ഭരണകത്താക്കന്മാരും, തൊഴിലാളികളും തമ്മിലുള്ള മൈത്രീബന്ധം അഭംഗമായി നിലനിന്നുവരണം. ഭാരതത്തിൻെറ സാമ്പത്തികഭാവിയെപ്പററി പല പദ്ധതികളും ആലോചനയിലിരിക്കുന്ന ഈ സമയത്ത്് അതിനെ സാരമായി സ്പർശിക്കുന്ന വ്യാവസായികബന്ധങ്ങളുടെ ചില മൗലികപ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ച അവസരോചിതമായിരിക്കുമെന്നു തോന്നുന്നു.

വ്യാവസായികബന്ധങ്ങൾ എന്ന സംജ്ഞകൊണ്ടു് ഇവിടെ അത്ഥമാക്കുന്നതു ഭരണാധികാരികളും (അതായതു് സ്റ്റേററും) മുതലാളികളും തൊഴിലാളികളും അല്ലെങ്കിൽ അവരുടെ സംഘങ്ങളും തമ്മിലുള്ള ബന്ധവും, ഈ സംഘങ്ങൾ തമ്മിലുള്ള ബന്ധവും ആണു്. മുതലാളികളും തൊഴിലാളികളും സംഘടിക്കുന്നതിലുള്ള സ്വാതന്ത്ര്യം, ഈ സ്വാതന്ത്ര്യത്തെ സുരക്ഷിതമാക്കാനുള്ള മാഗ്ഗങ്ങൾ, തൊഴിൽവ്യവസ്ഥകളടങ്ങിയ കരാറുകൾ തിട്ടപ്പെടുത്തുന്നതിനുള്ള കൂടിയാലോചനകൾ, തൊഴിൽത്തക്കങ്ങൾ രഞ്ജിപ്പിലും, മദ്ധ്യസ്ഥവിധികളിലുംകൂടി, ഇരുകക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ

ഒഴിവാക്കാനുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുക—ഇവയെല്ലാമാണു് ഈ ബന്ധങ്ങളുടെ ചില വശങ്ങൾ. ഈ വിവിധ വശങ്ങളുടെ പുരോഗമനം വ്യാവസായികബന്ധങ്ങൾ പ്രബലമാക്കാൻ സഹായിക്കുന്നു. തൊഴിൽത്തക്ങ്ങൾ തീക്കുക എന്ന പരിമിതമായ ലക്ഷ്യം കൂടാതെ, തക്ങ്ങൾ ഉണ്ടാകാതെ വ്യാവസായികസമാധാനം പുലത്തിക്കൊണ്ടുപോകുന്നതും, വ്യാവസായികബന്ധങ്ങൾ സംവിധാനംചെയ്യുന്നതിൻെറ ഒരു മുഖ്യലക്ഷ്യമായിരിക്കും. ഈ ലക്ഷ്യത്തിൻെറ ഒരു ഫലം, സാധനനിമ്മാണം കാര്യക്ഷമമായി കൊണ്ടുപോവുകയും തന്മൂലം തൊഴിലാളികളുൾപ്പെടെ സമുദായത്തിലെ വിവിധാംഗങ്ങളുടെ ജീവിതനിലവാരം ഉയത്തുകയും ആണു്.

വ്യാവസായികലക്ഷ്യങ്ങൾ വിജയകരമായി സാധിക്കുവാൻ വ്യാവസായികസമാധാനം അത്യാവശ്യമാണെന്നു് ഇന്ത്യാഗവമ്മേണ്ടു് നിയമിച്ച പ്ലാനിങ്ങ് കമ്മീഷൻ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. വ്യാവസായികസമാധാനം സ്ഥാപിക്കാൻ വേണ്ട നയത്തിൻെറ ചില പ്രധാനഭാഗങ്ങളും ഈ കമ്മീഷൻ സൂചിപ്പിച്ചിരിക്കുന്നു. പണിമുടക്കാനുള്ള അവകാശത്തിൻെറ വ്യാപ്തിയും, പ്രകൃതിയും, തൊഴിൽത്തക്ങ്ങൾ ഇല്ലാതാക്കാനുള്ള വഴികൾ, വ്യവസായത്തിലെ ഭരണകത്താക്കന്മാരും തൊഴിലാളികളും തമ്മിലുള്ള കൂടിയാലോചനകളുടെ സമ്പ്രദായം, ജോലിവ്യവസ്ഥകൾ തിട്ടപ്പെടുത്താൻ തൊഴിലാളിസംഘങ്ങളും മുതലാളികളുമായുള്ള കരാറുകൾ നിശ്ചയിക്കേണ്ടതിൻെറ മുറ, തൊഴിൽത്തക്ങ്ങൾ തീക്കാനുള്ള മാദ്ധ്യസ്ഥതന്ത്രങ്ങൾ, തൊഴിൽശാലകളിൽ, തൊഴിലാളികൾക്കു വ്യക്തിപരമായി ദൈനംദിനം ഉണ്ടാകാവുന്ന പരാതികൾ പരിഹരിക്കാനും സങ്കടനിവൃത്തി വരുത്താനും

ഉപയുക്തമായ ചില പ്രമാണങ്ങളും, അതിനുപയുക്തമായ സ്ഥാപനങ്ങളും സൃഷ്ടിക്കുക, വ്യവസായലോകത്തിൽ അച്ചടക്കംപാലിക്കാനായി മുതലാളികളും തൊഴിലാളികളും ചെയ്യേണ്ട ചില കർത്തവ്യങ്ങൾ അടങ്ങിയ ഒരു അനുശാസനസംഹിത( Code of discipline )രൂപീകരിക്കുക, തൊഴിലാളിസംഘടനകൾ തമ്മിലുള്ള മത്സരം ഇല്ലാതാക്കാൻ അവരുടെ നടപടിയേയും പെരുമാററത്തേയും നിയന്ത്രിക്കുന്ന ഒരു സദാചാരസംഹിത( Code of conduct)തിട്ടപ്പെടുത്തുക, സാധനനിർമ്മാണം കുറേക്കൂടി കാര്യക്ഷമമാക്കാൻ നിർമ്മാണക്രമങ്ങൾ പുനഃസ്സംഘടിപ്പിക്കാനും, അതിന് അനുയോജ്യമായ ഒരു മനോഭാവം മാനേജ്മെൻറിലും തൊഴിലാളികളിലും സൃഷ്ടിക്കാനുതകുന്ന ഒരു കാര്യക്ഷമക്ഷേമസംഹിത (Code of Efficiency and welfare)രൂപീകരിക്കുക, വ്യാവസായികബന്ധങ്ങൾ പ്രബലപ്പെടുത്താനും വ്യാവസായികമേഖലയിലും ഒരുതരം പ്രജാഭരണപ്രമാണം നടപ്പിലാക്കാൻ സഹായിക്കാൻ പററിയ 'തൊഴിലാളിവിദ്യാഭ്യാസം' പുരോഗമിപ്പിക്കുക, വ്യാവസായികജീവിതത്തിൽ തൊഴിലാളികളുടെ പങ്കു വർദ്ധിപ്പിക്കാൻ അവരെ തൊഴിൽശാലകളുടെ നടത്തിപ്പിൽ പങ്കാളികളാക്കുക—ഈ മാതിരി വിഷയങ്ങളിൽ കൈക്കൊള്ളേണ്ട നയത്തെസ്സംബന്ധിച്ചു പ്ലാനിങ്ങ് കമ്മീഷൻ പല അടിസ്ഥാനനിയമങ്ങളും പ്രസ്താവിച്ചിട്ടുണ്ട്. അവ മുഴവൻ ഇവിടെ വിസ്തരിക്കാൻ സാധിക്കുകയില്ലെങ്കിലും, ചിലതിനെപ്പററി ഒരു ചുരുങ്ങിയ വിവരണം കൊടുക്കാം. തൊഴിലാളികളുടെ സ്ഥിതി നന്നാക്കാനും, അവർക്കു കുറെക്കൂടി ഒരു ഉയന്ന ജീവിതരീതി പ്രദാനംചെയ്യാനും എത്രമാത്രം സഹായിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും വ്യാവസായിക

ബന്ധത്തിൻെറ മെച്ചം എന്നു് ആദ്യമായി, കമ്മീഷൻ കാണിച്ചിട്ടുണ്ടു്. തൊഴിലിൻെറ മഹിമ, സമുദായത്തിന്നു വേണ്ട സാധനങ്ങൾ ഉണ്ടാക്കുന്നതിൽ തൊഴിലാളി വഹിക്കുന്ന പ്രധാനപങ്കു്, തൊഴിലാളിയുടെ ഉല്പാദനശക്തിയെ മാത്രമല്ല ഒരു വ്യക്തിയെന്ന നിലയിൽ അവനെത്തന്നെയും രക്ഷിക്കേണ്ട ആവശ്യകത, ഇവയെല്ലാം സ്വയംവ്യക്തമായ വാസ്തവങ്ങളായി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടു്. സ്വകാര്യലാഭം പ്രചോദനമായി പ്രവൎത്തിക്കുന്ന ഒരു വ്യവസായസമ്പ്രദായത്തിൽ പണിമുടക്കവകാശം പ്രയോഗിച്ചു തൊഴിലാളികളുടെ സ്ഥിതി നന്നാക്കുവാൻ ഉള്ള സ്വാതന്ത്ര്യത്തെ പരക്കെ സമ്മതിച്ചിട്ടുമുണ്ടു്. പക്ഷേ, സമുദായനീതിക്കും പൊതുജനക്ഷേമത്തിനും വേണ്ടി ചിട്ടപ്പെട്ടുത്തിയ വ്യവസായസമ്പ്രദായത്തിൽ ഈ പണിമുടക്കിന്നു ചില പരിമിതികൾ ആവശ്യമാണു്. അതുകൊണ്ടു് ഈ കാൎയ്യത്തിൽ യഥാൎത്ഥപുരോഗമനത്തിനു്, മാറിവരുന്ന സ്ഥിതികൾക്കു് അനുസൃതമായി ഇരുകക്ഷികളും നേരിട്ടു സഹകരണം വികസിപ്പിക്കാനുള്ള ഏൎപ്പാടുകൾ ചെയ്യുകയാണു് ഉത്തമമാൎഗ്ഗം എന്നു സമ്മതിക്കുന്നതോടൊപ്പം, തൊഴിൽത്തൎക്കങ്ങൾ മദ്ധ്യസ്ഥതയിൽ തീൎക്കാനുള്ള അധികാരം ഗവൎമ്മേണ്ടിനുണ്ടാകേണ്ടതാണെന്നു കമ്മീഷൻ വാദിക്കുന്നു. തൊഴിൽവ്യവസ്ഥകൾ നിശ്ചയിക്കാനുള്ള കൂടിയാലോചനകൾ ഒരു സ്ഥലത്തു്, കഴിയുന്നതും ഒരു തൊഴിലാളിസംഘം, നടത്തേണ്ടതാണു്; അല്ലാത്തപക്ഷം തൊഴിലാളിസംഘങ്ങൾ തമ്മിലുള്ള കലഹങ്ങൾ ആ മാതിരി സംഘങ്ങളുടെ വളൎച്ചയെ തടയുന്നതാണു്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തൊഴിൽത്തൎക്കത്തിൽ സമാധാനം കണ്ടുപിടിക്കാൻ അവൎക്കു സാധിക്കാത്തപ്പോൾ രഞ്ജി

പ്പിനുവേണ്ടിയുള്ള ഗവമ്മേണ്ടിൻെറ സഹായം ഉപയോഗിക്കുക, അല്ലെങ്കിൽ രണ്ടു കക്ഷികളും ഒരു മദ്ധ്യസ്ഥസമിതിയുടേയോ കോടതിയുടേയോ വിധിക്കു വഴങ്ങുക, ഇപ്രകാരം രണ്ടു മാൎഗ്ഗങ്ങൾ നിദ്ദേശിക്കപ്പെട്ടിരിക്കുന്നു.

തൊഴിൽത്തക്കത്തിൽ രണ്ടു കക്ഷികളും ചെയ്യേണ്ട കാര്യങ്ങൾ, അഥവാ പ്രായോഗികമായി അനുവത്തിക്കേണ്ട നയങ്ങൾ, ഇവയെക്കുറിച്ചാണു് കമ്മീഷൻെറ ഈ നിദ്ദേശങ്ങൾ. ഇവയിൽ അന്തർലീനമായ മൗലികതത്വങ്ങളത്രേ വ്യാവസായികബന്ധങ്ങളെ നിയന്ത്രിക്കുന്നതു്.

തൊഴിലാളികളേയും, വ്യവസായഭരണകത്താക്കന്മാരേയും ഒരുമിച്ചു വ്യവസായപ്രവത്തനത്തിൽ കൊണ്ടുവരുമ്പോൾ അവക്കു തമ്മിൽ ചില പ്രത്യേകബന്ധങ്ങളുണ്ടാകുന്നു. പൊതുതാല്പര്യങ്ങളുടെ ഐക്യത്തേക്കാൾ ഭിന്നത ചിലപ്പോൾ മുഴച്ചുനില്ക്കുന്നു. വ്യാവസായികബന്ധങ്ങൾ ഇതുവരെ പ്രധാനമായി ഈ ഭിന്നതകളെ ഒഴിക്കാനും അതിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന തൊഴിൽത്തക്കങ്ങളെ സമാധാനിപ്പിക്കാനും ഉള്ള തന്ത്രങ്ങളായിരുന്നു. പക്ഷേ, ഈയിടെയായി പൊതുതാല്പര്യങ്ങളുടെ വ്യാപ്തിയും രണ്ടുകൂട്ടരും തമ്മിലുള്ള ബന്ധംപുലത്താനുള്ള ശ്രമങ്ങളുടെ പ്രാധാന്യവും കണക്കിലധികം ശ്രദ്ധയെ ആകഷിച്ചിട്ടുണ്ടു്. ഈ പുതിയ വീക്ഷണഗതിപ്രകാരം ഒരു വ്യാവസായികസംഘടനയെ വെറും ഒരു സാമ്പത്തികസ്ഥാപനമായി കണക്കാക്കിയാൽ പോരാ, വ്യക്തികളുടേയും, സംഘങ്ങളുടേയും വിവിധാവശ്യങ്ങൾ നിറവേററുന്ന ഒരു സമുദായസംഘടനയാണതു്. ഒരു തൊഴിൽശാലയിൽ ജോലിചെയ്യുന്ന ആളിൻെറ ജീവിതത്തിലെ ഏറിയഭാഗവും ആ തൊഴിൽശാലയിലാണു കഴിഞ്ഞുകൂടുക. അയാളുടെ പെരുമാററം, സാമ്പത്തികവും സാമുദാ

യികവും വ്യക്തിപരവുമായ പല ശക്തികളെ ആശ്രയി ച്ചിരിക്കുന്നു. വ്യവസായത്തിൽ ഇടയ്ക്കിടയ്ക്കു കാണുന്ന ഭി ന്നിപ്പുകൾക്കു്, അവ പ്രത്യക്ഷമാകുമ്പോൾ, പ്രതിവിധി ഉണ്ടാക്കിയാൽ പോരാ. വ്യവസായജീവിതത്തിൽ മനു ഷ്യരുടെ പെരുമാററത്തെ നിയന്ത്രിക്കുന്ന ശക്തികളെ മനസ്സിലാക്കുകയും, ആ പെരുമാററം ഭിന്നകക്ഷികളുമായു ള്ള പൊരുത്തത്തെ പുലർത്താൻ ഉപയോഗപ്പെടുത്തുകയു മാണു വേണ്ടതു്. ഈ അഭിപ്രായപ്രകാരം വ്യാവസായി കനിർമ്മാണത്തിൽ മനുഷ്യഘടകത്തിൻെറ പ്രാധാന്യ ത്തിന്നും, വ്യാവസായികബന്ധത്തിൽ മനുഷ്യർ തമ്മിലു ള്ള ബന്ധത്തിനെപ്പററി പഠിക്കേണ്ടതിൻെറ ആവശ്യക തയ്ക്കും കൂടുതൽ അംഗീകരണം സിദ്ധിക്കുന്നു.

തൊഴിൽശാലകളിൽ കുറേക്കൂടി സുസ്ഥിരമായ 'മ നുഷ്യബന്ധം' സൃഷ്ടിക്കാനും, തന്മൂലം വ്യാവസായിക ബന്ധങ്ങളെ ദൃഢമാക്കാനും, മുമ്പു പറഞ്ഞപോലെ, മനു ഷ്യഘടകത്തിൻെറ പ്രാധാന്യം അംഗീകരിച്ചാൽ മാത്രം പോരാ. മനുഷ്യബന്ധത്തിൻെറ തത്വങ്ങൾ മനസ്സിലാ ക്കി അവയെ പ്രായോഗികമാക്കിക്കൊണ്ടുവരാൻ കെല്പു ള്ളവരുടെ നിരന്തരപ്രയത്നവും ഇതിന്നാവശ്യമാണു്. ഈ മനുഷ്യബന്ധം, തൊഴിൽശാലയിൽ ദിവസംതോ റും ഒരുമിച്ചു ജോലിചെയ്യുന്നവർ തമ്മിൽ സൗഹാർദ്ദം പുലർത്താൻ ശ്രമിക്കുന്നു; ഇതിൻെറ അനന്തരഫലമായി വ്യവസായത്തിൽ ഭരണകർത്താക്കന്മാരും തൊഴിലാളി നേതാക്കന്മാരും തമ്മിലുള്ള കൂടിയാലോചനകൾ വിജയ കരമാക്കുന്നതിനും, പൊതുവേ, വ്യാവസായികബന്ധ ത്തെ പുഷ്ടിപ്പെടുത്തുന്നതിനും സാധിക്കുന്നു.

ഇപ്രകാരം ഒരു പ്രായോഗികമായ 'മനുഷ്യബന്ധ' പരിപാടിയിലെ പ്രധാനഭാഗങ്ങൾ എന്തെല്ലാമാണു്?

ഒന്നാമതായി ഒരു തൊഴിൽശാലയുടെ നടത്തിപ്പുസംബന്ധിച്ച നയങ്ങൾ രൂപവല്ക്കരിക്കുന്ന ഭരണാധികാരശക്തി, ന്യായമായ കൂലിനിരക്ക്, ജോലി ചെയ്യുന്നതിന്നനുകൂലമായ പരിതഃസ്ഥിതികൾ മുതലായവ നിശ്ചയിക്കുന്നതിലൂടെ പ്രകടമാകുന്ന മനോഭാവം, തൊഴിൽശാലയിലെ മാനുഷികബന്ധത്തെ സാരമായി ബാധിക്കുന്നു എന്നുള്ളതു വ്യക്തമാണല്ലോ. രണ്ടാമതായി ഗണിക്കേണ്ടതു് ഈ നയങ്ങൾ പ്രായോഗികരൂപത്തിൽ കൊണ്ടുവരുന്ന ഇടത്തരം മേലന്വേഷണക്കാരെയാണു്. തൊഴിലാളികൾക്കു 'ഭരണശക്തി'യുടെ നിശ്ചയങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും തൊഴിലാളികളുടെ ആവശ്യങ്ങൾ മേലധികാരികളെ ധരിപ്പിക്കുന്നതിനും ബാധ്യതപ്പെട്ടവർ തൊഴിലാളികളോടു് ഏററവും അടുത്തു നില്ക്കുന്ന ഇവരാണു്. ഇവരുടെ വ്യക്തിസാമർത്ഥ്യത്തിലാണു് ഒരു തൊഴിൽശാലയിലെ ദൈനംദിനബന്ധങ്ങൾ, മാത്രമല്ലാ, വ്യാവസായികബന്ധത്തിൻെറ ഒരു പ്രധാനഭാഗം തന്നെ, ആശ്രയിച്ചിരിക്കുന്നതു്. മൂന്നാമതു്, പരസ്പരം കാര്യങ്ങൾ ധരിപ്പിക്കുന്നതിനുപയോഗിക്കുന്ന തന്ത്രങ്ങളുടെ വ്യാപ്തിയും പ്രകൃതിയും തൊഴിൽശാലയിലെ മനുഷ്യബന്ധത്തെ സാരമായി ബാധിക്കുന്നു. തൊഴിലാളികൾ തമ്മിൽ വ്യക്തിപരമായും സാമുദായികമായുമുള്ള സംസർഗ്ഗം പുലത്തുക, മേലന്വേഷണക്കാരും തൊഴിലാളികളും ഭരണാധികൃതന്മാരും തമ്മിലുള്ള ചേച്ച് നിലനിത്തിക്കൊണ്ടുപോവുക ഇതെല്ലാം വിപുലമായ ഒരു തൊഴിൽശാലയിൽ ദിവസന്തോറുമുള്ള പ്രവൃത്തികൾക്കു് ആവശ്യമായ സന്ദേശങ്ങൾ ഏതുപ്രകാരം അങ്ങോട്ടും ഇങ്ങോട്ടും വിതരണംചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. സാധാരണ ഉണ്ടാകാറുള്ള തെററിദ്ധാരണകൾ

ഏറെക്കുറെ തൊഴിലാളികളും ഭരണാധികാരികളും തമ്മിൽ അടുപ്പമില്ലായ്മകൊണ്ടുണ്ടാകുന്നതാണ്. അതുകൊണ്ടാണ് ദൈനംദിനമനുഷ്യബന്ധം നന്നാക്കാനും വ്യാവസായികബന്ധം പുലർത്താനും തൊഴിലാളികളും ഭരണാധികാരികളുംകൂടിയ 'കൂട്ടസമിതികൾ' പല തൊഴിൽശാലകളും സ്ഥാപിച്ചുതുടങ്ങിയിട്ടുള്ളതു്.

അപ്പോഴപ്പോൾ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾക്കു് അപ്പോഴപ്പോൾത്തന്നെ സമാധാനം ഉണ്ടാക്കാൻ ഉതകുന്ന ഈ 'കൂട്ടസമിതി'കളെ വ്യാവസായികബന്ധത്തിൻെറ അടിസ്ഥാനക്കല്ലായി പ്ലാനിങ്ങ് കമ്മീഷൻ കണക്കാക്കുന്നു. ഈമാതിരിയുള്ള കൂട്ടസമിതികൾ തൊഴിൽശാലകളിലും വ്യവസായത്തിനു പൊതുവേയും സ്ഥാപിക്കണമെന്നു കമ്മീഷൻ ശുപാർശ ചെയ്യുന്നു.

ഈ 'കൂട്ടസമിതി'കളിലേക്കു തൊഴിലാളികളുടെ പ്രതിനിധികളെ തൊഴിൽസംഘങ്ങൾ നിയമിക്കേണ്ടതാണെന്നും, തൊഴിൽസംഘങ്ങൾ ഇല്ലാത്തപക്ഷം തൊഴിലാളികൾ നേരിട്ടു് അവരെ തിരഞ്ഞെടുക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ടു്.

'മാനുഷികബന്ധം' പ്രബലപ്പെടുത്തിയതുകൊണ്ടു മാത്രം തൊഴിൽത്തർക്കങ്ങൾ എല്ലാം തീരുമെന്നു് ആക്കും വ്യാമോഹമില്ല. സാധനനിർമ്മാണത്തിലെ കാര്യക്ഷമതയോടൊപ്പം ഇതും വ്യവസായമേഖലയിൽ സമാധാനത്തിനും ക്ഷേമത്തിനും ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു എന്നാണു് ഈ വശത്തിൻെറ പ്രാധാന്യത ഊന്നിപ്പറയുന്നവർ മുഖ്യമായി അവകാശപ്പെടുന്നതു്. വാസ്തവത്തിൽ ഓരോ തൊഴിൽത്തർക്കത്തിൻെറ അടിസ്ഥാനമായ കാരണം അന്വേഷിക്കുകയും, അതിനു് ഒരു പോംവഴി ഉണ്ടാക്കുകയും വ്യാവസായികസമാധാനത്തിനു് അനുപേക്ഷണീ

യമാണു്. ഈ കാര്യത്തിൽ തൊഴിലാളികൾക്കു വ്യക്തിപരവും, സാമൂഹ്യപരവുമായ ഒരു സംതൃപ്തി ഉളവാക്കുന്നതിനോടൊപ്പം തൊഴിൽശാലയുടെ സാമ്പത്തികവും സാങ്കേതികവുമായ കാര്യക്ഷമത പരിപാലിക്കേണ്ടതിന്റെ പ്രാധാന്യതയും ഓർക്കേണ്ടതാണു്. ഈ വിവിധവശങ്ങളുടെ സമഞ്ജസമായ ഒരു സമ്മേളനത്തിൻെറ ഫലമായേ വ്യാവസായികബന്ധങ്ങൾ സുസ്ഥിരമായി സ്ഥാപിക്കാൻ സാധിക്കു.

വ്യാവസായികബന്ധങ്ങൾ പുഷ്ടിപ്പെടുത്താൻ പ്ലാനിങ്ങ് കമ്മീഷൻെറ നിർദ്ദേശങ്ങളുടെ അത്രതന്നെ പ്രാധാന്യം, ഇൻഡ്യൻ തൊഴിലാളിസമ്മേളനങ്ങളുടേയും അവയോടൊപ്പം പ്രവർത്തിക്കുന്ന സ്ഥിരതൊഴിൽസമിതി(Standing Labour Committee)യുടേയും വിഭിന്നവ്യാവസായികസമിതികളുടേയും തീരുമാനങ്ങൾക്കും അതിനുമുമ്പു നടക്കുന്ന ചർച്ചകൾക്കും ഉണ്ടു്. അന്താരാഷ്ട്രീയതൊഴിൽ സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്ന സമ്മേളനങ്ങളുടേയും, സമിതികളുടേയും മാതൃകയിലാണു് ഇൻഡ്യയിലെ സ്ഥാപനങ്ങൾ; ഗവമ്മേണ്ടു്, മുതലാളി, തൊഴിലാളി ഈ മൂന്നുപക്ഷക്കാരുടെ പ്രതിനിധികൾ അവയിലെല്ലാററിലും പങ്കുകൊള്ളുന്നു. അവരുടെ കൂടിയാലോചനകളുടെ ഫലമായിട്ടാണു് തൊഴിൽ സംബന്ധിച്ച്യ പൊതുവേയുള്ള പ്രശ്നങ്ങൾക്കു് ഒരു തീരുമാനം കാണുന്നതു്. ഇൻഡ്യൻ തൊഴിലാളി സമ്മേളനത്തിന്റെ പന്ത്രണ്ടാമത്തെ യോഗത്തിൽ വ്യാവസായികബന്ധത്തിൻെറ അടിസ്ഥാനതത്വങ്ങളേക്കുറിച്ചു് ഒരു വാദപ്രതിവാദം ഉണ്ടായി എന്നും ഇവിടെ പ്രസ്താവയോഗ്യമാണു്.

ഈ വാദപ്രതിവാദങ്ങളും, ഇപ്പോൾ ഇൻഡ്യയിൽ ഈ കാര്യത്തിൽ അനുവർത്തിച്ചുവരുന്ന നയവും ഇന്നു

സർവ്വാംഗീകൃതങ്ങളായ ആശയങ്ങളെ അവലംബിച്ചുള്ള വയാണ്. അന്താരാഷ്ട്രീയതൊഴിലാളിസംഘടന കുറേ ക്കാലമായി വ്യാവസായികബന്ധങ്ങളെ സംബന്ധിച്ച ചില നിബന്ധനകൾ നടപ്പിലാക്കുന്നതിന്ന് യത്നിച്ചിട്ടു ണ്ടു്. ഓരോ രാജ്യവും അവിടത്തെ വ്യാവസായികബ ന്ധത്തെ ഈ അഖിലരാജ്യനിബന്ധനകൾ അനുസരിച്ചു രൂപപ്പെടുത്താൻ ശ്രമിക്കുന്നതുകൊണ്ടു്, അവയെക്കുറി ച്ചുള്ള ഒരു ചുരുങ്ങിയ വിവരണം ശ്രദ്ധേയമായിരി ക്കും. ഒന്നാമതായി, തൊഴിലാളികൾക്കും മുതലാളികൾ ക്കും അവരവരുടെ ഇഷ്ടംപോലെയുള്ള സംഘങ്ങൾ രൂപവൽക്കരിക്കാനുള്ള സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊ ണ്ടു് ഒരു നിബന്ധന 1948-ൽ അംഗീകരിക്കപ്പെട്ടു. അതു കഴിഞ്ഞു്, 1949-ൽ ഈ സിദ്ധാന്തത്തെപ്പററി യുള്ള ചില പ്രായോഗികതത്വങ്ങളും അംഗീകരിച്ചു. അവരവരുടെ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിൽ എതിർകക്ഷിയുടെ ഇടപെടൽ ഇല്ലാതിരിക്കേണ്ടതി നെക്കുറിച്ചാണ് ഈ നിബന്ധന. ഓരോ രാജ്യത്തും തൊഴിലാളി-മുതലാളിസംഘടനകൾ തമ്മിൽ കൂടിയാ ലോചന നടത്തുന്നതിനു പ്രേരിപ്പിക്കത്തക്കവിധം വേണ്ട നടപടികളെടുക്കേണ്ടതാണെന്നും ഈ നിബന്ധന അം ഗീകരിച്ചിട്ടുണ്ടു്. തൊഴിലാളികളും മുതലാളികളും ത മ്മിൽ ഏർപ്പെടാറുള്ള പൊതുക്കരാറുകൾ, ഈ ക രാറുകൾ സൃഷ്ടിക്കാനുള്ള കൂടിയാലോചനകളുടെ ത ന്ത്രങ്ങൾ, തൊഴിൽശാലയിലുള്ള കൂട്ടസമിതികൾ ഇവ യെക്കുറിച്ചാണു മററു നിബന്ധനകൾ. തൊഴിൽശാല കളിൽ തൊഴിലാളികളും മുതലാളികളും തമ്മിൽ സാ ധാരണ നിശ്ചയിക്കുന്ന തൊഴിൽവ്യവസ്ഥകളെ ഒ ഴിച്ചു മററു പൊതുക്കാര്യങ്ങളെക്കുറിച്ചു കൂടിയാലോചി

ക്കാൻ കൂട്ടസമിതികൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണെന്നു് ഈ വിഷയത്തെക്കുറിച്ചു് അന്താരാഷ്ട്രീയ തൊഴിലാളിസംഘടന 1952-ൽ അംഗീകരിച്ച നിബന്ധന പ്രഖ്യാപനം ചെയ്യുന്നു. അന്നുതന്നെ പാസ്സാക്കിയ ഒരു പ്രമേയത്തിൽ ഈമാതിരി കൂട്ടസമിതികൾക്കു തൊഴിൽശാലയിലെ വിവിധകക്ഷികളുടെ വീക്ഷണഗതികൾ മനസ്സിലാക്കുകയും സമനിലയിലുള്ള വാദപ്രതിവാദങ്ങൾമുഖേന തൊഴിലാളികളുടെ സുഖവും സുരക്ഷിതത്വവും കുറിച്ചുള്ള കാര്യങ്ങളിൽ തൊഴിൽശാലയിലെ ഭരണാധികാരികൾക്കു് ഉപദേശവും അറിവും നിർദ്ദേശങ്ങളും നല്കുകയും ചെയ്യുവാനുള്ള ചുമതല അംഗീകരിക്കപ്പെട്ടു.

തൊഴിൽശാലയിലെ 'കൂട്ടസമിതികൾ' അവിടെ ദിവസന്തോറും ഉണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങളെ അകറ്റാനും സൗഹാർദ്ദബന്ധം പുലർത്താനും ഉപകരിക്കുമെന്നുള്ളതിനു സംശയമില്ല. സ്വതന്ത്രമായ സംഘടനകൾമൂലം വ്യവസായബന്ധം പുഷ്ടിപ്പെടുത്തുന്നതിലും ഈ സമിതികൾ പ്രധാനഭാഗം വഹിക്കുന്നു. വിജയകരമായ വ്യാവസായികബന്ധങ്ങൾ സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ ഉയൎന്ന ജീവിതത്തോതിന്നാവശ്യമായ സാധനങ്ങൾ സൃഷ്ടിക്കൽ സുഗമമാകുന്നതുകൂടാതെ ഓരോ ജോലിയിലും ഏർപ്പെടുന്നവൎക്കു സംതൃപ്തിയും സുഖവും നല്കുന്നതുമൂലം സാമുദായികോല്ക്കർഷവും സമാധാനവും കൈവരികകൂടിച്ചെയ്യുന്നു.

KOTTAYAM PUBLIC LIBRARY
KOTTAYAM

## ഇന്നത്തെ സ്വാതന്ത്ര്യം

സ്വാതന്ത്ര്യം എന്ന വാക്കിന്റെ ഇന്നത്തെ അർത്ഥവും, വ്യാപ്തിയും ആലോചിക്കുമ്പോൾ, കഴിഞ്ഞ കുറേ ശതാബ്ദങ്ങളായി, സാമൂഹ്യപരിതഃസ്ഥിതി അനുസരിച്ച്, അതിനു വന്ന മാററങ്ങളെയാണ് ഓർമ്മിക്കുന്നത്. ഈ മാറ്റങ്ങൾ സാമുദായികവും, രാഷ്ട്രീയവും, സാമ്പത്തികവും ആയി ബന്ധിച്ചുകിടക്കുന്ന മേഖലകളെ ബാധിച്ചിട്ടുണ്ട്.

സാമുദായികമായ അസ്വാതന്ത്ര്യത്തിന്റെ നേരെ—പ്രത്യേകിച്ച്, ഒരു ജനവിഭാഗം മറെറാരു ജനവിഭാഗത്തെ അടിച്ചമർത്തിവെയ്ക്കുമ്പോൾ അധീനതയിൽ കഴിയുന്ന വിഭാഗം, അനുഭവിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ നേരെ—ഒരു പ്രതിഷേധശബ്ദമായിട്ടാണ് ആദ്യകാലങ്ങളിൽ സ്വാതന്ത്ര്യശബ്ദം ഉയർന്നുവന്നത്. അടിമസമ്പ്രദായം ഈ അസ്വാതന്ത്ര്യത്തിന്റെ അങ്ങേയററത്തേ രൂപമായി കണക്കാക്കാം. ഈമാതിരിയുള്ള അസ്വാതന്ത്ര്യം ഒഴിക്കേണ്ട ആവശ്യകതയെ ഇന്ന്, തത്വത്തിൽ, ആരും ചോദ്യംചെയ്യുന്നില്ലെങ്കിലും, അമേരിക്കൻഐക്യനാട്ടുകളിലെ നീഗ്രോജാതിക്കാർ, തേക്കേ ആഫ്രിക്കയിലെ വെള്ളക്കാർ, ഇവർക്കു നിയമദൃഷ്ടിയിൽപ്പോലും മററുള്ളവരുടെ സ്വാതന്ത്ര്യം ഇല്ലെന്ന് ഓർക്കുമ്പോൾ, ഇന്നത്തെ സ്വാതന്ത്ര്യം ഈ കാര്യത്തിലും, പ്രായോഗികരൂപത്തിൽ എത്ര പരിമിതമാണെന്നു മനസ്സിലാക്കാൻ കഴിയും.

ഒരു രാജ്യം മറെറാരു രാജ്യത്തിന്റെ അധീനതയിൽനിന്നു മോചനം നേടുന്നതിനെയാണ് രാഷ്ട്രീയ

സ്വാതന്ത്ര്യംകൊണ്ടു പ്രധാനമായി വിവക്ഷിക്കാറുള്ളതു്. കഴിഞ്ഞ ശതാബ്ദത്തിൽ, യൂറോപ്പിൽ പ്രബലമായി പുറപ്പെട്ട ദേശീയബോധം അവിടെ, ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ ഒരു രാജ്യം വേറൊരു രാജ്യത്തിൻെറമേൽ ചുമത്തിയിരുന്ന രാഷ്ട്രീയമായ ആധിപത്യം ഇല്ലായ്മചെയ്തു; അധീനതയിൽക്കഴിഞ്ഞ രാജ്യങ്ങൾ പൂർണ്ണമായ രാഷ്ട്രീയസ്വാതന്ത്ര്യം നേടുകയും ചെയ്തു. ഇതേ ദേശീയബോധത്തിൻെറ അലകൾ ഏഷ്യയിലും, പിന്നീടു് ആഫ്രിക്കയിലും, സ്വതന്ത്രമായ രാഷ്ട്രങ്ങളെ സൃഷ്ടിച്ചുകൊണ്ടുവന്നതു് ഇരുപതാംശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിലെ വിശ്രുതമായ ഒരു ചരിത്രസംഭവവികാസവുമാണു്. പക്ഷേ, ഇന്നും, രാഷ്ട്രീയസ്വാതന്ത്ര്യത്തിന്റെ അതിരുകൾ അവ്യക്തമായിയിരിക്കുന്നതേയുള്ളു. ഏതു ജനവിഭാഗങ്ങൾക്കാണു രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടേണ്ടതെന്നുള്ളതു പലപ്പോഴും വാദവിഷയമായിത്തീർന്നിരിക്കുന്നു. പ്രകൃതിദത്തമായ ഒരു ഭൂഭാഗത്തിൻെറ അതിർത്തികൾ, പൊതുഭാഷ, ചരിത്രസംബന്ധമായ പാരമ്പര്യത്തിലുള്ള ഐക്യം, ഒരു പ്രത്യേക മനുഷ്യവംശത്തേയോ, മതത്തിനേയോ അനുസരിച്ചുള്ള ബന്ധങ്ങൾ, സർവ്വോപരി, ഒരു രാജ്യത്തിൽ നിവസിക്കുന്ന ആളുകൾക്കു സ്വയാധിപത്യത്തിനുള്ള കെല്പു്—ഇവയെല്ലാം ഒരു രാജ്യത്തിനു്, അഥവാ ഭൂവിഭാഗത്തിനു്, രാഷ്ട്രീയസ്വാതന്ത്ര്യം എത്രകണ്ടു് ആവശ്യമാണെന്നുള്ള കാര്യത്തിൽ ആലോചിക്കേണ്ടതായിട്ടുണ്ടു്. കാശ്മീർപ്രശ്നം, വിഭിന്നമായ സ്റ്റേററുകളടങ്ങിയ ഭാരതത്തിൻെറ ഐക്യം പാലിക്കാനുള്ള ഭഗീരഥപ്രയത്നങ്ങൾ, ഇവയെല്ലാം ഓരോതരത്തിൽ ഈ വാസ്തവം സ്പഷ്ടമാക്കുന്നുണ്ടു്.

വേറൊരു രാജ്യത്തിൻെറ അധീനതയിൽനിന്നു

സ്വാതന്ത്ര്യം നേടിയാൽ മാത്രം ഒരു രാജ്യത്തിനു രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടി എന്നു കണക്കാക്കിക്കൂടാ. ഈ വാസ്തവം സ്പെയിനിനിന്റെ ആധിപത്യം കഴിഞ്ഞിട്ടും, സ്വ്വാധിപത്യത്തിന്റെ കീഴിൽത്തന്നെ ഇരിക്കുന്ന തെക്കേ അമേരിക്കയിലെ ചില രാജ്യങ്ങൾ വെളിപ്പെടുത്തുന്നു. ഓരോ വ്യക്തികൾക്കും ഭരണനേതാക്കന്മാരെ തെരഞ്ഞെടുക്കാനുള്ള സമ്മതിദാനാവകാശം അഥവാ 'വോട്ടവകാശം', ഉദ്യോഗം സ്വീകരിച്ചും മററും ഭരണയന്ത്രത്തിൽ പങ്കു കൊള്ളാൻ നിയമപരമായി ആക്കും അയോഗ്യത കല്പിക്കാതിരിക്കുക,—ഇവയും രാഷ്ട്രീയസ്വാതന്ത്ര്യസങ്കല്പത്തിന്റെ ഒരു ഭാഗമാണ്.

രാഷ്ട്രീയസ്വാതന്ത്ര്യത്തിനോടു ബന്ധപ്പെട്ടുകിടക്കുന്ന വേറൊരു സ്വാതന്ത്ര്യത്തിനെ 'പൗരസ്വാതന്ത്ര്യം' എന്നു വിളിക്കാവുന്നതാണ്. അനിയന്ത്രിതമായ സ്വേച്ഛാപ്രഭുത്വത്തിന്റേയോ ശാസനയുടേയോ ഫലമായി വ്യക്തിസ്വാതന്ത്ര്യം തടയുന്ന സമ്പ്രദായം ഇല്ലാതിരിക്കുക, ചില മൗലിക അവകാശങ്ങൾ—വിളംബരം ചെയ്തിട്ടുള്ള നിയമാവലിയോ, ന്യായാധിപവിധിസംഹിതയോ ഉണ്ടായിവരിക,—ഇവയൊക്കെ പൗരസ്വാതന്ത്ര്യത്തിന്റെ ലക്ഷണങ്ങളായി കണക്കാക്കാം. ഈ പൗരസ്വാതന്ത്ര്യം, പൊതുക്ഷേമത്തിനുവേണ്ടിയുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിട്ടുള്ളതുകൊണ്ടു്, അവയോടു വിരുദ്ധപ്പെട്ടു നില്ക്കുകയില്ല.

ഈ ശതാബ്ദത്തിൽ, പ്രത്യേകിച്ച്, ഒന്നാമത്തെ മഹായുദ്ധത്തിനുശേഷം, സ്ഥിതിസമത്വാദർശങ്ങൾക്കു പ്രാബല്യം വന്നതോടുകൂടി സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥം, സാമ്പത്തികമായ സാദ്ധ്യതകളെ ആശ്രയിച്ചാണെന്നുള്ള ബോധ്യം ഉയൎന്നുവന്നു. ഭീമമായ സാമ്പ

ത്തിക അസമത്വങ്ങൾ ഉള്ളിടത്തോളം കാലം, രാജ്യങ്ങളെ സംബന്ധിച്ചോ വ്യക്തികളെ സംബന്ധിച്ചോ, സ്വാതന്ത്ര്യം ഒരു 'പൊള്ള' സങ്കല്പമായിരിക്കും; എന്തുകൊണ്ടെന്നാൽ, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പണമുള്ള രാജ്യങ്ങളും, വ്യക്തികളും, പണമില്ലാത്തവരുടെമേൽ ആധിപത്യം അഥവാ സ്വാധീനം, ചെലുത്തിക്കൊണ്ടുപോകും—ഈ പച്ചപ്പരമാർത്ഥമാണ്, സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനം. ചുരുക്കത്തിൽ, സാമുദായികവും രാഷ്ട്രീയവും ആയുള്ള സ്വാതന്ത്ര്യം അർത്ഥവത്താകണമെങ്കിൽ, വ്യക്തികൾക്കു സാമ്പത്തികമായ സുരക്ഷിതത്വവും സ്വാതന്ത്ര്യവും വന്നുചേരണം. ഈ വിചാരഗതിയുടെ ഫലമായിട്ടാണ് ഇന്നത്തെ സ്വാതന്ത്ര്യസങ്കല്പം, ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം പൗരസ്വാതന്ത്ര്യവും, രാഷ്ട്രീയസ്വാതന്ത്ര്യവും കൂടാതെ സാമ്പത്തികസ്വാതന്ത്ര്യവും അടങ്ങിയിരിക്കേണ്ടതാണെന്ന്, ഉൽഘോഷിക്കുന്നത്.

ഈ വാസ്തവം സ്വതഃസിദ്ധമായ വാഗ്ധാടിയോടുകൂടി ബെർണാഡ് ഷാ 1935-ൽ ചെയ്ത ഒരു പ്രഭാഷണത്തിൽ സ്പഷ്ടമാക്കിയത് ഇന്നും ശ്രദ്ധേയമായതുകൊണ്ട്, അതിലെ ചില ഭാഗങ്ങൾ, താഴെ ഉദ്ധരിച്ചുകൊള്ളുന്നു:

"സ്വാതന്ത്ര്യത്തെപ്പററി പഴയമട്ടിനുള്ള വിസ്തൃതങ്ങൾ പറയുവാൻ ഇന്ന് എനിക്കു സമയമില്ല; നമുക്കു നേരെ കാര്യത്തിലേക്കു കടക്കുക. പൂർണ്ണസ്വാതന്ത്ര്യം ഉള്ള ഒരാൾ ആരാണ്? ആക്കാണോ ഇഷ്ടമുള്ളതു്, ഇഷ്ടമുള്ളപ്പോൾ, ഇഷ്ടമുള്ള സ്ഥലത്തുവച്ചു ചെയ്യുവാൻ സാധിക്കുന്നതു്, അഥവാ ഒന്നും ചെയ്യാതിരിക്കുവാനാണ് ഇഷ്ടപ്പെടുന്നതെങ്കിൽ അതിന്നു സാധിക്കുന്നതു്, അയാളാണ്

പൂൎണ്ണസ്വാതന്ത്ര്യമുള്ള ആൾ എന്നതു് സ്പഷ്ടമാണു്. എന്നാൽ അങ്ങനെ ഒരാളില്ല. അങ്ങനെ ഒരാൾ ഒരിക്കലും ഉണ്ടാകാനും വഴിയില്ല. നമുക്കു് ഇഷ്ടമുണ്ടെങ്കിലും ശരി, നമ്മുടെ ആയുഷ്കാലത്തിൻെറ മൂന്നിലൊരുഭാഗം ഉറക്കത്തിൽ കഴിക്കേണ്ടിവരും; നമുക്കു കുളിക്കണം, വസ്ത്രം ധരിക്കണം, വസ്ത്രം മാററണം; ഉണ്ണാനും മററുമായി ദിനംപ്രതി രണ്ടു മണിക്കൂർനേരം ചെലവിടണം; ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു പാഞ്ഞെത്താൻ ഏകദേശം അത്രതന്നെ സമയം ചെലവാക്കുകയും ചെയ്യണം. ആയിരം ആളുകൾ ദാസന്മാരായിട്ടുള്ള മഹാരാജാക്കന്മാരായാലും, ഭാര്യകളല്ലാതെ ദാസ്യവൃത്തിക്കു വേറെ ആരും ഇല്ലാത്ത താണ തൊഴിലാളികളായാലും, നമ്മൾ ദിവസത്തിൽ പകുതിസമയമെങ്കിലും ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങളുടെ അടിമകളാണു്. ലോകത്തിൽ ഇനിയും ആളുകൾ ഉണ്ടാകണമെങ്കിൽ, ഭാര്യമാർ കുട്ടികളെ പുലൎത്തിക്കൊണ്ടുവരുന്ന ആ കടുത്ത അടിമത്തവും ഇതിനു പുറമേ സഹിക്കേണ്ടതായിട്ടുണ്ടു്.

പ്രകൃതി നിർബന്ധിക്കുന്ന ഈ വക ജോലികൾ ഒഴിക്കാൻ സാധിക്കുന്നതല്ല. പക്ഷേ, അതിലെല്ലാം ഒഴിക്കാവുന്ന വേറെ ചില ജോലികളും അന്തർഭവിച്ചിരിക്കുന്നു. ഭക്ഷിക്കാൻ ആഹാരസാധനങ്ങൾ വേണം; ഉറങ്ങാൻ കിടക്കയും കട്ടിലും വേണം; തെരുവുകളിൽക്കൂടി നമുക്കു നടക്കണമെങ്കിൽ, നമ്മുടെ നഗ്നതയെ മറയ്ക്കുവാൻ വസ്ത്രങ്ങൾ വേണം. ഈ ആഹാരസാധനങ്ങൾ, വീടുകൾ, വസ്ത്രങ്ങൾ—ഇവയെല്ലാം മനുഷ്യപ്രയത്നംകൊണ്ടു് ഉണ്ടാക്കേണ്ടതാണു്. പക്ഷേ, ഉണ്ടാക്കിക്കഴിഞ്ഞാൽ ആരെങ്കിലും അവയെ മോഷ്ടിച്ചുകൊണ്ടുപോകാം. നിങ്ങൾക്കു തേൻ ഇഷ്ടമാണെങ്കിൽ, തേനീച്ചകളെ അവ

രുടെ പ്രയത്നംകൊണ്ടു തേൻ ഉണ്ടാക്കാൻ അനുവദിക്കാം; അതു കഴിഞ്ഞു് അവരുടെ പക്കൽനിന്നും ആ തേൻ കവ ന്നെടുക്കാം. ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേക്കു നടന്നുപോകാൻ, നിങ്ങൾ ഒരു ശുദ്ധമടിയനാണെങ്കിൽ, നിങ്ങൾക്കു് ഒരു കുതിരയെ അടിമയാക്കാം; ഈ കുതിര യോടും തേനീച്ചയോടും ചെയ്യുന്നതുതന്നെ നിങ്ങൾക്കു് ഒരു പുരുഷനോടോ, സ്ത്രീയോടോ, കുട്ടിയോടോ ചെയ്യാ വുന്നതാണു്. അതായതു്, ബലംകൊണ്ടോ, കാപട്യം കൊണ്ടോ ഏതെങ്കിലും സൂത്രംകൊണ്ടോ അവരുടെമേൽ നിങ്ങൾക്കു് ഒരു അധികാരം ചെലുത്താമെങ്കിൽ—അവ രുടെ സ്വാതന്ത്ര്യം നിങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ബലികഴിക്കേണ്ടതു് അവരുടെ മതപരമായ കടമയാ ണെന്നു് അവരെ പഠിപ്പിക്കാമെങ്കിൽ—നിങ്ങൾ അതു ചെയ്യാവുന്നതാണു്.

അതുകൊണ്ടു സൂക്ഷിച്ചു് ഇരുന്നുകൊള്ളുക! ഏതെ ങ്കിലും ഒരാൾക്കോ ഒരു കൂട്ടം (ജാതി) ആളുകൾക്കോ, നി ങ്ങളുടെ മേൽ അധികാരം അനുവദിച്ചാൽ, പ്രകൃതിയോ ടുള്ള അവരുടെ അടിമത്തം നിങ്ങളുടെ ചുമലിൽ വെച്ചു കെട്ടുവാൻ അവക്കു സാധിക്കുന്നിടത്തോളം കാലം അവർ അതിന്നു യത്നിക്കും, പത്തും പതിന്നാലും മണിക്കൂർ ഒരു ദിവസം നിങ്ങളെക്കൊണ്ടു ജോലി ചെയ്യിക്കും. നിങ്ങൾ ക്കോ നിങ്ങളുടെ കുടുംബത്തിനോ മാത്രം വേണ്ടി ജോലി ചെയ്താൽ മതിയായിരുന്നെങ്കിൽ, ഇതിൽ പകുതിയോ അതിൽ കുറവോ സമയംകൊണ്ടു നിങ്ങൾക്കു് അതു സുഖ മായിട്ടു നിർവ്വഹിക്കാമായിരുന്നു. നിഷ്കപടമായ സകല ഭരണാധികാരത്തിൻെറയും ഉദ്ദേശ്യം ഈമാതിരി നിങ്ങ ളെ ചൂഷണം ചെയ്യുന്നതു തടയുവാൻ ആയിരിക്കേണ്ട താണു്. പക്ഷേ, അനുഭവത്തിൽ, സകല ഭരണാധികാ

രികളുടെയും, ഉദ്ദേശ്യം ഇതിൻെറ നേരെ വിപരീതമാണെന്നു വ്യസനസമേതം എനിക്കു പറയേണ്ടിയിരിക്കുന്നു. നിങ്ങളുടെ അടിമത്തം ബലപ്പെടുത്താൻ അവർ ശ്രമിക്കുന്നു; എന്നിട്ട് അതിനെ 'സ്വാതന്ത്ര്യം' എന്നു വിളിക്കുകയും ചെയ്യുന്നു. പക്ഷേ, നിങ്ങളുടെ യജമാനന്മാരുടെ കൊതി, ഒരു അതിരിനുള്ളിൽ സൂക്ഷിച്ച്, അവർ നിങ്ങളുടെ അടിമത്തത്തെ നിയന്ത്രിക്കാനും ശ്രമിക്കുന്നുണ്ട്; നീഗ്രോക്കാരുടെ മട്ടിനുള്ള അടിമവ്യാപാരം പുലർത്താൻ ഇന്നത്തെ തൊഴിലാളിഅടിമത്തത്തിനേക്കാൾ ചെലവു കൂടുതലാണെന്നു കണ്ടപ്പോൾ അവർ ആ അടിമവ്യാപാരം ഉപേക്ഷിച്ച് ഒരു മുതലാളിയേയോ, ഒരു തൊഴിലാളിയേയോ, അല്ലെങ്കിൽ വേറൊന്നിനേയോ തെരഞ്ഞെടുക്കാൻ നിങ്ങൾക്കു സ്വാതന്ത്ര്യം തന്നിരിക്കുന്നു. തെരുവിലേക്കുള്ള താക്കോൽ മാത്രം ആണ് ഇതു നിങ്ങൾക്കെങ്കിലും, സ്വാതന്ത്ര്യത്തിൻെറ ഒരു ശോഭനമായ വിജയമാണെന്ന് അവർ ഇതിനെ വിളിക്കുന്നു. നിങ്ങൾ പരാതിപ്പെടുമ്പോൾ, നിങ്ങൾതന്നെ ഇനി രാജ്യം ഭരിച്ചുകൊള്ളുക എന്ന് അവർ വാക്കു തരും. ഈ വാഗ്ദാനം നിറവേററാനായി നിങ്ങൾക്ക് ഒരു 'വോട്ടു' തരികയും, അഞ്ചുകൊല്ലം കൂടുമ്പോഴോ മറെറാ ഒരു തെരഞ്ഞെടുപ്പു നടത്തുകയും ചെയ്യും. ആ തെരഞ്ഞെടുപ്പിൽ അവരുടെ രണ്ടു ധനികസ്നേഹിതന്മാർ നിങ്ങളുടെ 'വോട്ടു' ആവശ്യപ്പെടും. ഒരാൾക്കു വോട്ടുകൊടുപ്പാനും മറ്റെ ആളെ മുഷിപ്പിക്കാനും നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ട്. തെരഞ്ഞെടുപ്പിനുള്ള ഈ സ്വാതന്ത്ര്യം നിങ്ങൾക്കു മുമ്പുള്ള സ്വാതന്ത്ര്യത്തിൻെറ നിലയെ ഒരുതരത്തിലും മാറ്റുന്നില്ല; നിങ്ങൾ ജോലിചെയ്യുന്ന സമയത്തിൽ ഒരു നിമിഷംപോലും കുറയുന്നില്ല. എങ്കിലും പത്രങ്ങൾ നിങ്ങ

ളോട്ട് ഉറപ്പു പറയും: നിങ്ങളുടെ 'വോട്ടാ'ണു തെരഞ്ഞെടുപ്പു നിശ്ചയിച്ചതെന്നു്. ഇതാണു് ഒരു പ്രജായത്തഭരണരാജ്യത്തിലെ ഒരു സ്വതന്ത്രപൗരൻെറ അടയാളമെന്നും അവർ പറയും. ഇതിലെല്ലാം അത്ഭുതമായിട്ടുള്ളതു് ഇതെല്ലാം വിശ്വസിക്കാൻതക്ക വിഡ്ഢികളാണു നിങ്ങൾ എന്നുള്ളതാണു്.

മനുഷ്യനു പ്രകൃതിയോടുള്ള സ്വാഭാവികമായ അടിമത്തവും, മനുഷ്യനു മനുഷ്യനോടുള്ള പ്രകൃതിവിരുദ്ധമായ അടിമത്തവും, തമ്മിൽ ഉള്ള വേറൊരു വലിയ വ്യത്യാസത്തെപ്പററി ഇപ്പോൾ ശ്രദ്ധിക്കുക. പ്രകൃതി അവളുടെ അടിമകളോടു ദയവുള്ളവളാണു്. തിന്നാനും കുടിക്കാനും പ്രകൃതി നിങ്ങളെ നിർബ്ബന്ധിക്കുന്നുവെങ്കിൽ; നിങ്ങൾക്കു സാധിക്കുമ്പോൾ കുറെ അധികം തിന്നുകയും കുടിക്കുകയും ചെയ്യത്തക്കവണ്ണം അതിനെ അത്ര രസാവഹം ആക്കുകയും ചെയ്യുന്നു. നമ്മൾക്കു് ഉറങ്ങണം; അല്ലെങ്കിൽ ഭ്രാന്തന്മാരാകും. പക്ഷേ, ഉറക്കം അത്ര സുഖമുള്ള കാര്യമാണു്; രാവിലെ എഴുന്നേല്ക്കാൻതന്നെ നമുക്കു കുറേ പ്രയാസം തോന്നുന്നു. വീടും അടുക്കളയും യുവാക്കന്മാക്കു് അത്ര സുഖമുള്ളവയായി തോന്നുന്നതുകൊണ്ടു് അവർ വിവാഹംകഴിക്കുന്നു, അവരുടെ ദിവാസ്വപ്നങ്ങൾ യഥാത്ഥങ്ങളായിക്കാണാൻ അവർ കെട്ടിടങ്ങൾ കെട്ടുന്നു. ഇ പ്രകാരം പ്രകൃതിസംബന്ധമായ നമ്മളുടെ ആവശ്യങ്ങൾ അടിമത്തങ്ങളായി നീരസപ്പെടുന്നതിനു പകരം, അതിൽ നമുക്കു് അസാമാന്യമായ സംതൃപ്തി ഉളവാകുന്നു. അതിനെപ്പറ്റി നമ്മൾ സ്നേഹം കവിഞ്ഞൊഴുകുന്ന ഗാനങ്ങൾ എഴുതുന്നു...

മനുഷ്യനു മനുഷ്യനോടുള്ള അടിമത്തം ഇതിനു നേരെ വിരുദ്ധമായിട്ടാണു്. അതു ശരീരത്തിനും, ആത്മാ

വിനും വെറുക്കത്തക്കതാണ്. കവികൾ അതിനെപ്പറ്റി പ്രശംസിക്കുന്നില്ല; അവർ വിളംബരപ്പെടുത്തുന്നതു് ഒരു മനുഷ്യനും മറെറാരു മനുഷ്യൻെറ യജമാനൻ ആകത്തക്കവണ്ണവും നല്ലവനല്ല എന്നാണ്. മഹാന്മാരായ ജ്ഞതപ്രവാചകന്മാരിൽ ഒടുവിലത്തെ ആൾ—, മാർക്സ് എന്ന പേരിൽ അറിയപ്പെടുന്ന മാന്യൻ തൻെറ ജീവിതം മുഴുവനും മനുഷ്യനു മനുഷ്യനോടുള്ള അടിമത്തത്തിൻെറ ക്രൂരതക്കു നിയമം അതിരിട്ടിട്ടില്ലെങ്കിൽ യാതൊരു അവസാനവും ഇല്ലെന്നു തെളിയിക്കാൻ ശ്രമിച്ചു. തുടർച്ചയായ ഒരു ആഭ്യന്തരയുദ്ധം—വർഗ്ഗയുദ്ധം—ഇന്നത്തെ സമുദായസ്ഥിതി ഉണ്ടാക്കുമെന്നു നിങ്ങൾക്കു കാണാവുന്നതാണ്. അടിമകൾ തൊഴിലാളിസംഘങ്ങളായി രൂപീകരിച്ചു് ഒരു വശത്തും, അവരുടെ യജമാനന്മാർ മുതലാളിസംഘങ്ങളായി രൂപീകരിച്ചു മറുവശത്തും, നിന്നു യുദ്ധം ചെയ്യുന്നു. സർതോമസ് മൂർ പറഞ്ഞിട്ടുള്ളതുപോലെ, അടിമത്തം ആട്ടിക്കളഞ്ഞു് ഈ ലോകത്തിൽ അവരവരുടെ ഓഹരി ജോലി അവരവർ ചെയ്യുന്നതുവരെ (അവരവരുടെ ജോലി ബാക്കിയുള്ളവർ ചെയ്യുവാൻ വിട്ടുകൊടുക്കാതെ) ഈ മത്സരം അവസാനിച്ചു് സമാധാനപരവും സ്ഥിരതയുള്ളതും ആയ ഒരു സമുദായം നമുക്കു കിട്ടുകയില്ല.

ഈ യജമാനന്മാർ അവരുടെ പാർലിമെണ്ടുകളും, സ്കൂളുകളും, വർത്തമാനപത്രങ്ങളും വഴിയായി, നമ്മുടെ ഈ അടിമത്തം നമുക്കു ബോദ്ധ്യപ്പെടാതെ കഴിക്കുവാൻ ശ്രമിക്കുന്നതും സ്വാഭാവികമാണ്. ആദ്യകാലംമുതൽക്കുതന്നെ നമ്മുടെ രാജ്യം, സ്വാതന്ത്ര്യരാജ്യമാണെന്നും നമ്മുടെ പൂർവ്വികന്മാർ നമുക്കുവേണ്ടി സ്വാതന്ത്ര്യം നേടിയിട്ടുണ്ടെന്നും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അതിനെപ്പററി

നാം മുറുമുറുക്കുമ്പോൾ നമുക്കു 'വോട്ടു്' ഉണ്ടു്. അതുകൊണ്ടു നമ്മുടെ കഷ്ടപ്പാടുകൾ എല്ലാം നാം വരുത്തിക്കൂട്ടിയതാണു് എന്നു പറയും. 'വോട്ടുകൊണ്ടു് എന്തു് ഉപയോഗമാണു്?' എന്നു നാം ചോദിക്കുമ്പോൾ തൊഴിൽശാലാനിയമങ്ങൾ, വേതനനിയമങ്ങൾ, വിദ്യാഭ്യാസസംബന്ധമായ ഏർപ്പാടുകൾ,—ഇതെല്ലാം നമുക്കു കിട്ടിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചുതരുന്നു. ഇതിൽക്കൂടുതൽ എന്താണു വേണ്ടതു്? ധനികന്മാർ അവരുടെ സ്വത്തിൽ പകുതിയോ അതിലധികമോ, കരം കൊടുക്കുന്നു എന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു; പക്ഷേ, അവരുടെ കൂലിയിൽ അധികംഭാഗവും വാടകയായി കൊടുക്കേണമെന്നോ, സ്വതന്ത്രന്മാരായി ഇരിക്കുമ്പോൾ ചെയ്യേണ്ടതിൽ ഇരട്ടി എന്നും ജോലിചെയ്യേണ്ടിവരുന്നു എന്നോ പാവങ്ങളെ ആരും ഓർമ്മപ്പെടുത്തുന്നില്ല.

എപ്പോഴെങ്കിലും പ്രസിദ്ധ ലേഖകന്മാർ ഈ കപടത്തിനു് എതിരായി പ്രതിഷേധം പ്രകടിപ്പിക്കുമ്പോൾ—,(ഉദാഹരണമായി വോൾട്ടയർ, റൂസ്സോ, ടോം വെയിൻ ഇവർ 18–ാംശതാബ്ദത്തിലും കോബററ്, ഷെല്ലി, കാറൽമാർക്സ്, ലാസ്സലെ ഇവർ 19–ാംശതാബ്ദത്തിലും, ലെനിൻ, ട്രോസ്കി—ഇവർ 20–ാംശതാബ്ദത്തിലും) അവരെല്ലാം നിരീശ്വരമതക്കാർ, കൊള്ളരുതാത്തവർ, കൊലപാതകികൾ, കവർച്ചക്കാർ എന്നൊക്കെ നിങ്ങളെ പഠിപ്പിക്കും. അവരുടെ ശിഷ്യന്മാർ ഒരു 'വിപ്ലവം' ഉണ്ടാക്കുകയാണെങ്കിൽ, ഉടനടി, ഇംഗ്ലണ്ടു് അവരുടെ നേരെ യുദ്ധംചെയ്യുന്നു; ബാക്കിയുള്ള ശക്തികൾക്കു് അവരുടെനേരെ യുദ്ധം ചെയ്യുവാൻ പണം കൊടുക്കുന്നു; വീണ്ടും ഈ അടിമസ്സമ്പ്രദായം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ മാതിരിയുള്ള ഒരു യോജിപ്പു്

വിജയമായി അവസാനിച്ചപ്പോൾ,അതു ബ്രിട്ടീഷ്സ്വാതന്ത്ര്യത്തിൻെറ വേറൊരു വിജയസ്തംഭമായി ആളുകൾ ആഘോഷിച്ചു; ബ്രിട്ടനിലെ തൊഴിലാളികളായ അടിമകൾ ബൈറൻപ്രഭുവിനോടൊപ്പം കരയുന്നതിനു പകരം ഇതെല്ലാം വിശ്വസിച്ച് ആഹ്ലാദത്തിൽ ആർപ്പുവിളിച്ചു. വിപ്ലവം വിജയമായി വരുമ്പോൾ—1922-ൽ റഷ്യയിലെപ്പോലെ,—ലഹള നില്ക്കുന്നു; പക്ഷേ, ശകാരം, കള്ളത്തരങ്ങൾ, കാപട്യങ്ങൾ, ഇവയെല്ലാം വിപ്ലവരാജ്യം ഒരു ഒന്നാന്തരം സൈന്യശക്തിയാകുന്നതുവരെ തുടൻകൊണ്ടു പോകുന്നു. അപ്പോൾ നമ്മുടെ രാജ്യഭരണധുരന്ധരന്മാർ ഈ വിപ്ലവനേതാക്കന്മാരെ അനേകകാലം അടുക്കാൻ കൊള്ളരുതാത്ത ദുഷ്ടന്മാരും ക്രൂരന്മാരും ആണെന്നു് അധിക്ഷേപിച്ചതിനുശേഷം, നേരെ ഒന്നു കറങ്ങിത്തിരിഞ്ഞു് അവക്കു വിരുന്നുസല്ക്കാരം കൊടുക്കുന്നു.

ഈ വമ്പിച്ച വിഡ്ഢിത്തങ്ങൾ എല്ലാം അടിമത്തത്തിൽ ആണ്ടുകിടക്കുന്നവരെ വഴിതെററിക്കാനാണെങ്കിലും 'യജമാനന്മാരെ' അതിലും അധികം വഴിതെറ്റിച്ചാണ് അവസാനിക്കുന്നതു്. 'മാന്യന്മാ'രുടെ മക്കളെ പഠിപ്പിക്കുന്ന സ്ക്കൂളിലും സവ്വകലാശാലയിലും കേറിയിറങ്ങിക്കഴിഞ്ഞിട്ടുള്ള ഒരു മാന്യൻ, അവിടങ്ങളിൽ പഠിപ്പിക്കുന്ന കള്ളച്ചരിത്രവും, കപട ധനശാസ്ത്രവും ശരിയാണെന്നു് ഒരു തൊഴിലാളിയേക്കാൾ വേഗം സമ്മതിക്കും. അതു് എന്തുകൊണ്ടെന്നാൽ, ആ 'മാന്യൻ' ബാക്കിയുള്ള സാധാരണക്കാരെക്കാൾ യോഗ്യനാണെന്നും മിടുക്കനാണെന്നും, ബാക്കിയുള്ളവരുടെ കടമ അവൻെറ ചെരിപ്പു നന്നാക്കാനും അവൻെറ വരവ്് സമ്പാദിച്ചു കൊടുക്കാനും ആണെന്നും, ആ മാന്യൻെറ വിദ്യാഭ്യാസം

അവനെ പഠിപ്പിക്കുന്നു. തന്നെപ്പററിയുള്ള ഈ അഭിപ്രായം ശരിയാണെന്നു് യഥാൎത്ഥത്തിൽ വിശ്വസിച്ചുകഴിഞ്ഞിട്ടുള്ള അയാൾ, തന്നെ ഈ സ്ഥാനത്തിൽ ഈ നിലയ്ക്കു നിൎത്തുന്ന സമുദായരീതിയെ പുലൎത്താൻ തന്റേയും ബാക്കിയുള്ളവരുടേയും രക്തം ചൊരിഞ്ഞെങ്കിലും ശ്രമിക്കേണ്ടതാണെന്നും വിശ്വസിക്കുന്നു. പക്ഷേ, അരക്കുലി കിട്ടി, അലഞ്ഞുനടക്കുന്ന തൊഴിലാളികൾ ഈ മാന്യന്റെ അത്രതന്നെ ദൃഢമായി ഇതിൽ വിശ്വസിക്കുകയില്ല. ജീവിതത്തിലെ യഥാൎത്ഥസംഗതികൾ അതിനെതിരായിട്ടു് അത്ര കട്ടത്തതാണു്. ഇന്നു നമുക്കുള്ളതുപോലെ കഷ്ടപ്പാടു നിറഞ്ഞ കാലങ്ങളിൽ ചിലപ്പോൾ അവരുടെ നീരസവും നിരാശയും ഈ അടിമത്തത്തെ തട്ടിക്കളയുവാൻ അവരെ പ്രേരിപ്പിക്കുന്നു. വെറും അരാജകത്വത്തിൽനിന്നും അവരെ രക്ഷിക്കാൻ ആ സമയത്തു ചക്രവൎത്തി ആകാൻ ധൈൎയ്യവും, മിടുക്കും, ആഗ്രഹവും ഉള്ള നെപ്പോളിയൻ വരണം. പക്ഷേ, ഈ ചക്രവൎത്തികൾക്കു മൂന്നു 'കീജേ' വിളിക്കുന്ന അടിമകളുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം ഒരു ബ്രിട്ടനോ അമേരിക്കനോ വോട്ടിംഗ് കടലാസിൽ 'കുരിശു' വരയ്ക്കുന്നതും, ഇതും ഒരുപോലെതന്നെയാണു്.

ഇതുവരെ ഞാൻ വെറുംനിസ്സാരസംഗതികളും സ്വാഭാവികസംഗതികളും ചരിത്രസംഗതികളും മാത്രമേ പറഞ്ഞിട്ടുള്ളു. യാതൊരു അനുമാനത്തിലും ഞാൻ എത്തിച്ചേൎന്നിട്ടില്ല...നിങ്ങൾക്കു് ഇതിൽനിന്നു നിങ്ങളുടെ സ്വന്തമായി ഊഹങ്ങൾ ഊഹിച്ചുകൊള്ളാനും ഞാൻ പറയുന്നില്ല; എന്തെന്നാൽ അതിനു ശരിയായ 'തല' നിങ്ങൾക്കില്ലെങ്കിൽ, ചില അപകടങ്ങളായ അനുമാനങ്ങളിൽ എത്തിച്ചേരും. അടിമയെന്നു വിളിക്കുന്നതു കേൾ

ക്കാൻ ആക്കും ഇഷ്ടമില്ലെങ്കിലും, അതുകൊണ്ടു മാത്രം അടിമത്തം ചീത്തയാണെന്നു വരുന്നതല്ല, എന്ന് എപ്പോഴും ഓമ്മിച്ചുകൊള്ളുക. അരിസ്റ്റോട്ടലിനെപ്പോലുള്ള മഹാന്മാരുടെ അഭിപ്രായപ്രകാരം, നിയമവും കല്പനയും ഭരണവും നടക്കണമെങ്കിൽ, അതിനനുസരിച്ചു നടക്കേണ്ടവർ ഭംഗിയായി വേഷം കെട്ടി ഒന്നാംക്ലാസ്സ് രഥങ്ങളിൽ സഞ്ചരിച്ചു യാതൊരു ജോലിയും സ്വന്തമായി ചെയ്യാതെ ഇരിക്കണമെന്നാണ്. അതായതു് ഇതിൻെറ അത്ഥം സാധാരണക്കാരുടെ മനസ്സിൽ അവർ 'വലിയ' ആളുകളാണെന്നു തോന്നിപ്പിക്കുവാനല്ലാതെ വേറൊരു ജോലിയും ഇല്ലാത്ത കുറെ പേരെ ധനികന്മാരാക്കണം. ചുരുക്കത്തിൽ, മനുഷ്യരെ വിഡ്ഢികളായ ആരാധകന്മാരാക്കിയതിനു ശേഷമേ അനുസരണയുള്ള തൊഴിലാളികളും നിയമാനുസാരികളായ പൗരന്മാരും ആയിത്തീരുകയുള്ളുവത്രേ.

ഇതെല്ലാം തെളിയിക്കുവാനായി പലരും പറയും: പത്തു വോട്ടറന്മാരിൽ ഒൻപതും തൊഴിലാളികളാണെന്നു്. എങ്കിലും, ഒരു തൊഴിലാളിക്കുവേണ്ടി വോട്ടു ശേഖരിക്കുന്നതു വളരെ പ്രയാസമേറിയ ഒരു കാര്യമാണ്. സ്ത്രീകൾക്കു വോട്ടവകാശം കൊടുത്തപ്പോൾ അന്നു് അവർ ആദ്യമായി ചെയ്തതു്, തൊഴിലാളിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അനേകകാലം ശ്രമിച്ചുകൊണ്ടിരുന്ന സകല സ്ത്രീസ്ഥാനാത്ഥികളേയും തോല്പിക്കുകയാണ്. അസാധാരണ ധനികയായ ഒരൊററ വനിതയെ മാത്രമാണ് അവർ തെരഞ്ഞെടുത്തതു്. 'ഇതാ ഇതു് മനുഷ്യസ്വഭാവമാണ്,' എന്നു് എല്ലാ പേരും പറയും; നിങ്ങൾക്കു് അതു മാററാൻ സാധിക്കുകയുമില്ലത്രേ. നേരെ മറിച്ച് മനുഷ്യപ്രകൃതി ചെറുപ്പത്തിൽത്തന്നെ ശ്രദ്ധിച്ചാൽ, നിഷ്പ്ര

യാസം മാററാവുന്ന ഒന്നാണെന്നു ചിലർ പറയും. അടിമകളുടെ താണ മനഃസ്ഥിതിയും, യജമാനന്മാരുടെ ദുഷ്ടഭൂതവും ഇന്നത്തെ വിദ്യാഭ്യാസവും, പരിതഃസ്ഥിതികളും, തൊട്ടിൽ വിടുന്നതിനു മുമ്പ് കുട്ടികൾക്കു കിട്ടുന്നതിന്റെ ഫലമാണെന്നും പറയുന്നു. വേറൊരു വിദ്യാഭ്യാസരീതികൊണ്ടു നേരെ വിരുദ്ധമായ മനഃസ്ഥിതി ഉണ്ടാക്കാമെന്നും ഇവർ വാദിക്കും...നിങ്ങളുടെ മനസ്സിൽത്തന്നെ ഇതിനെ എല്ലാം ഇട്ട് ഇളക്കിക്കൊള്ളുക; ഒരു വഴിക്കല്ലെങ്കിൽ മറെറാരു വഴിക്കു നിങ്ങളുടെ മനസ്സിനെ തിരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ചുരുക്കത്തിൽ നിങ്ങളുടെ സ്വാതന്ത്ര്യസ്വപ്നങ്ങളിൽനിന്നും എല്ലായ്പോഴും ഇഷ്ടംപോലെ ചെയ്യാമെന്നുള്ള ആ ആശ എടുത്തുകളഞ്ഞേക്കുക. നിങ്ങളുടെ ദിവസത്തിൽ അദ്ധഭാഗം എങ്കിലും ചില കാര്യങ്ങൾ ചെയ്യുവാൻ പ്രകൃതി നിങ്ങളെ ആജ്ഞാപിക്കുന്നു; നിങ്ങൾ അതു ചെയ്യില്ലെങ്കിൽ അതു നിങ്ങളെ കൊല്ലും. ഇതുകഴിഞ്ഞു പന്ത്രണ്ടു മണിക്കൂർ സമയം നിങ്ങൾക്കുണ്ട്; ഇവിടെയും നിങ്ങളുടെ ചെലവിനു് ഉള്ളതു്, ഒന്നുകിൽ നിങ്ങൾ സമ്പാദിക്കണം ഇല്ലെങ്കിൽ വേറെ ഒരാളെക്കൊണ്ടു സമ്പാദിപ്പിക്കണം; അല്ലെങ്കിൽ പ്രകൃതി നിങ്ങളെ കൊല്ലും. നിങ്ങൾ ഒരു പരിഷ്കൃതരാജ്യത്തു താമസിക്കുകയാണെങ്കിൽ, നിങ്ങളുടെ സ്വാതന്ത്ര്യം അവിടത്തെ നിയമങ്ങൾ നിയന്ത്രിക്കും....നിയമങ്ങൾ ന്യായം ഉള്ളവയാണെങ്കിൽ, നിഷ്പക്ഷപാതമായി നടത്തുകയാണെങ്കിൽ, നിങ്ങൾക്കു പരാതിപ്പെടുവാൻ അവകാശമില്ല. എന്തെന്നാൽ,, കവർച്ചയിൽനിന്നും കൊള്ളയിൽനിന്നും നിങ്ങളെ രക്ഷിച്ചു്, അതു നിങ്ങളുടെ സ്വാതന്ത്ര്യത്തെ കൂട്ടുന്നു...

പക്ഷേ, ഇന്നത്തെ സമുദായഘടനകളിൽ, വേറെ കുറെക്കൂടി അടുത്ത ഒരു നിർബ്ബന്ധം നിങ്ങളെ അലട്ടും; അതു നിങ്ങളുടെ മുതലാളിയുടേയും നിങ്ങളുടെ ജന്മിയുടേതുമാണ്. നിങ്ങൾ ഷാപ്പു തുറന്നാലോ അല്ലെങ്കിൽ ജന്മി പറയുന്ന ഒരു ആൾക്കു വോട്ടു കൊടുക്കാതെ ഇരുന്നാലോ, തൻെറ ഭൂമി വിട്ടുപോകാൻ ജന്മി പറയും. നിങ്ങളുടെ മുതലാളിക്കു്, നിങ്ങളുടെ വസ്ത്രത്തിൻെറ നിറവും മാതിരിയും നിങ്ങൾ ജോലിചെയ്യുന്ന മണിക്കൂറിൻെറ കണക്കിനു പുറമെ തിട്ടപ്പെടുത്താം; ഏതെങ്കിലും നിമിഷത്തിൽ, നിരാശപ്പെട്ടു കുണ്ഠിതരായി കൂടിയിരിക്കുന്ന ആ തൊഴിലില്ലാസംഘത്തിൽ കൂടാൻ നിങ്ങളെ തെരുവിലേക്കു് അയയ്ക്കാം. ചുരുക്കത്തിൽ, അയാൾക്കു നിങ്ങളുടെമേൽ ഉള്ള അധികാരം ഏതു രാഷ്ട്രീയസർവ്വാധിപൻെറതിലും വളരെ വലുതാണു്...ഇതാ ഇതിനെപ്പററി നമുക്കു കണക്കുകൂട്ടാം. പന്ത്രണ്ടു മണിക്കൂർ ജോലി ചെയ്യണമെങ്കിൽ നിങ്ങൾക്കു സ്വാതന്ത്ര്യമേ ഇല്ല. എട്ടു മണിക്കൂർ ജോലി ചെയ്യുകയാണെങ്കിൽ, ദിനംപ്രതി നാലുമണിക്കൂർ നിങ്ങൾക്കു സ്വന്തമായി രാജ്യത്തിലെ നിയമാതിർത്തികളിലും, നിങ്ങളുടെ വരവിനെ ആശ്രയിച്ചും, ഇഷ്ടംപോലെ വിനിയോഗിക്കാനുണ്ടു്. ഇവിടെയും പ്രകൃതി ഏറെക്കുറെ ഇടപെടും; നിങ്ങളുടെ എട്ടുമണിക്കൂർസമയത്തെ ജോലി കടുത്ത കായികമായതാണെങ്കിൽ, നിങ്ങളുടെ മനസ്സു് അഭിവൃദ്ധിപ്പെടുത്താനായി ആ നാലുമണിക്കൂർ എൻെറ പുസ്തകം വായിക്കേണമെന്നു തോന്നി, അരമിനിട്ടു കഴിയുന്നതിനു മുമ്പു ദൃഢനിദ്രയിൽ ലയിച്ചുകഴിയും. നിങ്ങളുടെ മനസ്സു് ഇപ്പോഴത്തെ ആ മൗഢ്യാവസ്ഥയിൽത്തന്നെ ഇരിക്കുകയും ചെയ്യും.

...നമുക്കു് ആവശ്യമുള്ളതു കിട്ടണമെങ്കിൽ ഇന്ന

ത്തെ രാഷ്ട്രീയസ്ഥിതി മാററണം; അതുവരെ സ്വാതന്ത്ര്യ ത്തെപ്പററി പല വിഡ്ഢിത്തങ്ങളും പറയുന്നതു നിർത്തുക; ഒരിക്കലും സ്വാതന്ത്ര്യം കിട്ടാതെ ഇരുന്നിട്ടുള്ള ഇംഗ്ലീഷു കാൎക്കു് സ്വാതന്ത്ര്യം എന്നാൽ എന്താണെന്നുതന്നെ ബോധമില്ല. സ്വാതന്ത്ര്യത്തിനെ അതിൻെറ പഴയ ഇംഗ്ലീഷ് പേരു് 'വിശ്രമം' എന്നു വിളിക്കുക; മര്യാദയ്ക്കു ചെയ്യുന്ന ജോലിക്കു കുറേക്കൂടി പണവും, കുറേക്കൂടി വിശ്രമവും വേണമെന്നു മുറവിളികൂട്ടുക."

# ഐക്യരാജ്യസംഘടന

ആശങ്കകൾകൊണ്ടു നിറഞ്ഞ ഒരു പുതിയ വഷത്തിലേക്കാണു് ഇന്ത്യൻറിപ്പബ്ലിക്ക് പ്രവേശിക്കുന്നതു്. ആഭ്യന്തരമായി സാധനങ്ങളുടെ വിലക്കൂടുതൽ മുതലായ കുഴപ്പങ്ങളും ഭക്ഷണദാരിദ്ര്യവും നമ്മെ വലയംചെയ്യുന്നു; വെളിയിൽ ലോകത്തിലാകെയുള്ള രാഷ്ട്രീയാന്തരീക്ഷം കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ചു തുലോം ശോചനീയമായി ഭാവിയെ ആകെത്തന്നെ ഇരുട്ടുകൊണ്ടു തെല്ലു മറയ്ക്കാൻ ഭാവിക്കുന്നു. ഈ ആപൽസന്ധിയിൽ ലോകത്തിൻെറ ആകെയുള്ള പോക്കു് എങ്ങോട്ടാണെന്നു് ആലോചിക്കുക സ്വാഭാവികമാണു്. എല്ലാ രാജ്യങ്ങളേയും ഇളക്കിമറിച്ച വേറൊരു മഹായുദ്ധം കഴിഞ്ഞു സുവണ്ണസ്വപ്നങ്ങളോടുകൂടി ഒരു പുതിയ ലോകം സൃഷ്ടിക്കാൻ പ്രയത്നിച്ചിട്ടു് അധികം കഴിയുന്നതിനു മുമ്പു വീണ്ടും ഒരു വരാനിരിക്കുന്ന യുദ്ധത്തിന്റെ ഭേരി മുഴങ്ങിത്തുടങ്ങി. ഇതുകേട്ടു പകച്ചുനില്ക്കുന്ന സാധാരണ ആളുകൾ സവ്വരാജ്യങ്ങളുടേയും സഹകരണംകൊണ്ടു് ഈ വിപത്തു് ഒഴിക്കാമെന്നുള്ള വിശ്വാസം തീരെ ഉപേക്ഷിച്ചതുപോലെ പരിഭ്രാന്തരാകുന്നു.

എങ്കിലും,—എങ്കിലും—; ഈ പരിഭ്രമത്തിൻേറയും, കോലാഹലത്തിന്റേയും ഇടയ്ക്കു്, വാസ്തവത്തിൽ മാനവസമുദായത്തിന്റെ പൊതുവിലുള്ള താൽപര്യം ഒന്നാണെന്നു് അവ്യക്തമായി ഒരു ബോധം പൂവ്വാധികം വേരൂന്നിത്തുടങ്ങിയിട്ടുണ്ടു്. ഇന്നത്തെ സമുദായഘടനയുടെ ഭാവം, ദേശവ്യത്യാസങ്ങളെ അതിക്രമിച്ചു മനുഷ്യരെ ആകെ ഒന്നിച്ചുചേത്തു്, അവരുടെ താൽപര്യങ്ങളെ ഒരു

വഴിക്കു കൊണ്ടുപോവുന്നു. ഗതാഗതസൗകര്യങ്ങൾ വ ദ്ധിക്കുകയും, ഒരു രാജ്യത്തു് ഉണ്ടാക്കുന്ന സാധനങ്ങൾ സുഗമമായി മറെറാരു രാജ്യത്തു കൊണ്ടുചെന്നു വില്ക്കാമെന്നും മററും വന്നതോടുകൂടി ഒരു രാജ്യത്തിനും യഥേഷ്ടം നിയമങ്ങൾ നടപ്പാക്കാൻ സാധിക്കാതെയായി; ഒരു രാജ്യത്തിൻെറ നിയമങ്ങൾ മറ്റു രാജ്യങ്ങളുടെ പൊതുജീവിതത്തെ സാരമായി ബാധിച്ചുതുടങ്ങി എന്നു വന്നപ്പോൾ, ഏതെങ്കിലും ഒരു തരത്തിലുള്ള സവ്വരാജ്യ നിയന്ത്രണം ആവശ്യമായിത്തീൎന്നു. ഈ ഒരു വാസ്തവം മനസ്സിലാക്കിയതിൻെറ ഫലമായിരുന്നു ഒന്നാമത്തെ ലോകമഹായുദ്ധം കഴിഞ്ഞതോടുകൂടി ഒരു സവ്വരാജ്യ സംഘടന ഉണ്ടായതു്. അന്നത്തെ സ്ഥാപനം—അഖില രാജ്യസംഘം—രണ്ടാമത്തെ ലോകമഹായുദ്ധം തടയാൻ കെല്പില്ലാതെ നശിച്ചുപോയി; അതുകഴിഞ്ഞു് 1945-ൽ വേറൊരു സ്ഥാപനം—സംയുക്തരാജ്യങ്ങൾ—സ്ഥാപിതമായി. അതിൻെറ ഭാവി ഇന്നു് അനിശ്ചിതമായി ഇരിക്കുന്നതേയുള്ളു; എങ്കിലും, ഇന്നു നിലവിലിരിക്കുന്ന രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവും ആയ ഘടനയ്ക്കുള്ളിൽ വിഭിന്നമായ പലേ രാജ്യങ്ങളുടെ സഹകരണവും ആ സഹകരണത്തിനെ നിയന്ത്രിക്കാൻ ഒരു സവ്വരാജ്യഘടനയും ആവശ്യമായിരിക്കേ ഈ രണ്ടു സ്ഥാപനങ്ങളുടെ ഒരു ഏകദേശരൂപവും സവ്വരാജ്യ ഘടനയുടെ ചില അടിസ്ഥാനതത്വങ്ങളും മനസ്സിലാക്കാനുള്ള ശ്രമം ഉചിതമായിരിക്കും.

ഇന്നത്തെ പൊതുക്കാര്യങ്ങൾ എല്ലാംതന്നെ മൂന്നായി തരംതിരിക്കാം. അതായതു് രാഷ്ട്രീയം, സാമ്പത്തികം, സാമുദായികം. മേൽ സൂചിപ്പിച്ച രണ്ടു സ്ഥാപനങ്ങളുടെ പ്രവൃത്തികളും ഈ മൂന്നുതരം ഉള്ള പ്രശ്നങ്ങളെയും

സ്പർശിച്ചിരുന്നു. അഖിലരാജ്യസംഘം ഉടമ്പടിയുടെ മുഖവുരയിൽ. സമാധാനപരിപാലനവും, സാമൂഹ്യക്ഷേമതല്പരതയും രണ്ടു പ്രധാനോദ്ദേശങ്ങളായി വിവരിച്ചിരുന്നു. ഇതിന്റെ നടത്തിപ്പിനുവേണ്ടി മെംബർ–രാജ്യങ്ങളടങ്ങിയ ഒരു അസംബ്ലിയും, ഒരു ചെറിയ കൗൺസിലും, ദൈനംദിനം ഉള്ള ജോലിചെയ്യാൻ ഒരു സെക്രട്ടേറിയറ്റും സ്ഥാപിച്ചു. ലീഗിന്റെ ആകെയുള്ള ചരിത്രം പരിശോധിക്കുമ്പോൾ പ്രധാനമായി രണ്ടു കാര്യങ്ങളാണു് ഓർമ്മവരുന്നതു്. ഒന്നാമതു്, സാമൂഹ്യക്ഷേമത്തെപ്പററിയുള്ള അതിന്റെ പ്രവർത്തനം—പ്രത്യേകിച്ചു് അതിന്റെ ഒരു വിഭാഗമായ അഖിലരാജ്യതൊഴിലാളിസംഘത്തിന്റെ പ്രവർത്തനം—വെറും രാഷ്ട്രീയപ്രവർത്തനത്തെക്കാൾ തുലോം വിജയപ്രദമായിരുന്നു. രണ്ടാമതു്, രാഷ്ട്രീയകാര്യങ്ങളിൽ അതിനു വന്ന തോൽവി. അതിന്റെ സംഘടനയെ മാത്രം കണക്കാക്കി പറയുകയാണെങ്കിൽ തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള അതിൻെറ ദുർബ്ബലത കൊണ്ടാണെന്നു് ഊഹിക്കണം. ഈ തോൽവിയുടെ ആരംഭം 1931–ൽ ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചപ്പോൾ, ആ ആക്രമണം തടയാൻ ഉജ്ജ്വലമായ ഒരു നടപടിയും എടുക്കാത്തതുമുതൽ ആണെന്നു പറയാം. 1934–ൽ ജർമ്മനി ലീഗിൽനിന്നു പിൻവാങ്ങി; അതുകഴിഞ്ഞു ജപ്പാനും അതേ വഴിക്കു പോയി. 1935–ൽ ഇറ്റലിയുടെ ഇതോപ്പിയൻ ആക്രമണം വരാനിരുന്ന സംഭവങ്ങളുടെ രൂപം കാണിച്ചു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ, സംഘടനയിലുള്ള ദൂഷ്യത്തെക്കാൾ, ജർമ്മനി, ഇററലി, ജപ്പാൻ ഈ രാജ്യങ്ങളുടെ സാമ്രാജ്യദാഹമായിരുന്നു ലീഗിൻെറ തോൽവിക്കു കാരണം. അതോടുകൂടി മററു മേൽക്കോയ്മകൾ, ഇംഗ്ലണ്ടു്, ഫ്രാൻസ്, അമേരിക്ക, നിസ്സഹാ

യരായി ആക്രമണത്തെ തടയാൻ ഭാവിക്കാതെ നിലയായതും ഒരു കാരണമായിരുന്നു. ഒരു സർവ്വരാജ്യഘടനയ്ക്കു് അതിലെ അംഗങ്ങളുടെ ശക്തിയെക്കവിഞ്ഞു് എന്തു ശക്തിയാണു് ഉണ്ടാകാവുന്നതു്?

അമേരിക്കൻ ഐക്യനാടുകളും, കുറേക്കാലത്തേക്കു് റഷ്യയും, ലീഗിൽ അംഗങ്ങളായിരുന്നില്ല. ഈ രണ്ടു മഹച്ഛക്തികളുടെ അഭാവവും, ലീഗിന്റെ ഘടനയിലുള്ള തകരാറുകളും ഒഴിക്കാനാണു് രണ്ടാംമഹായുദ്ധം കഴിഞ്ഞു സ്ഥാപിച്ച 'സംയുക്തരാജ്യങ്ങൾ' (യൂണൈററഡ് നേഷൻസ്) എന്ന സ്ഥാപനം നിർമ്മിച്ചവർ ശ്രമിച്ചതു്. യുദ്ധാനന്തരം സ്ഥാപിക്കേണ്ട സ്ഥാപനത്തെപ്പറ്റി യുദ്ധം നടന്നുകൊണ്ടിരുന്ന ആ കാലത്തുതന്നെ (1939—1945) ഊർജ്ജിതമായ വാദപ്രതിവാദങ്ങൾ നടന്നിരുന്നു. 1944-ൽ അമേരിക്കൻ ഐക്യനാടുകൾ, ഗ്രേറ്റ്ബ്രിട്ടൻ, റഷ്യ, ചൈന എന്നീ മഹച്ഛക്തികൾ ഒത്തൊരുമിച്ചു വാഷിടങ്ങ്ടണിൽ സമ്മേളിച്ചു് ഒരു സർവ്വരാജ്യഘടനയുടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഈ നിർദ്ദേശങ്ങളാണു് 1945-ൽ സംയുക്തരാജ്യങ്ങളുടെ നിയമങ്ങളായി അംഗീകൃതമായതു്. ലീഗിനെ അപേക്ഷിച്ചു്, ഈ പുതിയ സ്ഥാപനത്തിൽ, മഹച്ഛക്തികളുടെ സ്വാധീനത കൂടുതൽ നിശ്ചയങ്ങൾ നടപ്പിൽവരുത്താൻ കുറേക്കൂടി പ്രബലമായ ഒരു പദ്ധതി സാമ്പത്തികവും സാമുദായികവും ആയ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള പ്രത്യേക ഏർപ്പാടുകൾ, ന്യൂനപക്ഷങ്ങളെക്കാൾ വ്യക്തികളുടെ അവകാശങ്ങളെ സുരക്ഷിതമാക്കാനുള്ള ശ്രമം, ഇവയാണു് സാരമായ വ്യത്യാസങ്ങൾ എന്നു പറയാം. സമുദായക്ഷേമവും, സമാധാനപരിപാലനവും തമ്മിലുള്ള അഭേദ്യമായ ബന്ധം കുറേക്കൂടി അംഗീകൃതമായിട്ടുണ്ടെന്നും

പറയാം. സുപരിചിതമായിത്തീന്നിട്ടുള്ള സംയുക്തരാജ്യങ്ങളുടെ ഘടനയുടെ മുഖവുരയിൽ ഇപ്രകാരം വിളംബരംചെയ്തിരിക്കുന്നു:

"ഞങ്ങൾ, സംയുക്തരാജ്യങ്ങളിലുള്ള ജനങ്ങൾ നിശ്ചയിച്ചിരിക്കുന്നു:

ഞങ്ങളുടെ ജീവിതത്തിൽ രണ്ടു പ്രാവശ്യം പറഞ്ഞറിയിക്കാൻ വയ്യാത്തവിധം ഉള്ള സങ്കടം മനുഷ്യസമുദായത്തിനു വരുത്തിക്കൂട്ടിയ വിപത്തിൽനിന്നു് വരുന്ന തലമുറകളെ രക്ഷിക്കാൻ—;

മനുഷ്യന്റെ മൗലികാവകാശങ്ങളിലും ഓരോ വ്യക്തിയുടെ വിലയിലും മഹിമയിലും സ്ത്രീകൾക്കും പുരുഷന്മാക്കും സകല രാജ്യങ്ങൾക്കും, ചെറുതും വലുതും ഉള്ള തുല്യാവകാശങ്ങളിലും, ഉള്ള വിശ്വാസത്തിനെ വീണ്ടും പ്രഖ്യാപനം ചെയ്യാനും—;

രാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടികളിൽനിന്നും മറ്റു് അഖിലരാജ്യനിയമങ്ങളിൽനിന്നും ഉണ്ടാകാവുന്ന കത്തവ്യങ്ങളെ ന്യായമായി കൊണ്ടുപോവാനും ബഹുമാനിക്കാനുമുള്ള വ്യവസ്ഥകൾ സ്ഥാപിക്കാനും—;

വിപുലമായ സ്വാതന്ത്ര്യത്തിൽ, സമുദായോന്നമനത്തിനും ഉയന്ന ജീവിതരീതിക്കുംവേണ്ടി ശ്രമിക്കാനും—;

ഈ നിശ്ചയങ്ങൾ നടപ്പിൽവരുത്താൻ,

നല്ല അയൽപക്കക്കാരുടെകൂട്ട് ഒത്തൊരുമിച്ചു സമാധാനത്തോടുകൂടി ജീവിക്കാനും, അന്യോന്യം അനുഭാവബുദ്ധിയോടുകൂടി വത്തിക്കാനും,

സവ്വരാജ്യസമാധാനവും, രക്ഷയും പുലത്തിക്കൊണ്ടുപോവാൻ ഞങ്ങളുടെ ശക്തി മുഴവൻ യോജിപ്പിക്കാനും, വേണ്ടപ്പെട്ട നിയമങ്ങളും പദ്ധതികളും അംഗീകരിച്ചു്, പൊതുതാൽപയ്യത്തിനൊഴിച്ചു സൈന്യങ്ങളെ ഉപ

യോഗിക്കാതിരിക്കാനും, സൎവ്വരാജ്യഘടന എല്ലാ ആളുകളുടേയും സാമ്പത്തികവും സാമുദായികവും ആയ ഉന്നമനത്തിനുവേണ്ടി ഉപയോഗിക്കാനും—"

ഇപ്പോഴത്തെ യുദ്ധസന്നാഹങ്ങളുടെ ഇടക്കു് ഈ ഉജ്ജ്വലമായ വാക്കുകൾ എല്ലാം അല്പം അയഥാൎത്ഥമായി തോന്നുന്നു. നല്ല വാക്കുകളും ഉദ്ദേശങ്ങളും കൊണ്ടുമാത്രം യഥാൎത്ഥങ്ങൾ നേരിടാൻ സാധിച്ചിരുന്നെങ്കിൽ, ലോകം ഇതിനുമുമ്പ് സ്വൎഗ്ഗമായിത്തീരുമായിരുന്നു. സംയുക്തരാജ്യസംഘടനയുടെ പ്രധാനഭാഗങ്ങൾ, ഓരോ അംഗങ്ങളും അയയ്ക്കുന്ന അഞ്ചിൽ കവിയാത്ത പ്രതിനിധികളടങ്ങിയ ഒരു 'പൊതുസഭ'യും, പതിനൊന്നു് അംഗങ്ങൾ അടങ്ങിയ ഒരു 'രക്ഷാസമിതി'യും ആണു്. ഇതുകൂടാതെ സാമ്പത്തികവും സാമുദായികവും ആയ കാൎയ്യങ്ങളെപ്പററി ചൎച്ച ചെയ്യാൻ പൊതുസഭ തെരഞ്ഞെടുക്കുന്ന 18 അംഗങ്ങൾ ഉള്ള ഒരു സമിതിയും, സംയുക്തരാജ്യസംഘടനയുടെ കീഴിൽ ഒരു ട്രസ്റ്റ് എന്ന നിലയിൽ ഭരിക്കപ്പെടുന്ന ദേശങ്ങളുടെ ഭരണകാര്യങ്ങൾ നിയന്ത്രിക്കാൻ ഒരു സമിതിയും, അഖിലരാജ്യകോടതിയും, സിക്രട്ടറി ജനറലിന്റെ കീഴിൽ ജോലിചെയ്യുന്ന ഒരു സിക്രട്ടേറിയേററും ഉണ്ടു്. പഴയ ലീഗ്കൗൺസിലിനെ അപേക്ഷിച്ചു നോക്കുമ്പോൾ, പുതിയ സമ്പ്രദായത്തിൽ, രാഷ്ട്രീയമായ കാര്യങ്ങൾ ആലോചിക്കാനായി പ്രത്യേകം ഒരു സമിതിയും, മററു തികച്ചും രാഷ്ട്രീയമല്ലാത്ത കാര്യങ്ങൾ ആലോചിക്കാൻ ഒരു സമിതിയെ വേൎതിരിച്ചും സൃഷ്ടിച്ചതു് ഒരു വ്യത്യാസമായിത്തോന്നും. ഈ പ്രധാനപ്പെട്ട ഘടകങ്ങൾ കൂടാതെ പ്രത്യേകകാൎയ്യങ്ങൾക്കുവേണ്ടി പലേ പ്രത്യേക സംഘടനകൾ സംയുക്തസംഘടനയോടു് ഒത്തൊരുമിച്ചു പ്രവൎത്തിച്ചുപോരുന്നു. സാംസ്കാരികമായ യുനെസ്കോമുതൽ തൊ

KOTTAYAM PUBLIC LIBRARY KOTTAYAM.

ഴിൽവ്യവസ്ഥകൾ നന്നാക്കിക്കൊണ്ടുവരാൻ ശ്രമിക്കുന്ന തൊഴിലാളിസംഘടന(ഐ. എൽ. ഒ.)വരെ ഇതിൽ അടങ്ങിയിരിക്കുന്നു. ആകപ്പാടെ നോക്കുകയാണെങ്കിൽ, ഒരു രാജ്യത്തിൻെറ ഭരണവകുപ്പുകൾ എല്ലാംതന്നെ വേണ്ടപ്പെട്ട ഭേദങ്ങളോടുകൂടി ഒരു സർവ്വരാജ്യസംഘടനയിൽ വരുത്താനുള്ള ശ്രമത്തിൻെറ ഫലമാണു് ഈ അസംഖ്യം സ്ഥാപനങ്ങളിൽ കാണുന്നതു്.

സർവ്വരാജ്യസംഘടനയുടെ പ്രധാനോദ്ദേശം സമാധാനപരിപാലനമായിരിക്കെ അതിൻെറ പ്രവർത്തനത്തിൽ കേന്ദ്രമായി സ്ഥിതിചെയ്യുന്നതു രക്ഷാസമിതിയുടെ നേട്ടങ്ങളോ അതിൻെറ കുറവോ ആണു്. മുകളിൽ സൂചിപ്പിച്ചതുപോലെ 11 രാജ്യങ്ങൾ അംഗങ്ങളായ ഒരു സമിതിയാണിതു്. അതിൽ 5 സ്ഥിരമായ അംഗങ്ങളും (ചൈന, ഫ്രാൻസ്, റഷ്യ, ബ്രിട്ടൻ, അമേരിക്ക) ഈരണ്ടു കൊല്ലത്തേക്കു തെരഞ്ഞെടുക്കപ്പെടുന്ന 6 മററംഗങ്ങളുമാണുള്ളതു്. ഓരോ അംഗങ്ങൾക്കു് ഓരോ വോട്ടുമാത്രമേയുള്ളു. സഭാനടപടികൾ ഒഴിച്ചുള്ള കാര്യങ്ങൾക്കു സ്ഥിരാംഗങ്ങളുടെ ഐകകണ്ഠ്യേനയുള്ള വോട്ടും 7 അംഗങ്ങളുടെ ഭൂരിപക്ഷവും ആവശ്യമാണു്. ഏതെങ്കിലും ഒരു തർക്കമോ വ്യത്യാസമോ രക്ഷാസമിതിയുടെ ചർച്ചയിലിരിക്കുമ്പോൾ അതിനെപ്പററി നിർദ്ദേശങ്ങൾചെയ്യാൻ പൊതുസഭയ്ക്കു് അവകാശമില്ല. ഈ വ്യവസ്ഥകൾ പ്രധാനപ്പെട്ട രാഷ്ട്രീയശക്തികൾ വലിയ താമസംകൂടാതെ രാജ്യങ്ങൾ തമ്മിലുണ്ടാകാവുന്ന അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും ഒതുക്കാൻ ഉതകിയതായിരുന്നു. ഏതെങ്കിലും ഗൗരവമായ ഒരു തീരുമാനം അതു നടപ്പിൽക്കൊണ്ടുവരാൻ പ്രധാന ഉത്തരവാദിത്വം വഹിക്കേണ്ട. വലിയ രാജ്യങ്ങളുടെയെല്ലാം ഒത്തൊരുമിച്ചുള്ള സമ്മതംകൊണ്ടേ ആകാവൂ

എന്നായിരുന്നു ഈ വോട്ടുനിയമത്തിന്റെ അടിസ്ഥാന തത്വം. പക്ഷേ, അതിന്റെ പ്രായോഗികമായ പ്രവർത്തനം 'വലിയ രാജ്യങ്ങൾ' (സ്ഥിരമായ അംഗങ്ങൾ) തമ്മിൽ ഏറെക്കുറെ ഒത്തൊരുമിച്ച് ഇരിക്കുമെന്നുള്ളതിനെ ആശ്രയിച്ചാണ്. അമേരിക്കാ-റഷ്യ ഭിന്നിപ്പും റഷ്യയുടെ അടിക്കടിക്കുള്ള എതിർവോട്ടും രക്ഷാസമിതിയുടെ പ്രവർത്തനത്തെ എത്രകണ്ട് അലങ്കോലപ്പെടുത്തിയിട്ടുണ്ടെന്നു യുദ്ധാനന്തരമുള്ള ചരിത്രത്തെ ആലോചിക്കുന്നവരോടു പറഞ്ഞറിയിക്കേണ്ടതില്ല. പക്ഷേ, രക്ഷാസമിതിയുടെ ഘടനയിൽ ഈ വോട്ടുനിയമം ഇല്ലായിരുന്നെങ്കിൽ ഈ ഭിന്നിപ്പ് സർവ്വരാജ്യസംഘടനയുടെ പ്രവർത്തനത്തിൽ വേറൊരുതരത്തിൽ പ്രത്യക്ഷപ്പെടുമായിരുന്നു എന്നേയുള്ളൂ. രാജ്യങ്ങൾ തമ്മിലുള്ള മൗലികമായ വ്യത്യാസങ്ങൾ സർവ്വരാജ്യസംഘടനകളിലുണ്ടാക്കാവുന്ന ഭേദങ്ങൾകൊണ്ടു മാത്രം അപ്രത്യക്ഷമാക്കാൻ സാധിക്കുകയില്ല എന്നേ ഇതു തെളിയിക്കുന്നുള്ളൂ.

ഓരോ രാജ്യത്തിന്റെ ഘടനയും ഇന്നു നിലവിലിരിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ ആദർശങ്ങളും സർവ്വരാജ്യസംഘടനയേയും അതിന്റെ പ്രവർത്തനത്തേയും സാരമായി ബാധിക്കുന്നു. ഇന്നു ലോകത്തിലാകെ നൂറിലധികം രാജ്യങ്ങളുണ്ട്. ഈ രാജ്യങ്ങൾതമ്മിൽ ആകൃതിക്കും പ്രകൃതിക്കും വലിയ വ്യത്യാസങ്ങളുണ്ട്. സാംസ്കാരികമായും, സാമ്പത്തികമായും അവക്കു പലേ നിലയ്ക്കുള്ള ഭേദങ്ങളുണ്ട്. ഈ വിഭിന്നരാജ്യങ്ങളെ ഒരു സർവ്വരാജ്യസംഘടനയുടെ ഘടകങ്ങളാക്കി രൂപീകരിക്കാനുള്ള ശ്രമങ്ങളെ പരിശോധിക്കുമ്പോൾ പ്രധാനമായി രണ്ടുതരത്തിലുള്ള പ്രശ്നങ്ങളാണ് ആലോചനാവിഷയമാകുന്നതു്. ഒന്നാമതു സ്വയംനിർണ്ണയാവകാശം ഉൽ

ഘോഷിക്കുന്ന രാജ്യാധികാരം ഉള്ള പലതരത്തിലുള്ള രാഷ്ട്രങ്ങളുടെ നില. ഓരോ രാജ്യത്തിനും സ്വാതന്ത്ര്യമായ ഒരു നിലയുള്ളിടത്തോളം ആ സ്വാതന്ത്ര്യത്തെ ബഹുമാനിച്ചുകൊണ്ടു പ്രവൎത്തിക്കുന്ന ഒരു സൎവ്വരാജ്യസംഘടനയ്ക്കു സമാധാനം പുലൎത്താൻ ഉള്ള കെല്പിനു സാരമായ പരിമിതികൾ കാണും. ഏതെങ്കിലും ഒരു വലിയ രാജ്യത്തിന് സൈന്യസാമഗ്രികളുടെ ശക്തി നല്ലവണ്ണം ഉണ്ടെങ്കിൽ, സൎവ്വരാജ്യസംഘടനയുടെ തീരുമാനങ്ങളെ പ്രതിഷേധിച്ചു നില്ക്കാം. കൊറിയാസംഭവം പഠിപ്പിച്ച മറക്കാൻവയ്യാത്ത പാഠം. പക്ഷേ, ഇതായിരിക്കും വേറൊരു വിധം പറയുകയാണെങ്കിൽ, പരിപൂൎണ്ണമായി സമാധാനം സുരക്ഷിതമാകാൻ ഇന്നത്തെ വിഭിന്നരാജ്യങ്ങളുടെ മേൽ ഒരൊററ രാജ്യഘടനയും, സൈന്യങ്ങൾ എല്ലാം അതിൻെറ കീഴിൽ ആവുകയും വേണം. ഇതു് ഇന്നത്തെ നിലയ്ക്കു പ്രായോഗികമായ ഒരു സ്ഥിതിയല്ലെന്നു പറയാം. പക്ഷേ, കാലക്രമേണ ഇന്നത്തെ സമ്പ്രദായങ്ങളിൽ സൎവ്വരാജ്യഘടനയ്ക്കനുകൂലമായ മാററങ്ങൾ വന്നേക്കാം. ഇന്നത്തെ രാജ്യങ്ങളുടെ സ്വാതന്ത്ര്യം, പഴയ മദ്ധ്യകാലങ്ങളിൽ ചെറുസമുദായങ്ങൾക്കു സേ്വച്ഛാപ്രഭുത്വത്തിനെതിരായി സ്വയംഭരണാവകാശം പാലിക്കാൻ ഉപകരിച്ചതുപോലെ കണക്കാക്കാം; അങ്ങനെയാണെങ്കിൽ, ആ ചെറിയ സമുദായങ്ങൾ, രാഷ്ട്രങ്ങളിൽ ഒരു ഘടകമായി ചേൎന്നതുപോലെ, ഇന്നത്തെ രാജ്യങ്ങൾ ഒരുകാലത്തു് ഒരു സൎവ്വരാജ്യത്തിന്റെ ഘടകങ്ങളായി ചേൎന്നുതൃപ്തി അടഞ്ഞേക്കാം. പലേ രാജ്യങ്ങൾ പരസ്പരം പോരാടിക്കൊണ്ടു കഴിഞ്ഞ ഒരു കാലഘട്ടം ഇന്ത്യയിൽത്തന്നെയുണ്ടായിരുന്നു; ഈ രാജ്യങ്ങളുടെ വിവിധമായ സംസ്കാരം പുലൎത്തിക്കൊണ്ടു് ഒരു ഫെഡറൽരാഷ്ട്രം ഇന്നു നിലവി

ലായി. ഏതാണ്ട് ഇതുപോലെയുള്ള ഒരു പുരോഗമനം സർവ്വരാജ്യമേഖലയിൽ ഒരു അകന്ന ഭാവിയിൽ വന്നു കൂടായെന്നില്ല.

മൗലികമായി നോക്കുകയാണെങ്കിൽ, ലോകസമാധാനത്തെ പുലർത്തിക്കൊണ്ടുപോകുന്നതിനു തടസ്ഥമായി നില്ക്കുന്നതു് ഓരോ രാജ്യത്തിൻെറ രാഷ്ട്രീയഘടനയേക്കാൾ ഇന്നുള്ള സാമ്പത്തികാസമത്വങ്ങളാണു്. 'കനകം മൂലം, കാമിനിമൂലം, കലഹം സുലഭം' എന്നു വിവരിച്ചിട്ടുള്ള പാരമ്പര്യമായ രണ്ടു കാരണങ്ങളിൽ, ഭാഗ്യവശാൽ രണ്ടാമത്തേതു് രാജ്യങ്ങൾ തമ്മിലുള്ള കലഹത്തിൽ അപൂർവ്വമായേ കാണാറുള്ളൂ. നേരെ മറിച്ച് സാമ്പത്തികകാരണങ്ങൾ, സാമ്രാജ്യദുർമ്മോഹംമുതൽ കച്ചവടംകൊണ്ടു ലാഭംവരെ, രാജ്യങ്ങളെ യുദ്ധത്തിനു പ്രേരിപ്പിച്ചിട്ടുണ്ട്. യുദ്ധത്തിനുവേണ്ടി പണവും മററു സാമഗ്രികളും സമ്പാദിക്കാനും, യുദ്ധംചെയ്യാനും, ഇങ്ങനെ രണ്ടുവഴിക്കു നോക്കിയാലും സാമ്പത്തികമായ പ്രേരണ കലഹത്തിൻെറ ഉടൻപിന്നിൽ കാണാം. കൂടാതെ ഓരോ രാജ്യത്തിലുള്ളതും രാജ്യങ്ങൾ തമ്മിലുള്ളതുമായ സാമ്പത്തിക അസമത്വങ്ങൾ കലഹത്തിൻെറ അടിസ്ഥാനങ്ങളിൽ ഒന്നായിട്ടിരിക്കുന്നു. വ്യവസായപുരോഗമനത്തിൻെറ പോക്കു് രാഷ്ട്രീയകാര്യങ്ങളിൽ സാമ്പത്തികപ്രശ്നങ്ങൾക്കു പ്രാധാന്യം വരുത്തിയതുകൂടാതെ ലോകം ഒട്ടുക്കു് ഒരേ ഒരു തൊഴിൽവ്യവസ്ഥകൾ സൃഷ്ടിച്ചുവരുന്നു. ജപ്പാനിൽ മിൽത്തൊഴിലാളികൾക്കു കൂലി കുറവാണെങ്കിൽ അതിൻെറ ഭവിഷ്യത്തു് ആ തുണി വില്ക്കപ്പെടുന്ന മററു രാജ്യങ്ങളിലും അതിനോടു മത്സരിച്ചു തുണി വില്ക്കുന്ന ഇംഗ്ലണ്ടിലും കാണാം. ഇവ തൊഴിൽവ്യവസ്ഥകളെ ഒരു സർവ്വരാജ്യസംഘം നിയന്ത്രിക്കേണ്ട ആവശ്യക

തയെ കാണിക്കുന്നു. സാമ്പത്തികസമത്വം യുദ്ധത്തിനെ നിശ്ശേഷം നിരാകരിക്കും എന്നു വിശ്വസിക്കാൻ വഴി കാണുന്നില്ലെങ്കിലും സകലരും സകല രാജ്യങ്ങളും ഏറെക്കുറെ ഒരു സാമ്പത്തികനിലയിൽ എത്തിയാൽ യുദ്ധത്തിന്റെ കാരണങ്ങൾ കുറയുമെന്നും സർവ്വരാജ്യസഹകരണം കുറെക്കൂടി നിഷ്പ്രയാസം സാധിക്കുമെന്നും ഊഹിക്കാൻ കാരണമുണ്ട്.

ഓരോ രാജ്യങ്ങളിലുമുള്ള രാഷ്ട്രീയസിദ്ധാന്തങ്ങളിലും, ഘടനയിലുമുള്ള മാററവും സാർവ്വത്രികമായ സാമ്പത്തികസമത്വവും വിദൂരമായ ആദർശങ്ങളായേ ഇപ്പോൾ കാണുന്നുള്ളു. അതിനിടയ്ക്കു ലോകം വേറൊരു മഹായുദ്ധത്തിലേക്കു പായുന്നു. യഥാർത്ഥത്തിൽ, സാമ്പത്തികോന്നമനത്തിന്റെയും സാമ്പത്തികസമത്വത്തിന്റേയും പേരിൽ രണ്ടു സിദ്ധാന്തങ്ങൾ യുദ്ധംവെട്ടി രണ്ടും നശിപ്പിക്കാൻ കഴിവുള്ളതുപോലെ തോന്നുന്നു. ഇന്നത്തെ സർവ്വരാജ്യസംഘടനകൾക്കു് ഇതിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലേ? ആരും ചോദിച്ചേക്കാവുന്ന ഒരു ചോദ്യമാണതു്. നന്മതിന്മയുടെ സമ്മിശ്രമായ ഈ ലോകത്തിൽ, തിന്മയുടെ പ്രേരണയെ സമ്മതിക്കുന്നതോടുകൂടി, മനുഷ്യപ്രയത്നത്തിന്റെ ഫലമായി നന്മയുടെ പ്രവർത്തനത്തിന്റെ സാദ്ധ്യതകളേയും സമ്മതിക്കണം. ഭാവിയെപ്പററിയുള്ള ആശയ്ക്കുള്ള ഒരു വഴി അതാണു്. "ഒരേ ഒരു രാജ്യം അല്ലെങ്കിൽ ഒന്നും വേണ്ട," എന്നു പറയുന്നതിൽ ഭേദം, പരിമിതമായ ഇന്നത്തെ സർവ്വരാജ്യസംഘടന പല രാജ്യങ്ങളെ ഒന്നിച്ചുകൊണ്ടുവന്നു കഴിയുന്നത്ര യോജിപ്പുണ്ടാക്കുന്നതിൽ വിജയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയായിരിക്കും.

## 'ആയുരാരോഗ്യസൗഖ്യം'

ആരോഗ്യം വ്യക്തികളുടെയെന്നപോലെ സമുദായത്തിന്റെയും സുരക്ഷിതത്വത്തിന് അത്യാവശ്യമാണെന്നുള്ള വാസ്തവത്തിന് ഈയ്യിടെയായി പൂർവ്വാധികം അംഗീകരണം കിട്ടിത്തുടങ്ങിയിട്ടുണ്ട്. വൈദ്യസഹായം സർവ്വസാധാരണയായി നല്കുന്നതിനുള്ള ഏർപ്പാടുകൾ നിലവിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ പല രാജ്യങ്ങളിലും, സർവ്വരാജ്യസംഘടനകളിലും കഴിഞ്ഞ ഒരു ദശാബ്ദമായി കണ്ടുവരുന്നതു്, മററുതരത്തിൽ നിരാശാജനകമായ ഈ ലോകത്തിലെ സന്തോഷകരമായ ഒരു അടയാളമാണ്. ഈ ശ്രമങ്ങളുടെ ചില വശങ്ങളിലേക്ക് ഒരു 'വിഹഗവീക്ഷണം' നടത്തുന്നതു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

വേണ്ടുംവണ്ണമുള്ള വൈദ്യസഹായം സാമുദായികസ്വാസ്ഥ്യതയുടെ ഒരു മുഖ്യഭാഗമാണെന്ന അടിസ്ഥാനത്തിൽ, വൈദ്യസംബന്ധമായ സേവനത്തെ രൂപീകരിക്കാൻ ചില പൊതുനിയമങ്ങൾ, സർവ്വരാജ്യതൊഴിലാളിസംഘം, 1944-ൽ പ്രഖ്യാപിച്ചു. ഈ വിഷയത്തിൽ അനന്തരം ഉണ്ടായിട്ടുള്ള പുരോഗമനങ്ങൾ ഏറെക്കുറെ ഈ പ്രഖ്യാപിതമായ പൊതുനിയമങ്ങളെ അനുസരിച്ചു തന്നെയാണു്. വൈദ്യസഹായം, പ്രായേണ, രണ്ടു തരത്തിലാണു് രൂപീകരിച്ചു കണ്ടിട്ടുള്ളതു്: ഒന്നാമതു്, 'ഇൻഷ്വറൻസ്' സമ്പ്രദായത്തിനുള്ളിൽ, ഓരോരുത്തരും കൊടുക്കുന്ന 'പ്രീമിയം' ആസ്പദമാക്കി അവരവർക്കും മററു ബന്ധപ്പെട്ടവർക്കും വൈദ്യസഹായം ചെയ്യുകയും, അതുകൂടാതുള്ളവർക്കു പൊതുസഹായമായി വൈദ്യരക്ഷ

നല്കുകയും ചെയ്യുക; രണ്ടാമതു്, പൊതുവില്ലുള്ള ആശു പത്രികൾവഴി, സമുദായത്തിലെ ഓരോ അംഗത്തിനും ചികിത്സയ്ക്കു് അവകാശമുള്ളവിധം, ഗവമ്മേണ്ടുചെലവിൽ വൈദ്യസഹായം ചെയ്യുക. ഏതുതരത്തില്ലുള്ളതായാലും വൈദ്യരക്ഷ—രോഗങ്ങൾ വരാതെ ആരോഗ്യം പുലത്താനും, രോഗം വന്നാൽ ചികിത്സിച്ചു ഭേദമാക്കാനും ഉള്ള രക്ഷ—സകലക്കും, പണസംബന്ധമായോ ഭരണസംബന്ധമായോ, രാഷ്ട്രീയമായോ കാരണങ്ങൾ വിഘാതമാകാതെ കിട്ടേണ്ടതാണെന്നുള്ള പ്രധാന നിയമം, മുകളിൽ സൂചിപ്പിച്ച പ്രഖ്യാപനം നിദ്ദേശിക്കുന്നു. വൈദ്യരക്ഷ പല സമ്പ്രദായത്തില്ലും, പല വ്യവസ്ഥയില്ലും ആവാം; പൊതുവില്ലുള്ള വൈദ്യന്മാരും പ്രത്യേകതരത്തില്ലുള്ള വിദഗ്ദ്ധന്മാരും ആശുപത്രിക്കകത്തും, വെളിയില്ലും നല്കുന്ന ചികിത്സ, ദന്തചികിത്സ, പ്രസവചികിത്സ, ആതുരാലയങ്ങളില്ലും, പ്രത്യേകം സുഖവാസസ്ഥലങ്ങളില്ലും ഉള്ള സംരക്ഷണം, ശസ്ത്രക്രിയ, കൃത്രിമ അവയവങ്ങൾ ചേത്തുകൊടുക്കുക— ഇവയെല്ലാം ഈ നിദ്ദേശങ്ങളിൽ 'വൈദ്യരക്ഷ' എന്ന ശബ്ദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നു. വൈദ്യരക്ഷ എല്ലാ കാലത്തും, കാലപരിമിതം കൂടാതെ—അതായതു്, വൈദ്യപക്ഷപ്രകാരം ചികിത്സ ആവശ്യമുള്ള കാലാവധിവരെ, കൊടുക്കത്തക്കവിധം വൈദ്യസേവനങ്ങൾ പുഷ്ടിപ്പെടുത്തിക്കൊണ്ടു വരാൻ നിദ്ദേശിച്ച നിയമങ്ങൾമുഖേന സകല രാജ്യങ്ങളേയും ഈ പ്രഖ്യാപനം ഉൽഘോഷിപ്പിക്കുന്നു.

വൈദ്യരക്ഷയുടെ വ്യാപ്തി ഇപ്പോൾ മിക്ക രാജ്യങ്ങളില്ലും കൂടിവന്നുകൊണ്ടിരിക്കുന്നു. ഇൻഡ്യയില്ലും മററു് ഏഷ്യൻ രാജ്യങ്ങളില്ലും ആവശ്യമുള്ളവക്കു സൗജന്യമായി വൈദ്യസഹായം കൊടുക്കുക എന്നുള്ളതു്

ഒരു പാരമ്പര്യമായ പതിവാണ്; പക്ഷേ, യൂറോപ്യൻ രാജ്യങ്ങളിൽ, ഇൻഷ്വറൻസ് സമ്പ്രദായപ്രകാരമോ, അല്ലാതെയോ എല്ലാ രോഗികളും വൈദ്യസഹായത്തിൻെറ ചെലവിൽ ഒരു ഭാഗം വഹിക്കുകയെന്നുള്ളതു സധാരണയാണ്. ഫ്രാൻസ്, ഐസ്ലൻഡ്, ലക്സംബർഗ്, നോർവ്വേ, സ്വീഡൻ, സ്വിററ്സർലൻഡ്—ഈ രാജ്യങ്ങളിലെല്ലാം ഉള്ള വൈദ്യസഹായത്തിന്റെ സമ്പ്രദായമിതാണ്. പൊതുവിൽ ഗവമ്മേണ്ടുനിയമങ്ങൾക്ക് അധീനമായ ഒരു ഫണ്ടിലേക്കോ, അല്ലെങ്കിൽ സ്വകാര്യകമ്പനിക്കാരുടെ ഇൻഷ്വറൻസ്ഫണ്ടിലേക്കോ പ്രതിമാസം ഒരു തുക അടയ്ക്കുകയും, ചികിത്സ ആവശ്യമാണെന്നുവരുമ്പോൾ, അതിൻെറ ചെലവിലേക്ക് ഒരു നിശ്ചിതതുക—(സാധാരണയായി ആകെ ചെലവിൻെറ മുക്കാൽഭാഗം)—രോഗിക്കു സ്വീകരിക്കുകയും ചെയ്യാവുന്ന ഈ പതിവ്, പണത്തിനു ബുദ്ധിമുട്ടുവരുന്ന രോഗാവസ്ഥയിൽ ഒരു പ്രത്യേക സഹായമാണെന്നു മാത്രമല്ല, വേണ്ടപോലെ ചികിത്സചെയ്യുന്നതിനു് ഉതകുകയും ചെയ്യുന്നു. ഒരു ഫണ്ടിലേക്കു പ്രത്യേകം പണം കൊടുക്കത്തക്കവിധം പ്രാപ്തിയുള്ള ഒരു ഉയന്ന ജീവിതരീതിയുടെതോ, ചെലവു വളരെ കൂടിയ ഒരു ചികിത്സാസമ്പ്രദായത്തിൻെറയോ ഒരു പ്രതിബിംബമായിരിക്കാം ഈ രീതി. ഏതായാലും, ചെലവിനെ ഭയന്നു ചികിത്സയുപേക്ഷിക്കാനും, ചികിത്സയിലിരിക്കുമ്പോൾ ചെലവിനെ ഭയന്നു മനസ്സു പുണ്ണാക്കാനും സമ്മതിക്കാത്ത ഈ വൈദ്യരക്ഷാസമ്പ്രദായം ചില പരിതഃസ്ഥിതികളിൽ തീച്ച്യായും സ്വീകാര്യമാണ്.

പക്ഷേ, കുറേക്കൂടി കാര്യമായ അവസ്ഥ സമുദായത്തിൽ സകലക്കും സൗജന്യമായി വൈദ്യരക്ഷ നല്കാ

നുള്ള ഭാരം മുഴുവൻ ഗവമ്മേണ്ടു് ഏറെറടുക്കുന്നതാണു്. ഇന്നു നിലവിലിരിക്കുന്ന സൗജന്യവൈദ്യരക്ഷാരീതികളിൽ ഏററവും മികച്ചതും, വിപുലമായതും 1948 ജൂലായി 5–ാംതീയതി ഇംഗ്ലണ്ടിൽ നടപ്പാക്കിയ 'ദേശീയ ആരോഗ്യസേവനം' ആണെന്നുള്ളതിനു സംശയമില്ല. ഈ സേവനപ്രകാരം, ഇംഗ്ലണ്ടിലെ ആളുകൾക്കു മുഴുവൻ—വയസ്സോ, പ്രാപ്തിയോ, മററു വ്യത്യാസങ്ങളോ നോക്കാതെ ഏതു കാരണംകൊ ണ്ടുവന്നാലും, എത്ര വേണ്ടിവന്നാലും, വൈദ്യസഹായം സൗജന്യമായി കിട്ടുന്നു. മാനസികവും, ശാരീരികവും ആയ ആരോഗ്യം പുലത്താനും, രോഗങ്ങൾ വരുത്താതിരിക്കാനും വന്നാൽ മാററാനുമുള്ള ചികിത്സകൾക്കു്, വൈദ്യസഹായം കിട്ടുന്നതാണു്. ഈ ആരോഗ്യസേവനത്തിനു പ്രധാനമായി അഞ്ചു ഭാഗങ്ങളാണു് ഉള്ളതു്. സാധാരണഡോക്ടരുടേയോ, കുടുംബഡോക്ടരുടേയോ സേവനം, മരുന്നുസാമാനങ്ങൾ വിതരണം ചെയ്യാനുള്ള സേവനം, ദന്തചികിത്സയും, കണ്ണുചികിത്സയും ചെയ്യാനുള്ള സേവനം, ആശുപത്രികളും, പ്രത്യേക സേവനങ്ങളും, തദ്ദേശഭരണാധികാരികളുടെ ചുമതലയിലുള്ള പൊതുജനാരോഗ്യസേവനങ്ങളും, ബാലചികിത്സ, പ്രസവചികിത്സ മുതലായവയും—ഇങ്ങനെയാണു് ആ അഞ്ചു ഭാഗങ്ങൾ.

ഇംഗ്ലണ്ടിലെ ഈ ദേശീയ ആരോഗ്യസേവനം ഇപ്പോൾ അഞ്ചു കൊല്ലമായി പ്രവത്തിച്ചുവരുന്നു. ഇതിന്റെ ഭരണഘടനയും, പ്രായോഗികഫലങ്ങളും, തികച്ചും തൃപ്തികരങ്ങളാണെന്നു കേൾക്കുന്നു. ആരോഗ്യസേവനത്തിൻെറ മുഴുവൻ ചുമതലയും വഹിക്കാൻ ഒരു ആരോഗ്യമന്ത്രിയുണ്ടു്; ആ ചുമതല മൂന്നു സംഘടനകൾവഴി

നിർവ്വഹിക്കപ്പെട്ടുന്നു. ഒന്നാമതു്, ഓരോ സ്ഥലത്തും പൊതുവിലുള്ള ഒരു 'വൈദ്യസേവനസമിതി'; ഓരോ ജില്ലയിലും ഉള്ള വൈദ്യസേവനത്തിൻെറ മേൽനോട്ടം ഈ സമിതിയുടെ ചുമതലയാണു്. ആരോഗ്യമന്ത്രിയാൽ നിയമിതരായ നാലു് അംഗങ്ങൾ, തദ്ദേശഭരണാധികാരികൾ നിയമിച്ച എട്ടു് അംഗങ്ങൾ, ഏഴ ഡോക്ടർമാർ, മൂന്നു ദന്തവൈദ്യന്മാർ, രണ്ടു മരുന്നുവില്പനക്കാർ, ഒരദ്ധ്യക്ഷൻ ഇങ്ങനെയാണു് ഈ ഓരോ സമിതികളും രൂപീകരിച്ചിട്ടുള്ളതു്. ഡോക്ടർമാരെ പ്രതിനിധീകരിക്കുന്ന ഒരു കമ്മിററി ഈ സമിതിയെ സഹായിക്കുന്നു; ഏതെല്ലാം സ്ഥലത്തു് എത്ര ഡോക്ടർമാരെ ആവശ്യമുണ്ടു് എന്ന പ്രധാനകാര്യം ഈ കമ്മിററി മുഖാന്തരമാണു് നിശ്ചയിക്കുന്നതു്. സാധാരണയായി, ഓരോരുത്തരും ഏതു ഡോക്ടരുടെ ചികിത്സ സ്വീകരിക്കാൻ ഇഷ്ടപ്പെട്ടുന്നുവോ, ആ ഡോക്ടരുടെ ലിസ്റ്റിൽ പേരു റജിസ്റ്റർ ചെയ്യുകയും, ഇങ്ങനെയുള്ള ലിസ്റ്റിൽ എത്ര പേർ ഉണ്ടെന്നുള്ളതനുസരിച്ചു ഡോക്ടരുടെ പ്രതിഫലം ഗവൺമേണ്ടു് കൊടുക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായവുമാണു് ഏർപ്പെടുത്തിയിട്ടുള്ളതു്. ഇപ്രകാരം 1952 ജൂലായിമാസം 18,096 ഡോക്ടർമാർ ഇംഗ്ലണ്ടിലും, വെയിൽസിലും പ്രവർത്തിച്ചുവന്നു. ഓരോ ഡോക്ടരും 3500 (ഒന്നിലധികം ഡോക്ടർ ഒരുമിച്ചു പ്രാക്ടീസു ചെയ്യുമ്പോൾ 5000 വരെ) രോഗികളെവരെ ചികിത്സിക്കാനുള്ള ചുമതല ഏറെറടുക്കും; ശരാശരി ഒരു രോഗിക്കു് ഒരു കൊല്ലത്തേക്കു് 17 ഷില്ലിങ്ങു് കണക്കുവെച്ചു ഗവൺമേണ്ടു് ഡോക്ടർക്കു പ്രതിഫലം കൊടുക്കുന്നു; 500–ൽ കൂടുതൽ രോഗികളുടെ എണ്ണമായാൽ ഈ ശരാശരികണക്കിൽ കൂടുതൽ പ്രതിഫലനിരക്കും വെച്ചിട്ടുണ്ടു്.

ആശുപത്രിയിലെ ചികിത്സയ്ക്കുവേണ്ട ചെലവിൻെറ കൂടുതൽ വിചാരിച്ച്, ആശുപത്രിയിൽവെച്ചുമാത്രമേ ചികിത്സിക്കാവൂ എന്നുള്ള രോഗികളെ മാത്രമേ അങ്ങോട്ടു താമസിക്കാൻ അയയ്ക്കാവൂ എന്ന നിർദ്ദേശത്തിന് ആനുകൂല്യം കൊടുത്തിട്ടുണ്ട്. ശരാശരി ഏഴ് ആശുപത്രികളും, 1300 കിടക്കകളും ചേൎന്ന ഓരോ സംഘങ്ങളായി ആശുപത്രികളെ സംഘടിപ്പിച്ചിരിക്കുന്നു. ഓരോ ജില്ലയിലും, ഈ ആശുപത്രികളുടെ ഭരണത്തിന്റെ മേൽനോട്ടത്തിനായി ഒരു ആശുപത്രിസമിതി സ്ഥാപിതമായിട്ടുണ്ട്. മുമ്പു സൂചിപ്പിച്ച ആരോഗ്യസേവനഘടനയുടെ രണ്ടാമത്തെ ഘടകം ഇതാണ്. ഈ സമിതിയുടെ കീഴിൽ, ഓരോ ആശുപത്രിയോ, ആശുപത്രിസംഘമോ, പ്രവൎത്തിക്കുന്നതിന്ന് അനേക 'ആശുപത്രികമ്മിറ്റി'കളും രൂപീകരിച്ചിട്ടുണ്ട്. 1952 ഒടുവിൽ 507,368 'കിടക്കകൾ,' ഈ ആശുപത്രികളിൽ ഉണ്ടായിരുന്നു; പക്ഷേ, എന്നിട്ടും, ഏകദേശം 500,000-ത്തിൽപരം ആളുകൾ ആശുപത്രിയിൽ പ്രവേശനം കിട്ടാൻ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ഇത്ര നിഷ്കൎഷയോടെ ധനാഢ്യമായ ഒരു രാജ്യം ആശുപത്രികൾ സ്ഥാപിച്ചിട്ടും, വേണ്ടവൎക്കെല്ലാം പ്രവേശനം കിട്ടാതെവരുമ്പോൾ നമ്മുടെ നാട്ടിലെ രോഗികൾ കവിഞ്ഞൊഴുകുന്ന ആശുപത്രികളിലെ ശോചനീയമായ സ്ഥിതിയെപ്പററി ഒരുപക്ഷേ, അത്ര അത്ഭുതപ്പെടാനില്ലായിരിക്കാം; അഥവാ, നമ്മുടെ ആളുകൾക്ക് രോഗവുംകൊണ്ടു വീട്ടിലിരിക്കുന്ന പതിവായിരിക്കാം അധികം. (വീട്ടിലിരുന്നു് ആശുപത്രിചികിത്സ നേടിയവരുടെ എണ്ണവും ഇംഗ്ലണ്ടിൽ, 1953-ൽ 6,600,000-ത്തിനു മേലെ ആയിരുന്നു.) പൊതുവില്ലുള്ള ഡോക്ടർമാരും, ആശുപത്രികളും മുഖാന്തരം കൊടുക്കുന്ന വൈദ്യസഹായം

കൂടാതെ തദ്ദേശഭരണാധികാരികൾ പൊതുജനാരോഗ്യകേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യസേവനത്തിൻെറ മൂന്നാംഘടകമായ ഈ സ്ഥാപനങ്ങളിൽ പ്രസവത്തിനു മുമ്പും, പിമ്പും ഉള്ള ചികിത്സയും, കുട്ടികൾക്കുവേണ്ടിയുള്ള രക്ഷയും, മററു ചില ചികിത്സകളും സൗജന്യമായി കൊടുക്കുന്നു. വീടുകളിൽ ചെന്നു വൈദ്യസഹായം കൊടുക്കാനും, സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും, പാലും കൊടുക്കാനുംമററുമുള്ള ഏർപ്പാടുകളും ഈ ഭരണാധികാരികളുടെ ചുമതലയിൽ ഉൾപ്പെട്ടതാണ്.

മേൽ സൂചിപ്പിച്ചപ്രകാരം വിപുലമായ ഒരു ആരോഗ്യസേവനം നടപ്പിൽവരുത്തുന്നതിനു വമ്പിച്ച ഒരു തുക ആവശ്യമുണ്ട്. 1951—'52-ൽ 434,000,000 പവനാണ് ആകെ ചെലവു വേണ്ടിവന്നതു്. ഇതിൽ ഒരു ചെറിയ ഓഹരിയേ (36,000,000), ഇൻഷ്വറൻസ് ഫണ്ടിൽനിന്നുമുള്ളു. ബാക്കി പൊതുകരത്തിൽനിന്നും ഈ സേവനത്തിന്നായി ഉപയോഗപ്പെടുത്തിയതാണ്. 1952-ൽ പാസ്സാക്കിയ ഒരു നിയമപ്രകാരം ചില ചില്ലറസാധനങ്ങൾക്കു (പ്രത്യേകതരം ഷൂസ്സിനും മററും) വില കൊടുക്കേണ്ടതായി വന്നിട്ടുണ്ടെങ്കിലും, രോഗസംബന്ധമായ ആവശ്യങ്ങൾ ഇത്ര ഉയൎന്ന രീതിയിൽ, ഇത്ര സുഗമവും, സൗജന്യവും ആയവിധം സകലൎക്കും കിട്ടുന്ന വേറെ രാജ്യം ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇൻഡ്യയെ സംബന്ധിച്ചേടത്തോളം, നമ്മുടെ ആരോഗ്യസേവനശ്രമങ്ങൾ—ഗവൎമ്മേണ്ട്വക ആശുപത്രികൾ കണക്കാക്കിയാലും, സ്വകാര്യമായി പുഷ്ടിപ്പെടുത്തിവന്നിട്ടുള്ള ആശുപത്രികളും വൈദ്യശാലകളും മററും,

കണക്കാക്കിയാലും—ആവശ്യത്തിൻെറ അനവധിഭാഗം പിന്നിൽ നില്ക്കുന്നതേയുള്ളു. പൊതുജനാരോഗ്യത്തെപ്പററി അന്വേഷിച്ചു വേണ്ട നിർദ്ദേശങ്ങൾ ചെയ്യാൻ 1946–ൽ നിയമിച്ച 'ഭോർകമ്മിററി', നാടൊട്ടുക്കു പരിപൂർണ്ണമായ ഒരു ആരോഗ്യസേവനം നടപ്പിൽ വരുത്താനുള്ള ഒരു 'നാല്പതുകൊല്ലത്തെ പരിപാടി' രൂപാശ്ചെയ്തിരുന്നു. ഈ പരിപാടിപ്രകാരം, 'പ്രാഥമിക', 'ദ്വിതീയ','ജില്ലാ'സംഘങ്ങൾ രൂപീകരിച്ചു പൊതു സാമുദായികപ്രവർത്തകന്മാരുടെ സഹകരണത്തോടുകൂടി സുഖക്കേടുകൾ വരാതിരിക്കാനും, വന്നാൽ ഭേദമാക്കാനുമുള്ള ചികിത്സാസമ്പ്രദായങ്ങൾ സമുദായത്തിനു മുഴുവൻ കിട്ടത്തക്കവണ്ണം നടപ്പിലാക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. ഒരു പ്രാഥമികസംഘം, 20,000 ആളുകളുടെ വൈദ്യരക്ഷയ്ക്കു ചുമതലപ്പെട്ടതാണ്; 75 കിടക്കകളുള്ള ആശുപത്രിയും, 6 ഡോക്ടർമാരും, (രണ്ടോ മൂന്നോ സ്ത്രീകൾ) മററു് ഉദ്യോഗസ്ഥന്മാരും അതിൽ അടങ്ങിയിരിക്കുന്നു; മുപ്പതു പ്രാഥമികസംഘങ്ങൾ ചേർന്നു 'ദ്വിതീയ'സംഘവും, അഞ്ചു 'ദ്വിതീയ'സംഘങ്ങൾ ചേരുന്നതു ജില്ലാസംഘവുമായി രൂപീകരിക്കാനാണ് ഈ നാല്പതുകൊല്ലത്തെ പരിപാടി നിർദ്ദേശിക്കുന്നതു്. അതിലും കുറേക്കൂടി മിതമായ നിലയ്ക്കുള്ള രണ്ടു പഞ്ചവത്സരപദ്ധതികളും ഈ കമ്മിററി രൂപാശ്ചെയ്തിരുന്നു. ഇപ്പോൾ നടപ്പിൽ വന്ന ഇന്ത്യാഗവമ്മേണ്ടിൻെറ പഞ്ചവത്സരപദ്ധതികൾ പ്രകാരം, 1955—'56–ലേക്കു് ആശുപത്രികിടക്കകൾ 106,500–ൽനിന്നു് 117,200 ആയും, പട്ടണങ്ങളിലെ ഡിസ്പൻസറികൾ 1358–ൽനിന്നു് 1615 ആയും, ഉൾനാടുകളിലെ ഡിസ്പൻസറികൾ 5229–ൽനിന്നു് 5840 ആയും വർദ്ധിച്ചു. 1965—'66–ലേക്കു് ആകെ ആശു

പത്രികകളുടെ സംഖ്യ 14,600 ആക്കാനും, ആശുപത്രി കിടക്കകളുടെ എണ്ണം 190,000 ആക്കാനും ആണു് ഉദ്ദേശിച്ചിട്ടുള്ളതു്.

വൈദ്യസേവനത്തിൻെറ ഭാവിയെപ്പററി ആലോചിക്കുമ്പോൾ പ്രധാനമായി രണ്ടുതരത്തിലുള്ള കാര്യങ്ങളാണു് ഓൎമ്മിക്കേണ്ടതു്; ഒന്നാമതു്, ഉൾനാട്ടുകളിൽ താമസിക്കുന്നവക്കു തൃപ്തികരമായ വൈദ്യസഹായം കിട്ടത്തക്കവണ്ണമുള്ള ഏൎപ്പാട്ടുകൾ ചെയ്യുന്നതിനെപ്പററിയുള്ള പ്രശ്നങ്ങൾ; രണ്ടാമതു്, പട്ടണങ്ങളിലെ വ്യാവസായികതൊഴിലാളികൾക്കു വൈദ്യരക്ഷ നല്കുന്നതിനുള്ള സംഘടനാസംബന്ധമായ പ്രശ്നങ്ങൾ. ക്രമമായി ജോലി ചെയ്തു വേതനം സ്വീകരിച്ചു കൂട്ടംകൂട്ടമായി താമസിക്കുന്ന വ്യാവസായികതൊഴിലാളികൾക്കു് ഇൻഷ്വറൻസ് സമ്പ്രദായത്തിനുള്ളിൽ വൈദ്യസഹായം കൊടുക്കുന്ന പതിവു് പല രാജ്യങ്ങളും അനുകരിച്ചിട്ടുള്ളതാണു്. തൊഴിൽശാലകളിൽ 400ക.വരെ മാസപ്പടിയുള്ളവക്കുവേണ്ടി ഈമാതിരി ഒരു ഇൻഷ്വറൻസ്‌രീതി 1953 മുതൽ ഡൽഹിയിലും. കാൺപൂരിലും നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടു്. കാലക്രമേണ ഇൻഡ്യയിലെ എല്ലാ വ്യവസായകേന്ദ്രങ്ങളിലും ഈ സമ്പ്രദായം വികസിച്ചുവന്നിട്ടുണ്ടു്. തൊഴിലാളികളും, മുതലാളികളുംകൂടി പണം ശേഖരിച്ചു്, ഗവൎമ്മേണ്ടു് ആഭിമുഖ്യത്തിൽ നടത്തുന്ന ഈ ഇൻഷ്വറൻസ് നല്കുന്ന പല സഹായങ്ങളിൽ ഒന്നു മാത്രമാണു് വൈദ്യസഹായം; സുഖക്കേടായിരിക്കുമ്പോൾ (ഒരു കൊല്ലത്തിൽ എട്ടാഴ്ചവരെ) ശമ്പളം കൊടുക്കുക, പ്രസവരക്ഷാസമയത്തു ശമ്പളം കൊടുക്കുക, ജോലിചെയ്യുമ്പോൾ അപകടം വന്നാൽ സഹായം ചെയ്യുക, അപ്രകാരമുള്ള അപകടംമൂലം മരണം സംഭവിക്കുകയാ

ണെങ്കിൽ ശേഷിച്ച ഭാര്യയ്ക്കും കുട്ടികൾക്കും സഹായധനം കൊടുക്കുക---ഇവയെല്ലാമാണു് ഈ ഇൻഷ്വറൻസിന്റെ മററു ഗുണങ്ങൾ. വൈദ്യസഹായത്തെ സംബന്ധിച്ചിടത്തോളം, ഈ സമ്പ്രദായത്തിനുള്ളിൽ ഇൻഷ്വറൻസ് കോപ്പറേഷൻ ഏറ്റപ്പാടുചെയ്യുന്ന വൈദ്യസേവനങ്ങൾ, പൊതുദേശീയവൈദ്യസേവനത്തോടു ഘടിപ്പിക്കുകയും, എന്നാൽ തൊഴിലാളികൾക്കു വേണ്ടവിധം ചികിത്സ കിട്ടത്തക്കവണ്ണം വേണ്ടിവന്നാൽ പ്രത്യേക ആശുപത്രികൾ സ്ഥാപിക്കുകയും ആയിരിക്കും പ്രധാന പ്രശ്നങ്ങൾ.

ഇന്നത്തെ വലിയ ആശുപത്രികളും, മികച്ച ഡോക്ടർമാരും, വൈദ്യന്മാരും, പ്രായേണ പണവും പേരും പെരുത്തുള്ള പട്ടണങ്ങളിലാണു്. ഇന്ത്യൻഗ്രാമങ്ങളിലുള്ള ബഹുസഹസ്രം ആളുകൾക്കു വൈദ്യസഹായം കൊടുക്കുകയും, അവരുടെ ആരോഗ്യത്തെ പുലത്തുകയും ചെയ്യുകയെന്നുള്ളതു ദേശീയപുരോഗമനത്തിനു് അത്യാവശ്യമായ കാര്യങ്ങളിൽ ഒന്നാണു്. ഈയിടെ തുടങ്ങിയ സാമുദായികപ്രസ്ഥാന(Community projects)ങ്ങൾവഴി ഗ്രാമങ്ങളിലെ സാമ്പത്തികവും, സാമുദായികവും ആയ ജീവിതത്തിനെ പുഷ്ടിപ്പെടുത്താനുള്ള ശ്രമങ്ങളിൽ, വൈദ്യസഹായവും, ആരോഗ്യസേവനവും പ്രദാനം ചെയ്യാനുള്ള പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ടു്. അതിൻെറ പ്രവത്തനം ഏതുവിധമാണെന്നു ഭാവിക്കു മാത്രമേ അറിഞ്ഞുകൂടൂ. വൈദ്യസഹായത്തിനോടൊപ്പം, അഥവാ, അതിനേക്കാൾ പെട്ടെന്നു് ആവശ്യം, പൊതുജനാരോഗ്യസംബന്ധമായ പ്രവൃത്തികളാണു്; ഈ ആവശ്യത്തെ ആസ്പദമാക്കിയാണു്, ആദ്യത്തെ പഞ്ചവത്സരപദ്ധതി, ഗ്രാമശുചീകരണം, ശുദ്ധജലവിതരണം, ആരോഗ്യസംഘങ്ങൾവഴി സുഖക്കേടുകൾ വരാതിരിക്കാനുള്ള

മാറ്റങ്ങൾ—ഇവയ്ക്കു പ്രാധാന്യം കൊടുത്തിരിക്കുന്നതു്. മുമ്പു സൂചിപ്പിച്ചതുപോലെ, പ്രാഥമികസംഘങ്ങൾവഴി ഗ്രാമങ്ങളിലെ വൈദ്യസേവനസംഘടനകൾ വികസിപ്പിക്കുന്നതിലും, പഞ്ചവത്സരപദ്ധതികൾ ശ്രദ്ധ കാണിച്ചിട്ടുണ്ടു്.

ജീവിതത്തിൽ ആവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുന്നതിന്നു്, കൃഷകനും, വ്യാവസായികത്തൊഴിലാളിക്കും, മററു് ഓരോരുത്തക്കും, ആരോഗ്യം ആവശ്യമാണെന്നുള്ളതു കൂടാതെ, മാനസികവും ശാരീരികവും ആയ വികാസം രോഗമില്ലാത്ത അവസ്ഥയെ ആശ്രയിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണമെന്നില്ലല്ലൊ. ഇതിൽനിന്നു് ഒരു സമുദായത്തിൻെറ ഭൗതികവും, ആത്മീയവുമായ ശ്രേയസ്സു്, ആരോഗ്യത്തിൻെറ നിലയെ അനുസരിച്ചിരിക്കും എന്നു സിദ്ധിക്കുന്നു. അമേരിക്കയിൽ ഒരാൾക്കു ശരാശരി 60 വയസ്സിനുമേൽ ജീവിക്കാൻ ആശിക്കാമെങ്കിൽ, ഇന്ത്യയിൽ ആ ആശ മുപ്പതു വയസ്സിനുമേൽ നില്ക്കേണ്ടിവരുന്നു. നമ്മുടെ ഈ പരിതാപകരമായ സ്ഥിതി മാറണമെങ്കിൽ, ആരോഗ്യത്തിനുവേണ്ടി കാംക്ഷിച്ചാൽ മാത്രം പോരാ, അതിനുവേണ്ടി പ്രവത്തിക്കുകയും ചെയ്യണം.

★

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 300 Acc. No. 33523

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

300

33523

കുമാർ. സി. ബി

സാമൂഹ്യചിന്തകൾ

KOTTAYAM PUBLIC LIBRARY

Call No. 300 Acc. No. 33523

Author അലൻ. സി. ബി

Title സ്വാതന്ത്ര്യചിന്തകൾ

Indic Digital Archive Foundation

gpura.org